-5 MAR 1935
MADRAS

# ഗുരുനാഥൻ.

പുസ്തകം 14 | 1110 ധനു. | ലക്കം 5

## പുംസ്ത്രീ സഹവിദ്യാഭ്യാസം.

(ആർ. ഈശ്വരപിള്ള ബി. എ.)

ഇൻഡ്യയിൽ ഇന്നു പരീക്ഷണഘട്ടത്തിൽ ഇരിക്കുന്ന കൂട്ടവിദ്യാഭ്യാസം അമേരിക്കയിൽ ഇന്ന് ആ ഘട്ടത്തെ അതിലംഘിച്ച ഒരു സുസ്ഥിര ഏൎപ്പാടായിട്ടാണ് ഇരിക്കുന്നതു്. ഡാക്ടർ സുധീന്ദ്രബോസ് ഇതേപ്പററി ശ്രദ്ധേയവും ചിന്താദ്യോതകവും ആയ ഒരു ലേഖനം മാഡേൺറവ്യൂ എന്ന മാസികയിൽ എഴുതിയിട്ടുണ്ട്. ഈ ഏൎപ്പാടിന് ഒരുൻപതുകൊല്ലത്തെ പഴക്കമുണ്ടെന്നും സാൎവത്രികവുമാണെന്നും ആണ് അദ്ദേഹം പറയുന്നതു്.

കൂട്ടവിദ്യാഭ്യാസം സന്മാൎഗ്ഗവ്യതിചലനത്തിനു ഹേതുവായി ഭവിക്കുമെന്നാണു പലരുടേയും ഭയം. എന്നാൽ ഈ ഭയം അടിസ്ഥാനരഹിതമാണെന്ന് ഇപ്പോൾ പ്രത്യക്ഷമായി അനുഭവംകൊണ്ടു തെളിഞ്ഞിരിക്കുന്നു. അമേരിക്കയിൽ എല്ലാത്തരം വിദ്യാലയങ്ങളിലും സൎവ്വകലാശാലകളിലും അനാശാസ്യസംഭവങ്ങളൊന്നും കൂടാതെ സഹവിദ്യാഭ്യാസം കാൎയ്യക്ഷമമാകുംവണ്ണം നടത്തിപ്പോരുന്നു എന്നുള്ളതു നമുക്ക് ഒരു അനുകരണീയമായ പ്രായോഗികോദാഹരണം നൽകുന്നു. ബാലന്മാൎക്കും ബാലികമാൎക്കും പ്രത്യേകം വിദ്യാലയങ്ങൾ വേണമെന്നു വാദിക്കുന്നവർ ഇനിയെങ്കിലും കണ്ണുതുറന്നുനോക്കിയാൽ നന്നായിരിക്കും. വിദ്യാഭ്യാസം സ്ത്രൈണമോ പൌരുഷേയമോ ആയ ഒരു കാൎയ്യമല്ല, അതു മാനുഷീയമാണ്. ആദ്യകാലങ്ങളിൽ സ്ത്രീകൾക്കു മനുഷ്യസാധാരണങ്ങളായ അവകാശങ്ങളെ പലതിനേയും നിഷേധിച്ചിരുന്നതിനു പുരുഷന്മാർ ഇനിയും പരിഹാരം ചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നതു്. പുരുഷന്മാർ സ്ത്രീകൾക്കു തുല്യസ്വാതന്ത്ര്യം നൽകാതിരിക്കുന്നിടത്തോളംകാലം മനുഷ്യന്റെ പുരോഗമനം വിളംബിതമായിതന്നെ ഇരിക്കും. ഇതു സന്മാൎഗ്ഗവ്യതിചലനത്തിന് ഇടകൊടുക്കുമെന്നുള്ളതാണ് ഇന്നു പലരും മുമ്പോട്ടുകൊണ്ടുവരുന്ന പ്രധാനകാരണം. എന്നാൽ

ഈ വിഷയത്തിൽ ചിലതെല്ലാം ആലോചിക്കേണ്ടതായിട്ടുണ്ട്. ബാലികമാരേയും ബാലന്മാരേയും ഒരു കൃത്രിമപ്രതിബന്ധംകൊണ്ട് അകററി നിറുത്തുന്നതല്ലയോ സന്മാർഗ്ഗവ്യതിചലനത്തിന് അധികം ഇടകൊടുക്കുന്നതു്. ഒന്നാമതായി ബാലികമാരുടെ വിദ്യാലയഭരണാധികാരികൾ ബാലന്മാരുടെമേലും ബാലന്മാരുടെ വിദ്യാലയഭരണാധികാരികൾ ബാലികമാരുടെമേലും അധികാരമില്ലാതിരിക്കുമ്പോഴല്ലയോ അവരുടെ ഇരുകൂട്ടരുടേയും അന്യോന്യപെരുമാററം അനിയന്ത്രിതമായി ഭവിക്കുന്നതു്. വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും ഒരേ ഭരണത്തിൻകീഴിലിരിക്കുന്നതായാൽ ഇരുകൂട്ടൎക്കും ഭയത്തിനും സങ്കോചത്തിനും വഴിയുണ്ട്. എന്നുമാത്രമല്ല, മിശ്രവിദ്യാലയങ്ങളിലെ അന്തരീക്ഷം ആപേക്ഷികമായി പരിശുദ്ധമായിരിക്കാനെ തരമുള്ളു. ഇതുകൂടാതെ വിദ്യാൎത്ഥിനികളുടെ സാന്നിദ്ധ്യം വിദ്യാൎത്ഥികളുടെ ചാപല്യങ്ങളെ നിയമനം ചെയ്യുന്നതിനും പൎയ്യാപ്തമായി ഭവിക്കുന്നു. ബാലികമാൎക്കോ ബാലന്മാൎക്കോ പ്രത്യേകമുള്ള വിദ്യാലയങ്ങളിൽ കണ്ടേക്കാവുന്ന നടത്തയിലൊ സ്വഭാവത്തിലൊ ഉള്ള "സ്രസ്തത" മിശ്രവിദ്യാലയങ്ങളിൽ ഒരിക്കലും കാണാൻ വഴിയില്ല. ഇരുകൂട്ടരും ഇവിടെ സ്വല്പമായ ആത്മാഭിമാനത്തിനു വശംവദരായി ഭവിക്കുന്നു. യുവതികളുടെ മുമ്പിൽ യുവാക്കന്മാൎക്കും യുവാക്കന്മാരുടെ മുമ്പിൽ യുവതികൾക്കും സൗശീല്യസൗജന്യാദിഗുണങ്ങൾകൊണ്ടു പ്രശോഭിക്കണമെന്നുള്ള ആഗ്രഹം അവരെ വ്യതിചലനത്തിൽനിന്നു തടയുന്നു. ഇരുകൂട്ടൎക്കും പരസ്പരദൃഷ്ടിയിൽ മാതൃകാമനുഷ്യരായി വൎത്തിക്കുന്നതിനുള്ള മോഹം അവരെ സ്വഭാവദൂഷണത്തിൽനിന്നും മററു ചാപല്യങ്ങളിൽനിന്നും തടഞ്ഞു നിറുത്തുന്നു. വിദ്യാൎത്ഥികളെന്നുള്ള സമാനഗുണം അവരിൽ സോദരീസോദരഭാവത്തേയും നിഷ്കാമസഖ്യത്തേയും ഉല്പാദിപ്പിക്കയുംകൂടി ചെയ്യുന്നു. വിദ്യാലയങ്ങളിൽ അദ്ധ്യാപകന്മാരും അദ്ധ്യാപികമാരുമുള്ളതിനാൽ ബാലന്മാരുടേയും ബാലികമാരുടേയും നില സദാ സുരക്ഷിതമായിത്തന്നെ ഇരിക്കും. യുണൈറെറഡ് സ്റ്റേററ്സിലെ വിദ്യാഭ്യാസമേലദ്ധ്യക്ഷൻ പറയുന്നതുനോക്കുക "നൈതൃത്യം സുരക്ഷിതമാകണമെങ്കിൽ ബാലികാബാലന്മാരെ ഒന്നിച്ചിരുത്തി വിദ്യ അഭ്യസിപ്പിക്കണമെന്നു ഞാൻ ഉപദേശിക്കുന്നു. എന്തുകൊണ്ടെന്നാൽ രണ്ടു ബാലന്മാൎക്കു പന്ത്രണ്ടു ബാലികമാരേയും രണ്ടു ബാലികമാൎക്കു പന്ത്രണ്ടു ബാലന്മാരേയും അശ്ലീലഭാഷണങ്ങളുടേയും കുത്സിതങ്ങളായ ഫലിതങ്ങളുടേയും മലിനതയിൽനിന്നു വിമുക്തരാക്കുന്നതിനു കഴിയും; എന്തുകൊണ്ടെന്നാൽ സഹജബുദ്ധിയാണ് അഭ്യസനമല്ല, സ്വാഭാവിക നൈതൃത്യത്തിൻെറ നിദാനം. എന്നാൽ പെൺകുട്ടികൾ മാത്രമുള്ള വിദ്യാലയങ്ങളിലൊ, വിശേഷിച്ചും ആൺകുട്ടികൾ മാത്രമുള്ളവയിലൊ ഈ വിഷയത്തിൽ ഞാനൊന്നും ഭരമേല്ക്കുകയില്ല".

സന്മാൎഗ്ഗവ്യതിചലനത്തിനുള്ള പ്രധാനഹേതു വിദ്യാലയങ്ങളിലുള്ള ബാലികാബാലന്മാരുടെ കൃത്രിമമായ വേർതിരിപ്പാണെന്നും പറയപ്പെട്ടിരിക്കുന്നു. സഹവിദ്യാഭ്യാസം ബാലികാബാലന്മാരിൽ അവിഹിതചിന്തകളെ വളൎത്തുന്നു എന്നു പറയുന്നതു് ഈ വിഷയത്തിലുള്ള അജ്ഞതയൊ അനുഭവക്കുറവൊ നിമിത്തമായിരിക്കാനെ തരമുള്ളു. വല്ല പ്രവൃത്തികളിലും സ്ത്രീപുരുഷന്മാരെ വേർതിരിച്ചു നിറുത്തേണ്ട ആവശ്യം പക്ഷെ, ഉണ്ടായിരിക്കാം. എന്നാൽ നിശ്ചയമായിട്ടും വിദ്യാഭ്യാസം അങ്ങനെയുള്ള ഒരു വിഷയമല്ല; ഇന്നു സഹകരണമാണു ലോകത്തിന് അത്യാവശ്യമായിരിക്കുന്നതു്. അപ്രകാരമുള്ള സഹകരണപരിശീലനത്തിൽ വിദ്യാലയങ്ങളെപ്പോലെ പററിയ ശിക്ഷണപാഠശാലകൾ മറെറാന്നുംതന്നെയില്ല. അതിനു തക്കതായ പ്രായവും ബാല്യംതന്നെയാണു്. ഇങ്ങനെ സ്ഥലസൗകൎയ്യവും സമയസൗകൎയ്യവും ഒന്നിച്ചുചേൎന്നിരിക്കുമ്പോൾ അവയെ വിസ്മരിച്ചു വഴിതെററിപ്പോകുമെന്നുള്ള അസ്ഥാനശങ്കയും വച്ചുംകൊണ്ടു് ഒരു വിലയേറിയ അവസരത്തെ ത്യജിക്കുന്നതു മൗഢ്യമല്ലെങ്കിൽ പിന്നെ എന്താണു്?

ഒരു കാലത്തു സ്ത്രീകൾക്കു വിദ്യാഭ്യാസം ആവശ്യമില്ലെന്നും അഥവാ പാടില്ലെന്നുംകൂടി അഭിപ്രായവും നിർബന്ധവും പക്ഷെ പ്രമാണങ്ങളുംകൂടിയുണ്ടായിരുന്നു. അക്കാലം ഇനി തിരികെ വരാതെവണ്ണം പോയ്ക്കഴിഞ്ഞു. പിന്നീടു് അഭിപ്രായഗതിയൊന്നുമാറി. അവൎക്കും കുറച്ചുവല്ലതുമൊക്കെ വായിക്കയൊ പഠിക്കയൊ ചെയ്യാമെന്ന് അൽപം അഴിഞ്ഞമട്ടിലായി. പ്രാഥമികവിദ്യാഭ്യാസം അവൎക്കും ഇരിക്കട്ടെ എന്നു തീൎച്ചയാക്കി. ഈ ഇടയ്ക്കു് അവിടെനിന്നും തെററി. എല്ലാത്തരം വിദ്യാഭ്യാസവും അവൎക്കും നൽകണമെന്നും തീൎച്ചയാക്കി. എന്നാൽ പ്രത്യേകവിദ്യാലയങ്ങളിൽ വേണം എന്നൊരു ഉപാധിയോടുകൂടിയാണു്. ഇവിടെയും നിലയുണ്ടെന്നു തോന്നുന്നില്ല. നാമിപ്പോൾ ഒടുവിലത്തെ പ്രാകാരത്തിൽ എത്തിക്കഴിഞ്ഞു. അതും വിട്ടുകൊടുക്കാതെ നിവൃത്തി ഉണ്ടെന്നുതോന്നുന്നില്ല. ഇന്നു ലോകത്തിൻെറ പുരോഗമനവും സ്ത്രീകളുടെ സാത്വീകശക്തിയും സഹകരണത്തിൻെറ ആവശ്യവും വൎദ്ധിച്ചതോടുകൂടി സ്ത്രീകളും പുരുഷന്മാരും വിദ്യാലയങ്ങളിൽതന്നെ പ്രാരംഭമായി പാൎശ്വാപാൎശ്വം ഇരുന്നു് അഭ്യസിക്കണമെന്നു വിചാരിക്കുന്നതിൽ യാതൊരു അസാംഗത്യവുമുണ്ടെന്നു തോന്നുന്നില്ല. അതുകൊണ്ടു വല്ല വികലസമാധാനവും പറഞ്ഞു സഹവിദ്യാഭ്യാസത്തെ തടയുന്നതു തീരെ അയുക്തമാണു്. സാദ്ധ്യമാണൊ എന്നും സംശയമാണു്. എല്ലാ വിഷയങ്ങളിലും ഇന്നു പുരോഗതിയെ പ്രാപിച്ചുവരുന്ന അമേരിക്കയിൽ കൂട്ടുവിദ്യാഭ്യാസം ദോഷലേശംകൂടാതെ നടത്താൻ സാധിക്കുന്നുവെങ്കിൽ അവരുടെ ഹസ്തപുസ്തകത്തിൽനിന്നും ഒരു ഏടു് നമുക്കും എടുക്കുന്നതിൽ എന്താണു വൈഷമ്യം?

സാമ്പത്തികദൃഷ്ട്യാ നോക്കുന്നതായാലും കൂട്ടവിദ്യാഭ്യാസം ആദായകരവും അഭിലഷണീയവുമാണെന്നു കാണാവുന്നതാണ്. വിദ്യാലയങ്ങളുടേയും അദ്ധ്യാപകന്മാരുടേയും മററും സംഖ്യയിൽ ഗണ്യമായ കുറവു വരുത്താൻ സാധിക്കുന്നതാണ്. സ്ത്രീപുരുഷന്മാരുടെ സമത്വത്തിനും ഇതനുകൂലമായി ഭവിക്കുന്നു. ഇതിനുംപുറമെ സഹവിദ്യാഭ്യാസം ഇന്നു ലോകത്തിന് അത്യാവശ്യമായിരിക്കുന്ന സ്ത്രീപുരുഷസഹകരണത്തിന് അടിസ്ഥാനമിടുന്നു. ഇതുകൂടാതെ അഭിനയനൈരന്തര്യത്തിനേയും സഹവിദ്യാഭ്യാസം നിശ്ശേഷം ഇല്ലാതാക്കുന്നു. ഒരു കുടുംബത്തിൽ സ്ത്രീപുരുഷന്മാർ തമ്മിലുള്ള സാഹോദര്യഭാവം വിദ്യാലയങ്ങളിൽ വിദ്യാർത്ഥിവിദ്യാർത്ഥിനിമാർ തമ്മിലും ഉണ്ടാവാൻ ഇതു സൌകര്യം നൽകുന്നു. വിദ്യാലയങ്ങളിൽ സന്മാർഗ്ഗവിദ്യാഭ്യാസം വേണമെന്നുള്ള വാദത്തിനും ഇതുതന്നെ ഒരു ശമനൌഷധമായി ഭവിക്കുന്നതാണ്. സങ്കോചം കൂടാതെയുള്ള ബാലികാബാലന്മാരുടെ അന്യോന്യപെരുമാററം അനാശാസ്യചിന്തകൾക്ക് അവരിൽ അവകാശം നൽകുക എന്നുള്ളതു തീർച്ചയാണ്. വിദ്യാഭ്യാസവിഷയത്തിൽ ഇന്നു സ്ത്രീകൾക്കുള്ള പിൻനിലയും ഇതുകൊണ്ടു പരിഹരിക്കപ്പെടാവുന്നതാണ്. ഉയന്നതരം വിദ്യാലയങ്ങളെ ഇരട്ടിക്കുന്നതിനുള്ള ധനവ്യയവും അപ്രായോഗികതയും നിമിത്തം പുരുഷന്മാക്കുള്ള വിദ്യാലയങ്ങളിലും കലാശാലകളിലും സ്ത്രീകളെ കൂടി ചേക്കുന്നതിനുള്ള ആവശ്യവും നേരിട്ടിട്ടുണ്ട്. അമേരിക്കയിൽ സഹവിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച കാരണങ്ങളിൽ ഒന്ന് ഇതുതന്നെയായിരുന്നു. ഇന്നു സർവ്വകലാശാലാവിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സ്ത്രീകൾ സഹസ്രശഃ അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിൽ കാണപ്പെടുന്നതിൻെറ കാരണം അവിടം സഹവിദ്യാഭ്യാസത്തിനു സഹജങ്ങളായ പ്രതിബന്ധങ്ങൾ കൊണ്ടു് അനിരുദ്ധമാണെന്നുള്ളതുതന്നെയാണ്. ഇതു് ഇതരരാജ്യങ്ങളിൽ കാണാത്ത സംഗതിയാണ്.

ഭാരതം വിദ്യാഭ്യാസവിഷയത്തിൽ പൊതുവായും സ്ത്രീവിദ്യാഭ്യാസവിഷയത്തിൽ പ്രത്യേകമായും പിന്നോക്കം കിടക്കുകയാണ്. സ്ത്രീപുരുഷന്മാരെ വേർതിരിച്ചുകൊണ്ടു് ഇന്നത്തെപ്പോലുള്ള വിദ്യാഭ്യാസം തുടൎന്നുകൊണ്ടുപോകുകയാണെങ്കിൽ, സ്ത്രീവിദ്യാഭ്യാസം പൌരുഷേയവിദ്യാഭ്യാസത്തിൻെറ നിരപ്പിൽ എത്തണമെങ്കിൽ അനേകശതവഷങ്ങൾ വേണ്ടിവന്നേക്കാം. ഒരു രാജ്യത്തെ വിദ്യാഭ്യാസസ്ഥിതിയെ നിണ്ണയിക്കുന്നതിൽ അഭ്യസ്തവിദ്യന്മാരായ പുരുഷന്മാരുടെ എണ്ണം മാത്രമല്ല ഗണനീയമായിരിക്കേണ്ടതു്. ഇതു് ഒരപൂണ്ണഗണനമാത്രമായിട്ടേ ഇരിക്കാൻ തരമുള്ളു. എന്നു മാത്രവുമല്ല, ഈ മാതിരിയുള്ള പുരോഗമനം യഥാൎത്ഥമായ ദേശീയപുരോഗമനവുമല്ല. സ്ത്രീവിദ്യാഭ്യാസം ത്വരിതപ്പെടുത്തുന്നതിനുള്ള ഒരു ഉത്തമമാർഗ്ഗം സാർവത്രികമായ സഹവിദ്യാഭ്യാസംതന്നെയാണ്. ഇതു് ഇരുകൂട്ടരേ

യും ഒരേനിരപ്പിൽ വരുത്തുന്നതിനു പററിയ ഒരുപായംതന്നെയാണ്. കാലഹരണം വന്ന അഭിപ്രായങ്ങളെ ആശ്ലേഷിച്ചുംകൊണ്ടു സന്മാർഗ്ഗവ്യതിചലനമെന്ന അപസ്വരം പുറപ്പെടുവിക്കുന്നതു് ഇന്നു ലോകദൃഷ്ടിയിൽ നീതീകരിക്കത്തക്കതല്ല. ഇന്നു സ്ത്രീകളെ അവശതകൾകൊണ്ടു ബദ്ധഹസ്തരാക്കേണ്ട കാലമല്ല. ഇന്നു മനുഷ്യവർഗ്ഗം ഒന്നാകെതന്നെ സ്ത്രീപുരുഷഭേദമെന്യെ പ്രകൃതി നിയതത്വാൽ സവിശേഷോ ഉൽബുദ്ധങ്ങളായ മാനസികകായികശക്തികളോടുകൂടിയാണു ജനിക്കുന്നതു്. അവക്കു് അവരവരുടെ നിലയെ രക്ഷിക്കാൻ ശക്തിയുമുണ്ടു്. അവക്കു് അവസരംനൽകാത്ത കുറവേയുള്ളു. അവർ പുരുഷന്മാരോടുതുല്യം ഏതുസ്ഥാനത്തും പ്രശോഭിക്കും. വിദ്യാഭ്യാസവിഷയത്തിൽ വേണ്ട സ്വാതന്ത്ര്യം നൽകിയാൽ അതിനെ ദുരുപയോഗപ്പെടുത്തുകയില്ലെന്നു നമുക്കു വിശ്വസിക്കാം. നമ്മുടെ അല്പമായ അനുഭവവും അമേരിക്കാക്കാരുടെ ദീൎഘകാലാനുഭവവും നമ്മെ ഏകമാൎഗ്ഗത്തിലേക്കുതന്നെ ചൂണ്ടിക്കാണിക്കുന്നു. നാം വിദ്യാഭ്യാസത്തിൻെറ എല്ലാ ഘട്ടങ്ങളിലും സഹവിദ്യാഭ്യാസം അനുവൎത്തിക്കുന്നതായാൽ ഭാരതത്തിൻെറ ഇന്നത്തെ സാത്വീകശക്തി ഇരട്ടിക്കുന്നതിനും ലോകദൃഷ്ടിയിൽ നമ്മുടെ സ്ഥാനം ഉയൎത്തുന്നതിനും നമുക്കു് അല്പകാലംകൊണ്ടു സാധിക്കും. മിസ്സ്. മേയൊ മുതലായവർ നമ്മുടെനേക്കു നിന്ദാസൂചകമായ ചൂണ്ടുവിരൽ സന്മുഖീനമാക്കുന്നതിനുമുമ്പു രണ്ടുതവണ ആലോചിക്കുമായിരുന്നു. വിദ്യാഭ്യാസം ഇങ്ങനെ പ്രതിബന്ധവലയിതമായിരുന്നിട്ടും നമ്മുടെ സ്ത്രീകൾ സ്വാതന്ത്ര്യത്തിനും മററുമായി അസാമാന്യപ്രയത്നം ചെയ്യുന്നുണ്ടു്. സഹവിദ്യാഭ്യാസംവഴിക്കു സ്ത്രീവിദ്യാഭ്യാസം അനുഗുണമാകുന്നതായാൽ ഇന്നത്തെ പ്രവൎത്തനശക്തി ദ്വിഗുണീഭവിക്കുമെന്നുള്ളതിനു സംശയമില്ല. ഒന്നു നിശ്ചയമാണ്. സ്ത്രീവിദ്യാഭ്യാസത്തെ വലിയ വ്യയംകൂടാതെ ത്വരിതപ്പെടുത്തുന്നതിനും സ്ത്രീപുരുഷന്മാർതമ്മിൽ സൗഹൃൽഭാവം ജനിപ്പിക്കുന്നതിനും സഹകരണത്തെ ദൃഢീകരിക്കുന്നതിനും ഇരുകൂട്ടരും തമ്മിലുള്ള പെരുമാററത്തിനു നൈൎമ്മല്യം വൎദ്ധിപ്പിക്കുന്നതിനും ഇതു വളരെ സഹായിക്കുന്നതാണ്.

തിരുവിതാംകൂറിൽ ഈയിടെയുണ്ടായ വിദ്യാഭ്യാസ പരിഷ്കരണക്കമ്മററിയും സഹവിദ്യാഭ്യാസത്തിന് അനുകൂലമായ ശുപാൎശകൾ ചെയ്തിട്ടുള്ളതായി കാണുന്നു. എന്നാൽ അവരുടെ നിൎദ്ദേശങ്ങളിൽ പലതും ആലോചനാഘട്ടത്തിൽതന്നെയിരിക്കുന്നതേയുള്ളു. എങ്കിലും ഇവിടെയും സഹവിദ്യാഭ്യാസം എല്ലാത്തരം വിദ്യാലയങ്ങളിലും ഏറെക്കുറെ നടക്കുന്നുണ്ടു്. സാൎവ്വത്രികമാക്കിയാൽ മതിയാകുന്നതാണ്. സഹവിദ്യാഭ്യാസത്തിന് എതിർവാദികളുണ്ടെങ്കിലും അതിൻെറ സയുക്തികത്വംകൊണ്ടും ആവശ്യംകൊ

ണ്ടും പ്രകൃതിനിയതത്വംകൊണ്ടും ഭയപ്പെടത്തക്കവണ്ണം സന്ദോഷമല്ലാത്തതുകൊണ്ടും ഇന്നു പല ദിക്കുകളിലും അതു് അല്പാല്പമായി നടന്നുവരുന്നുണ്ടു്. അതു സർവ്വസാധാരണമായി കാണുന്നതിനു നാം അധികനാൾ കാത്തിരിക്കേണ്ടിവരികയില്ലെന്നു തീർച്ചയാണു്.

"അഥവാ ഭവിതവ്യാനാം
ദ്വാരാണി ഭവന്തി സർവ്വത്ര."

# ന്യായപ്രകാശിക.

(വിദ്വാൻ, വൈ. നാരായണയ്യർ)

## 144. ഛത്രിന്യായം.

ഛത്രമുള്ളവർ ഛത്രികൾ; കുടയുള്ളവർ എന്നർത്ഥം. ഒരു സംഘം ആളുകൾ നടന്നുപോകുന്നുവെന്നിരിക്കട്ടെ! അവരിൽ ഭൂരിഭാഗം ആളുകളും കുടപിടിച്ചിട്ടുണ്ടെന്നു വിചാരിക്കുക! കുടയില്ലാത്തവരും അക്കൂട്ടത്തിലുണ്ടെങ്കിലും, "അതാ ഛത്രികൾ പോകുന്നു" എന്നു നാം പറയാറുണ്ടു്. ഒരു രാജ്യത്തിലെ ഭൂരിപക്ഷം ജനങ്ങൾ ദരിദ്രന്മാരും, ന്യൂനപക്ഷക്കാർ ധനികന്മാരും ആണെങ്കിൽ ആ രാജ്യത്തെ ദരിദ്രരാജ്യം എന്നേ പറയുകയുള്ളു. ന്യൂനപക്ഷത്തെത്തള്ളി, ഭൂരിപക്ഷസ്വഭാവംകൊണ്ടു് ഒരു സമഷ്ടിക്കു നാമകരണം ചെയ്യുന്നുവെങ്കിൽ ആ സംജ്ഞാകരണത്തിന്റെ സാധുത്വം, പ്രസ്തുത ന്യായപ്രകാരമാകുന്നു. മുൻപു വിവരിച്ച ആമ്രവനന്യായവും ഈ ന്യായവും ഒരുപോലെതന്നെ.

മുമ്പേ പോകുന്ന രാജാവു പ്രധാനവും, പുറകേ പോകുന്ന കുടക്കാരൻ അപ്രധാനവും. പിമ്പിലത്തേതു് അപ്രധാനവും, മുമ്പിലത്തേതു പ്രധാനവും എന്നു വിവക്ഷിക്കുന്നിടത്തും ഈ ന്യായം പ്രയോഗിക്കാമെന്നു മറെറാരുപക്ഷം.

## 145. ജലമീനന്യായം.

ജലത്തിൽക്കിടക്കുന്ന മത്സ്യം വെള്ളം കുടിച്ചോ ഇല്ലയോ എന്നു് ആക്കറിയാം. അപേക്ഷ കുടിക്കാതേയും ഇരുന്നെന്നു വരാം; അതും തീർച്ചയാക്കാൻ നിവൃത്തിയില്ല. എങ്കിലും വെള്ളംകുടിച്ചുവെന്നേ വിചാരിക്കാൻ ഇ

ടയുള്ള ചാരായക്കടയിൽ ഏതെങ്കിലും ആവശ്യാർത്ഥം കൂടക്കൂടെ കേറിയിറങ്ങുന്ന ഒരുവനെ ആളുകൾ കുടിയനാണെന്നു പറയുന്നതിൽ അസാംഗത്യമില്ല. ഒരു യുവാവും യുവതിയും ഒരേ ഗൃഹത്തിൽ പാർക്കുന്നു; സസ്നേഹം സഹകരിക്കുന്നു. അവർ അസിധാരാവ്രതദീക്ഷയോടുകൂടി സാഹോദര്യത്തിൽ വർത്തിച്ചുവെന്നും വരാം. എങ്കിലും ജനസാമാന്യദൃഷ്ടിയിൽ ശങ്കാസ്പദരും അപവാദഭാജനങ്ങളും തന്നെ; യാഥാർത്ഥ്യം അവർ രണ്ടുപേർക്കുമേ അറിയാവൂ. ഈവിധം ശങ്കാവഹമായ പരിതസ്ഥിതികളിൽ പ്രസ്തുത ന്യായം പ്രയോഗിക്കാം.

## 146. തമോദീപന്യായം.

ഇരുട്ടുള്ളേടത്തു വെളിച്ചമില്ല. ഇരുട്ടും വെളിച്ചവും വിഭിന്നപ്രകൃതികളാകയാൽ രണ്ടും ഒരെടത്തിരിക്കയില്ല. ഇതു വഹ്നിധൂമന്യായത്തിനു നേരെ വിപരീതമത്രെ. അതിൽ എ ഉള്ളേടത്തേ ബി ഉള്ളൂ. ഇവിടെ എ ഉള്ളേടത്തു ബി ഇല്ല. അറിവും അവിവേകവും, സമ്പത്തും ദാരിദ്ര്യവും, വിദ്യയും അവിദ്യയും, വൈരൂപ്യവും സൌന്ദര്യവും—ഈ ജോടികൾ തമോദീപന്യായംപോലെ ഒരുമിച്ചിരിക്കുകയില്ല.

## 147. ത്രിശങ്കുസ്വർഗ്ഗന്യായം.

സൂര്യവംശരാജാവായ ത്രിശങ്കുവിനെ വിശ്വാമിത്രമഹർഷി തൻെറ തപഃപ്രഭാവത്താൽ ഉടലോടെ സ്വർഗ്ഗത്തിലേക്കയച്ചു; സ്വർഗ്ഗരാജാവു ത്രിശങ്കുവിനെ കീഴോട്ടു തള്ളി; ത്രിശങ്കു ഭൂതലത്തേക്കു പതിക്കുന്നു; വിശ്വാമിത്രൻ ഇതു കണ്ടു തൻെറ മഹിമകൊണ്ടു ഭൂസ്വർഗ്ഗങ്ങൾക്കിടയിൽ ഒരു നവീനസ്വർഗ്ഗം നിർമ്മിച്ച് അവിടെ ത്രിശങ്കുവിനെ ഇരുത്തി; എന്നു പുരാണകഥ. ഊർദ്ധ്വലോകവുമില്ല, അധോലോകവുമില്ല, ഒരു മദ്ധ്യമലോകത്തിൽ ത്രിശങ്കു സ്ഥിതിചെയ്യുന്നു. അതുമില്ല ഇതുമില്ല എന്ന നില; അന്തരാളനില എന്നർത്ഥം. ഉഭയപക്ഷങ്ങളുമുള്ളതിൽ രണ്ടിലും ചേരാതെയുള്ള സ്ഥിതിയെ ത്രിശങ്കുസ്വർഗ്ഗമെന്നു പറയുന്നു. വാവലിൻെറ കഥ ത്രിശങ്കുസ്വർഗ്ഗംപോലെയാണ്; അതു പക്ഷിജാതിയുമല്ല, മൃഗജാതിയുമല്ല. പിന്നെയേതുജാതി? ത്രിശങ്കുസ്വർഗ്ഗന്യായേന ഒരു അന്തരാളജാതി. മററു സന്ദർഭങ്ങൾ ചിന്ത്യം.

## 148. ദഗ്ദ്ധബീജന്യായം.

ബീജാന്യഗ്ന്യുപദഗ്ദ്ധാനി
നരോഹന്തിയഥാപുനഃ
ജ്ഞാനദഗ്ദ്ധൈസ്തഥാക്ലേശൈർ
നാത്മാസമ്പദ്യതേപുനഃ

കരിഞ്ഞ വിത്തിന്ന വീണ്ടും മുളച്ചു മരമാകാൻ ഇടവരാത്തതുപോലെ ജ്ഞാനദഗ്ദ്ധമായ ആത്മാവിന്ന പുനർജന്മക്ലേശം അനുഭവിക്കേണ്ടി വരുന്നില്ല.

## 149. ദ്രാക്ഷാമധുന്യായം.

മുന്തിരിങ്ങാപ്പഴവും തേനും ചേർന്നപോലെ മധുരത്തിന്റെ ഇരട്ടിപ്പ്. രണ്ടുവസ്തുവും തനിയേ നില്ക്കുമ്പോളും മാധുര്യംതന്നെ. രണ്ടും ഒന്നിച്ചാലുള്ള സ്വാദു പറയാനുമില്ല. സമാനഗുണമുള്ള വസ്തുക്കൾ ഒന്നിച്ചുചേരുമ്പോൾ ഉണ്ടാകുന്ന ദ്വിഗുണീകൃതമായ മനോഹരത്വം എന്ന ആശയത്തിന് ഈ ന്യായം പ്രാതിനിധ്യം വഹിക്കുന്നു. ഒരു സംഗീതരസികൻ, ഒരു കാവ്യകലാചതുരൻ; ഇവർ രണ്ടുപേരും മോഹനമായ ലളിതകലകളെ ഓരോന്നിനെത്താലോചിക്കുന്നവരും സരസന്മാരും ആണ്. ആപാദമധുരവും ആലോചനാമൃതവും ആയ ഈ രണ്ടു കലകളിലും അസാമാന്യമായ പ്രാവീണ്യം നേടിയ ഒരു ഗായകകവി ആളുകളെ എത്രമാത്രം രസിപ്പിക്കുമെന്നു പറയേണമൊ? ദ്രാക്ഷാമധുന്യായേന അവനിൽ സംഗീതസാഹിത്യങ്ങൾ സമ്മേളിച്ചിരിക്കുന്നു.

## 150. നർത്തികാന്യായം.

ഒരു സ്ത്രീ അരങ്ങത്തിരുന്നു 'ഡാൻസ്' ചെയ്യുന്നു; അസംഖ്യം കാഴ്ചക്കാർ നോക്കിനില്ക്കുന്നു—ആനന്ദിക്കുന്നു. ഒരേ വ്യക്തി ഏകകാലത്തിൽ അസംഖ്യം വ്യക്തികളെ സന്തോഷിപ്പിക്കുന്നു. ഒരു വിളക്കു പലൎക്കും വെളിച്ചം നൽകുന്നതും, ഒരു പ്രാസംഗികൻ സഭാവാസികളെയാകമാനം രസിപ്പിക്കുന്നതും പ്രസ്തുത ന്യായത്തിന്നു തുല്യമാകുന്നു.

തുള്ളൽക്കാരനെ എല്ലാവരും അറിയും, തുള്ളൽക്കാരൻ എല്ലാവരേയും അറിഞ്ഞെന്നു വരികയില്ല. മഹാത്മാഗാന്ധിയെ ലോകർക്കെല്ലാം അറിയാം, എന്നാൽ അദ്ദേഹം ലോകത്തിലെ സകല വ്യക്തികളേയും അറിയുന്നില്ല. ഈ മാതിരി സന്ദർഭങ്ങളിലും നർത്തികാന്യായത്തെ പ്രവേശിപ്പിക്കാം.

## 151. നസ്യോഷ്ട്രന്യായം.

നസ്യാ=മൂക്കുകയറ്; ഉഷ്ട്രം=ഒട്ടകം. മൂക്കുകയറിട്ട ഒട്ടകം എന്നൎത്ഥം. (നമുക്കു കാളകളെയാണു പരിചയം) മൂക്കുകയറിട്ട കാള വണ്ടിക്കാരന്റെ ചൊല്പടിക്കു നടക്കുന്നു, തന്നിഷ്ടംപോലെ ചെയ്യുവാൻ സാധിക്കുന്നില്ല. അജ്ഞാനബദ്ധരായ സാമാന്യജീവികൾ മായയ്ക്കധീനമായി ഓരോന്നു ചെയ്യുന്നുവെന്നല്ലാതെ തനിക്കു താൻ പ്രഭുവായി ഭവിക്കുന്നില്ല. വിദ്യാവ

ഡ്ഗംകൊണ്ട് അവിദ്യാപാശത്തെ ഛേദിക്കുമ്പോൾ "തനിക്കുതാൻ പോന്നവൻ" ആയി.

ഉത്തമമായ മനസ്സാക്ഷിയും, ഉറച്ച നട്ടെല്ലും ഉള്ളവൻ അന്യന്റെ വേതനം വാങ്ങി ഉപജീവിക്കുകയെന്നു വരുമ്പോൾ മനസ്സാക്ഷിയെ വിററു തിന്നുകയും, നട്ടെല്ലു വളച്ചുപിടിക്കയും വേണം; ഇതാണു ലോകാനുഭവം. ഇതരന്റെ പിടിയിൽപെട്ടു തന്റേടം കളഞ്ഞു ജീവിക്കുന്നവരെല്ലാം ന സ്യോഷ്ഠങ്ങളാകുന്നു.

## 152. നിദ്രാണഭാഗ്യന്യായം.

ഉറങ്ങിയവന്റെ ഭാഗ്യം എന്നൊരു കഥയാണ് ഇതിന്റെ അടിസ്ഥാനം. രണ്ടാളുകളിൽ ഒരുവൻ വിധി വലുതെന്നും, മറേറവൻ സ്വപ്രയത്നമാണു വലുതെന്നും വാദിച്ചു. വാദം ന്യായാധിപസമക്ഷം ചെന്നു. ന്യായാധിപൻ ഒരു ഇരുട്ടറയിൽ ഒരു മടിശ്ശീലയിൽ കുറെ വജ്രമണികളും വറുത്ത പയറും ഒന്നിച്ചുകെട്ടിയിട്ടു, രണ്ടുപേരേയും ഒരു ദിവസം മുഴുവനും ആ മുറിയിൽ അടച്ചിട്ടിരുന്നു. വിധിവാദി, വിധിപോലെ വരുമെന്നു നിശ്ചയിച്ച് ഒരു മൂലയിൽ മൂടിപ്പുതച്ച് ഉറക്കം തുടങ്ങി. പൗരുഷവാദി, ആ മുറിയിലെല്ലാടവും തപ്പിനോക്കി. മടിശ്ശീല കൈയിൽത്തടഞ്ഞു. അഴിച്ചെട്ടത്ത് ഓരോ മണിയായി കടിച്ചുനോക്കി. പയറെല്ലാം താൻ തിന്നുകയും, കല്ലുകളെല്ലാം നിദ്രാണന്റെ മീതെ വലിച്ചെറിയുകയും ചെയ്തു. തടവുകാലം കഴിഞ്ഞു ന്യായാധിപൻ കതകുതുറന്നു. പൗരുഷവാദി വിജയശ്രീലാളിതനെപ്പോലെ ഇറങ്ങിവന്നു. വിധിവാദി, കല്ലുകളെല്ലാം പെറുക്കിക്കൊണ്ടു വെളിയിൽവന്നു. വിധിവാദിക്കു വൈരക്കല്ലുകളും, പൗരുഷവാദിക്കു വറുത്ത പയറുമാണു കിട്ടിയതെന്നറിഞ്ഞപ്പോൾ ന്യായാധിപനും സദസ്യരും വിധിയാണു വലുതെന്നു വിധികല്പിച്ചു. ഏതിനും കഥയുണ്ടാക്കാൻ പ്രയാസമില്ലല്ലോ! കഥ പ്രമാണവും ആകുകയില്ല. ഏതായാലും ഈ കഥ ഇങ്ങനെയാണ്. വിധിയാണു വലുതെന്നു വാദിക്കേണ്ട സന്ദർഭങ്ങളിൽ പ്രസ്തുതന്യായത്തെ അവതരിപ്പിച്ചുകൊള്ളാം.

## 153. നിർവ്വാണപ്രായദീപന്യായം.

കെടാറായ വിളക്കിൽ എണ്ണ തീർന്നുപോയതുകൊണ്ടു തിരിയാകെ പടർന്നുകത്തും; പ്രകാശക്കൂടുതലും ഉണ്ടായിരിക്കും. (ഇന്നത്തെ മണ്ണെണ്ണ വിളക്കല്ല ഇവിടെ ഓർമ്മിക്കേണ്ടതു്.) അണയാറായ വിളക്ക് അമിതമായി പ്രകാശിക്കുന്നതുപോലെ, അല്പായുസ്സായ മനുഷ്യൻ അസാമാന്യബുദ്ധിമാനായി ശോഭിക്കുമെന്നു ചിലർ വിചാരിക്കുന്നു. ഒരുവൻ സാധാരണയിൽക്കവിഞ്ഞ സാമർത്ഥ്യത്തോടുകൂടി ജീവിക്കയും എന്നാൽ വേഗം മൃതിയെ പ്രാപിക്കയും ചെയ്യുന്നുവെങ്കിൽ അങ്ങനെയുള്ളവന്റെ ഭൂതകാലമനോജ്ഞചിത്രത്തെ നിർവ്വാണദീപംപോലെയായിരുന്നു എന്നു പറയാം.

# രാധയുടെ രാഗം.

(എൻ. ആർ. സ്വാമി)

## (1)

ശേഖരൻെറ കൈയിൽനിന്നും കത്തു താനെ താഴെ വീണു. അയാഠം അതെങ്ങനെ വിശ്വസിക്കും? പ്രകൃതിനിയമങ്ങഠംക്കു യാതൊരു വിഷയുമില്ലെന്നോ? നിരന്തരം കവിജനങ്ങഠം കീത്തിക്കുന്ന "അനുരാഗം" എന്നതിൻെറ മാഹാത്മ്യം പാടെ അസ്തമിച്ചുവെന്നോ? രാധ തന്നെ മറന്നുവെന്നോ! ഛീ! അതു് അസംഭവ്യം!

"സ്നേഹിതാ!" രമേശൻ കത്തെടുത്തു വീണ്ടും വായിക്കുവാൻ തുടങ്ങി. "ഇതെഴുതുവാൻ താമസിച്ചതിൽ ക്ഷമിക്കുക. രാധയുടെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. വിദേശിയായ ഒരു മി: വിരൂപാക്ഷനാണു നിശ്ചിതവരൻ. ഈ മാസാവസാനത്തിൽ തന്നെ വിവാഹം നടക്കുന്നതാണു്. വിവരം 'സുരേശ'നെ അറിയിക്കുക.

എന്നു് സ്നേഹിതൻ,
കരുണാകരൻ."

## (2)

ശേഖരൻ ഉന്നതവിദ്യാഭ്യാസാത്ഥം കൽക്കത്തായിൽ താമസിച്ചുവരുന്ന ഒരു യുവാവാണു്. വയസ്സ് ഇരുപത്തിനാലു കാണും. സ്വദേശം ഗാസിപുരമാണു്. മാതാവായ സുചരിതാദേവി പിതൃരഹിതനായ ശേഖരനെ നിസ്സീമമായ വാത്സല്യത്തോടുകൂടിയാണു വളത്തിവന്നതു്. സ്വമാതാവിനെ പിരിഞ്ഞിരിക്കുക എന്നതു ശേഖരനു തീരെ സുഖകരമായിരുന്നില്ല. എന്നാൽ ഉന്നതവിദ്യാഭ്യാസകാംക്ഷികളായ യുവാക്കന്മാക്കു സ്വബന്ധുജനങ്ങളുമായുള്ള നിയതമായ വാസം സുസാദ്ധ്യമല്ലല്ലൊ.

"സുചരിതാസദനം" എന്നായിരുന്നു ശേഖരൻെറ വസതിയുടെ പേർ. അതിനടുത്താണു "പത്മവിലാസം" സ്ഥിതിചെയ്യുന്നതു്. 'കാളിമകൊള്ളും നഭസ്സെയുമ്മവയ്ക്കുന്ന,തും, മനോമോഹനവുമായ ആ സൗധം "വിശേപശ്വരബാബു" എന്നൊരു ധനാഢ്യൻേറതാണു്. അദ്ദേഹത്തിൻെറ ഏകപുത്രിയാണു രാധ.

രാധ ജന്മനാതന്നെ ഒരു സുന്ദരിയായിരുന്നു. വൃദ്ധനായ വിശ്വേശ്വരബാബുവിൻെറ ഏകാവലംബമത്രെ അവഠം. സ്വപുത്രിയുടെ വിവാഹസമയം അടുത്തുവരുന്തോറും, വിശ്വേശ്വരബാബുവിൻെറ മനസ്സമാധാനം കുറഞ്ഞുവന്നു. ബാബുവിനു ശേഖരനെപ്പററി നല്ല അഭിപ്രായമാണു്.

പുരാതനമായ ഒരു മാന്യകുടുംബത്തിലെ അംഗം; അളവററ ഐശ്വര്യാദികളുടെ ഏകാവകാശി; വിദ്യാസമ്പന്നൻ; സർവ്വാംഗസുന്ദരൻ! സ്വപുത്രിക്ക് ഇത്രമാത്രം അനുയോജ്യനായ ഒരു വരൻ വേറെയുണ്ടാകയില്ലെന്നു ബാബുജിക്കു നല്ലപോലറിയാം. ആയതിനാൽ രാധയും, ശേഖരനും തമ്മിൽ നടന്നുവന്ന സമ്മേളനങ്ങൾക്ക് അദ്ദേഹം യാതൊരുതരത്തിലും പ്രതിബന്ധമായിരുന്നില്ല.

ദിവസങ്ങൾ കഴിഞ്ഞു. ബാല്യദശ യൗവ്വനത്തിലേക്കു കാലൂന്നി. സ്നേഹം പ്രണയമായി രൂപാന്തരപ്പെട്ടു. പ്രകൃതിയുടെ നിയമത്തെ ലംഘിക്കുവാൻ ആൎക്കുതന്നെ കഴിയും? പരസ്പരാനുരാഗബന്ധിതരായ ആ യുവതീയുവാക്കന്മാർ സൈ്വരസല്ലാപാദികൾമൂലം കാലവ്യയം ചെയ്തുതുടങ്ങി.

(3)

ശേഖരൻ വിദ്യാഭ്യാസാൎത്ഥം കൽക്കത്തായിൽ താമസം തുടങ്ങീട്ടു മാസങ്ങൾ ആറായി. ഇതിനിടക്കു ഗാസിപുരത്തേക്കു പോയതു മൂന്നുപ്രാവശ്യം. രാധയുടെ പക്കൽനിന്നും വന്ന കത്തുകളുടെ എണ്ണം ഒൻപതു്. അവ മുഴുവനും പ്രണയദ്യോതകവചനസമ്പൂൎണ്ണം!

ശേഖരനും ഒരു മനുഷ്യനല്ലേ! അയാൾ ആ കത്തിലെ വാചകങ്ങളെ വിശ്വസിച്ചില്ല. ഏതായാലും ഗാസിപുരത്തേക്കു കഴിയുന്നതും വേഗത്തിൽ ഒരു എഴുത്തയയ്ക്കുക എന്നുതന്നെ അയാൾ നിശ്ചയിച്ചു. താമസംവിനാ ഒരു എഴുത്ത്—സുദീൎഘമായ ഒരെഴുത്ത് അയാൾ രാധയ്ക്കെഴുതുക തന്നെ ചെയ്തു.

മറുപടി യഥാസമയത്തിൽതന്നെ കിട്ടി. അതിപ്രകാരമായിരുന്നു.

ഗാസിപുരം,
12—3—19.

സഹോദരാ,

നിങ്ങളുടെ കത്തു കിട്ടി. വിദ്യാസമ്പന്നനായ നിങ്ങൾ ഇത്രമാത്രം അവിവേകിയായി പോയതിൽ അതിശയിക്കുന്നു. ബാല്യകാലത്തു നാം പലതും പ്രവൎത്തിച്ചു കാണും. അവ അത്ര ഗണ്യമല്ല. എന്റെ വിവാഹവിഷയത്തെപ്പററി നിങ്ങൾ പലതും ചോദിക്കുന്നു. അതെല്ലാം നിങ്ങൾ താമസിയാതെതന്നെ അറിയും. ഇനിമേലാൽ ഇപ്രകാരമൊരെഴുത്ത് എനിക്ക് എഴുതരുതെന്ന് അപേക്ഷ.

എന്ന്,
രാധ.

"നീചേ! നികൃഷ്ടേ! കുടിലേ!" ശേഖരൻ അറിയാതെതന്നെ അട്ടഹസിച്ചു! "നിന്നെ ഞാൻ വിശ്വസിച്ചു! നീ എന്നെ വഞ്ചിച്ചു. ഇതിനു നിന്നോടു ഞാൻ........................"

ശേഖരാ! നീ എന്തിനു വൃഥാ കണ്ഠക്ഷോഭം ചെയ്യുന്നു? ലോകത്തിൽ ഇപ്രകാരമുള്ള 'രാധമാർ' ഒന്നുരണ്ടല്ലാ. നീ ആശാക്രൂപത്തിലാണ്ടുപോയി. നീ അശക്തൻ! അനുഭവിക്കുക! ക്ഷമയോടെ അനുഭവിക്കുക! അതാണു പുരുഷധർമ്മം! അതിലാണു പുരുഷത്വം സ്ഥിതിചെയ്യുന്നതു്.

## (4)

മദ്ധ്യവേനൽ ഒഴിവു പ്രമാണിച്ചു വിദ്യാലയങ്ങളെല്ലാം പൂട്ടിത്തുടങ്ങി. വിദ്യാർത്ഥികൾ യാവരും അത്യാർത്തിയോടെ സ്വദേശങ്ങളിലേക്കു യാത്രയായി. എന്നാൽ ശേഖരൻ മാത്രം ഉന്മേഷരഹിതനായി ഹോസ്റ്റലിലുള്ള തൻെറ മുറിയിൽ താമസം തുടൎന്നു.

"എന്താ! ശേഖരനില്ലേ ഗാസിപുരത്തേക്കു്?" സ്വസഖാവായ 'ഗണേശൻ' ശേഖരനോടു ചോദിച്ചു.

ശേഖ:— "ഞാനില്ല!"

ഗണേ:— ആഹാ! ഇതാണൊ പുരുഷത്വം? സ്നേഹിതൻെറ ധൈര്യം ഇത്രയേയുള്ളോ? കൊള്ളാം!"

ശേഖ:— "ഗാസിപുരത്തേക്കു ഞാനില്ല."

എന്നാൽ ശേഖരൻെറ നിശ്ചയപ്രകാരം കൽക്കത്താവാസം നടന്നില്ല. സ്വമാതാവായ സുചരിതാദേവി കലശലായ സുഖക്കേടിലാണെന്നു കമ്പിവരികയാൽ അയാൾ തൽക്ഷണം അങ്ങോട്ടുപോകതന്നെ ചെയ്തു.

## (5)

ഭിഷഗ്വരൻെറ അശ്രാന്തയത്നത്താലും, ശേഖരൻെറ നിരന്തരശുശ്രൂഷയാലും സുചരിതാദേവിയുടെ സുഖക്കേടു പമ്പകടന്നു. ശേഖരൻ പുസ്തകപാരായണത്താൽ കാലവ്യയം ചെയ്തുതുടങ്ങി.

ഒരു സായാഹ്നത്തിൽ അയാൾ ഗണേശനുമായി സംഭാഷണംചെയ്തുകൊണ്ടു്, ഗാസിപുരത്തിലെ രാജപാതയിൽക്കൂടി നടക്കവെ, മനോഹരമായ ഒരു 'ചവർലററു്'വണ്ടി അവരുടെ മുമ്പാകെ വരുന്നതു കണ്ടു. പരിഷ്കൃതവേഷധാരിയായ ഒരു യുവാവും, സൗന്ദര്യസങ്കേതമായ ഒരു യുവതിയും അതിൽ ആസനസ്ഥരായിരുന്നു. യുവാവു് എന്തോ അവളുടെ കണ്ണുകളിൽ മന്ത്രിക്കുന്നു. അവളാകട്ടെ, മനോമോഹനമായ മന്ദഹാസസഹിതം, ആ യുവാവിൻെറ കപോലത്തെ തലോടുന്നു.

ശേഖരൻെറ കണ്ണുകരം അങ്ങോട്ടു പാഞ്ഞു. രാധയും, അവളുടെ ഭത്താവായ വിരൂപാക്ഷനും!! ശേഖരൻ അതെങ്ങനെ കണ്ടു സഹിക്കും? ഛ! അയാരം ഒന്നു കാക്കിച്ചു തുപ്പി. രാധ അതുകണ്ടു. എന്നാൽ ഒന്നും അറിയാത്ത മട്ടിൽ അവർ പോകതന്നെ ചെയ്തു.

## (6.)

അവധികഴിഞ്ഞു്, വിദ്യാലയങ്ങളെല്ലാം തുറന്നു. ശേഖരൻ കൽക്കത്തായിലെത്തി, താമസവും തുടങ്ങി.

അന്നു രാവിലെ ഒരു ചെറുതലവേദനയോടുകൂടിയാണു ശേഖരൻ എഴുന്നേറ്റതു്. കാപ്പികുടികഴിഞ്ഞയുടൻതന്നെ ഭൃത്യൻ വത്തമാനപ്പത്രം കൊണ്ടുവന്നുകൊടുത്തു. ശേഖരൻ ദ്രുതഗതിയിൽ വായന തുടങ്ങി.

"പത്മവിലാസത്തിലെ മോഷണവും, അപമാനഭയംമൂലം
നടന്ന ആത്മഹത്യയും"

ഗാസിപുരത്തിലെ പ്രസിദ്ധധനാഢ്യനായ വിശേശ്വരബാബുവിൻെറവക ബംഗ്ലാവായ പത്മവിലാസത്തിൽനിന്നു് അൻപതിനായിരം രൂപയോളം വിലപിടിക്കുന്ന ആഭരണങ്ങളും, സാരമായ ദ്രവ്യവും മോഷണം പോയവിവരം കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നുവല്ലൊ. പോലീസ് ഇൻസ്പെക്ടർ മി: രംഗനാഥൻെറ കുലങ്കഷമായ അന്വേഷണഫലമായി തസ്കരനെ പിടികിട്ടിയിരിക്കുന്നു. വിശേശ്വരബാബുവിൻെറ ജാമാതാവായ മി: വിരൂപാക്ഷൻതന്നെയാണു തസ്കരൻ. അയാളുടെ യഥാത്ഥനാമധേയം വിരൂപാക്ഷൻ എന്നല്ലെന്നും, കുറഞ്ഞോരുകാലങ്ങരംക്കുമുമ്പേ കൽക്കത്താ നാഷണൽ ബാങ്കു കവന്നവൻ ഇയാരംതന്നെയാണെന്നും, ഇമ്മാതിരിയുള്ള കൃത്യങ്ങരംക്കായി പലേതവണ തടവിലാക്കപ്പെട്ട 'രാമാനന്ദൻ' എന്ന തസ്കരപ്രമാണിയാണിവനെന്നും തെളിയുന്നു. അപമാനഭയത്താൽ, വിശേശ്വരബാബുവിൻെറ ഏകപുത്രി 'രാധ' എന്ന യുവതി വിഷപാനം ചെയ്തു മരണമടഞ്ഞിരിക്കുന്നു."

ശേഖരൻെറ ദേഹം രോമാഞ്ചംകൊണ്ടു. അയാളുടെ ഹൃദയം അതിവേഗത്തിൽ തുടിച്ചുതുടങ്ങി. തൽക്ഷണംതന്നെ, തപാൽക്കാരൻ അയാളുടെ കൈവശം ഒരെഴുത്തുകൊണ്ടുവന്നു് ഏൽപ്പിച്ചു. ശേഖരൻ ഭവഗം അതു പൊട്ടിച്ചു വായിച്ചു.

"പാതകിയായ ഞാനിതാ നിങ്ങളോടു് അവസാനയാത്ര പറയുന്നു. ആഡംബരത്തിൽ ഭ്രമിച്ചു്, പ്രകൃതിനിയമത്തെ ലംഘിച്ചു്, നിങ്ങളെ ദയയെന്യേ വഞ്ചിച്ച എനിക്കു് ഈശ്വരൻ തക്കതായ ശിക്ഷ തന്നുകഴി

ഞ്ഞു. ഇനി ഞാൻ അരനിമിഷംപോലും ജീവിതം തുടരുകയില്ല. സ്നേഹദ്രോഹിയായ എനിക്ക് മാപ്പുതരണേ!

എന്ന്
രാധ"

ശേഖരൻെറ നേത്രങ്ങളിൽനിന്ന് ഒന്നുരണ്ടു വൈഢൂര്യഗോളങ്ങൾ നിലംപതിച്ചു.

# പ്രയോഗദീപിക.

(ഒരു വിമർശം.)

(പണ്ഡിതർ, ഇ. വി. രാമൻനമ്പൂതിരി.)

'സാഹിത്യപഞ്ചാനന'നെന്നും, 'നിരൂപക' പ്രമുഖനെന്നും, പണ്ഡിതപ്രതിഷ്കശനെന്നും പ്രഥപൂണ്ടിരിയ്ക്കുയാണല്ലോ ശ്രീമാൻ പി. കെ. നാരായണപിള്ള അവർകൾ. പ്രധാനഗുണങ്ങളായ പലേ കൃതികളും അദ്ദേഹത്തിൻെറ വകയായിട്ടുണ്ടെന്നുള്ളതും സബഹുമാനം സമ്മതിയ്ക്കണം. താദൃശഗ്രന്ഥങ്ങളധികവും, മാസികീയലേഖനങ്ങളുടേയും സമാജപ്രവചനങ്ങളുടേയും സമാഹാരമായിട്ടാണു കണ്ടിട്ടുള്ളതു്. "ശ്രീമൂലമുക്താവലി" തുടങ്ങിയ ചില ചെറുകൃതികളെ തദ്ഭിന്നങ്ങളായി കാണപ്പെട്ടിട്ടുള്ളൂ. അക്കൂട്ടത്തിൽ, അഭിനവമായ ഒരു പ്രസിദ്ധീകരണമാണ് ഈ 'പ്രയോഗദീപിക.'

വർദ്ധമാനങ്ങളായ 'വർത്തമാന'പത്രങ്ങളിലും ഗ്രന്ഥസന്ദർഭങ്ങളിലും നാൾക്കുനാൾ അധികമധികമായിക്കണ്ടുവരുന്ന അപശബ്ദങ്ങളേയും, അബദ്ധവാക്യങ്ങളേയും മററും, ദിങ്മാത്രമായി ചൂണ്ടിക്കാണിയ്ക്കുകയും, അവയുടെ സാധുരൂപങ്ങളേയും സുബദ്ധീകരണങ്ങളേയും പ്രകാശിപ്പിക്കുകയും, പുറമേ, കൃത്തദ്ധിതസമാസവൃത്തികളും, സന്ധിലിങ്ഗാദി വിശിഷ്ടങ്ങളും ആയ ഒട്ടേറെസ്സംബന്ധശബ്ദങ്ങളെ സവ്യുത്പത്തി സങ്ഗ്രഹിയ്ക്കുകയും ആകുന്നു ഈ ഗ്രന്ഥത്തിൽ പ്രധാനമായി ചെയ്തിരിക്കുന്നതു്.

'പാണ്ഡിത്യഭ്രമം' കൊണ്ടു സംസ്കൃതപദങ്ങളെ പിടികൂട്ടുന്നവർക്ക് അബദ്ധം പിണയാതിരിപ്പാനുള്ള മാർഗ്ഗദർശിയായിട്ടാണ്, ഇതിനെ ഗ്രന്ഥ

കാരൻ സങ്കല്പിച്ചിട്ടുള്ളതെന്ന് 'പ്രസ്താവന'യാൽ സുവ്യക്തമാവും. അതിലേക്ക്, 1. ലിപിപ്രകരണം, 2. സന്ധിപ്രകരണം, 3. സ്ത്രീലിങ്ഗപ്രകരണം, 4. സമാസപ്രകരണം, 5. കൃത്തദ്ധിതപ്രകരണം, 6. പ്രകീർണ്ണകപ്രകരണം—ഇങ്ങനെ ആറു പ്രകരണങ്ങളിലായി, 349 പേജിൽ (ക്രൗൺ-8-) പാണിനിമതാനുസാരേണയുള്ള വ്യാകരണനിയമങ്ങൾ ഏതാനുമൊക്കെ ഉദാഹരണസഹിതം ഇതിൽ പ്രദർശിപ്പിച്ചിരിയ്ക്കുകയത്രെ. ഭാഷാവ്യാകരണനിയമങ്ങളിൽ ചിലതും തൊട്ടുപോയിട്ടില്ലെന്നില്ല. ഭാഷയിലും സംസ്കൃതത്തിലും ഉള്ള പ്രാമാണികഗ്രന്ഥങ്ങളൊന്നും ശീലിച്ചിട്ടില്ലാത്തവരും, അവയേതും കൈവശമില്ലാത്തവരും ആയ കേരളീയർക്ക് ഇതിലെ പല ഭാഗങ്ങളും ഗ്രാഹ്യങ്ങൾതന്നെ, എന്നു നിസ്സംശയം പറയാം. മണിദീപിക, കേരളപാണിനീയം, സാഹിത്യസാഹ്യം എന്നീ രാജരാജവർമ്മകൃതികളേയൊ പാദസംസ്കാരചന്ദ്രിക, പ്രവേശകം, ലഘുകൌമുദീഭാഷാവ്യാഖ്യാനം, വ്യാകരണമിത്രം മുതലായ വടക്കൻകൃതികളേയൊ പരിചയിച്ചിട്ടുള്ളവർക്കാകട്ടെ, മി: പി. കെ. യുടെ വൈജാത്യവും വൈയാത്യവും കണ്ടു രസിക്കാൻ ഇതും കൊള്ളാം എന്നല്ലാതെ, മററൊരു പ്രയോജനവും ഇതുകൊണ്ടുണ്ടാവാനില്ല.

വിദ്യാർത്ഥികൾക്കു ഗുരുനാഥന്മാരുടെ സഹായതയോടുകൂടിയേ ഇതു മനസ്സിലാക്കാൻ കഴിയൂ എന്നു മി: പി. കെ. 'പ്രസ്താവന'യിൽ പറഞ്ഞിട്ടുണ്ട്. ആ ഗുരുനാഥന്മാർ സാധാരണന്മാരായാൽ പോരാ, പ്രകൃതഗ്രന്ഥകാരനെ അപേക്ഷിച്ചുകൂടി കടന്നനിലയിൽ പഠിച്ചവരായിരിയ്ക്കണമെന്നാണു നിഷ്കർഷിച്ചു വായിച്ചുനോക്കുമ്പോൾ തോന്നുക. അങ്ങനെയല്ലെങ്കിൽ, 'പ്രയോഗദീപിക'യിലെ പ്രമാദപടലങ്ങളെ പൃഥഗ്ഗണിച്ചു കാണിച്ചുകൊടുക്കുവാൻ കഴിയുകയില്ലല്ലോ!

അച്ചടിപ്പിഴകൾക്ക് ഒരു 'ശുദ്ധിപത്രം' ചേർത്തുകാണാനുണ്ടെങ്കിലും, അതിൽ ഉൾപ്പെടാത്ത അസങ്ഖ്യാബദ്ധങ്ങൾ എല്ലാ പ്രകരണങ്ങളിലും വ്യാപിച്ചിരിയ്ക്കുന്നതുകൊണ്ടത്രേ ഇങ്ങനെ പറയേണ്ടിവരുന്നത്. ആ അബദ്ധങ്ങളെ ഇദന്തയാ നിർദ്ദേശിക്കുന്നത്, 'പ്രയോഗദീപിക'യെ അദ്ധ്യയനംചെയ്യാനും അധ്യാപനംചെയ്യാനും ആരാനുമുണ്ടാവുമെങ്കിൽ അവർക്കും, മററു പുസ്തകകർത്താക്കൾക്കും, ശ്രീമാൻ, പി. കെ. അവർകൾക്കുതന്നെയും ശ്രദ്ധേയമായിരിയ്ക്കുമെന്നു വിശ്വസിയ്ക്കുന്നു.

"ഇംഗ്ലീഷുഭാഷയിൽ വാക്കുകൾ എഴുതുമ്പോൾ അക്ഷരവീഴ്ച പററുന്നതു വലിയ അപരാധമായും, അനക്ഷരലക്ഷണമായും ഗണിയ്ക്കപ്പെട്ടുന്ന സ്ഥിതിയ്ക്ക്, മലയാളഭാഷയിൽ കുറെ നിഷ്കർഷ ഈ വിഷയത്തിൽ ഉണ്ടാകുന്നതിൽ അപാകമില്ലെന്നു വിശ്വസിയ്ക്കുന്നു"—എന്ന്, 1-ാം—പ്രകരണത്തിൽ ഒന്നാം'പേജിൽ' പറയുന്ന ഗ്രന്ഥകാരൻ, ഇപ്പുസ്തകത്തി

ലെ ലിപിവിഷയത്തിൽ വരുത്തിയിരിക്കുന്ന വൈരൂപ്യങ്ങളേയും വൈകല്യങ്ങളേയുമാണ്, ഒന്നാമതു ചൂണ്ടിക്കാണിയ്ക്കുവാനുള്ളതു്. അതുതന്നെ നിഷ്കർഷിച്ചുചെയ്യാൻ നിവൃത്തിയില്ലാത്തവിധം, നിരന്തരവും നിരവധിയുമായിട്ടാണ് അവയുടെ കിടപ്പ്. വെറും 'സ്ഥാലീപുലാകന്യായേന' നിർദ്ദേശിക്കുവാനെ ഇവിടെ സൗകര്യമുള്ളു. മി: പി. കെ. പറയുംപോലെ, "തെററുകളെ തേടിപ്പിടിച്ചു" കാണിപ്പാൻ ഒരുക്കമില്ല. ചുവടെ ചേർക്കുന്നവകൂടാതെ, താദൃശപ്രമാദങ്ങൾ വേറെയും ധാരാളം ഇതിലുണ്ടെന്നു ചുരുക്കം.

1. ഇല്ല, അല്ല— ഈ പദങ്ങളെ പദ്യത്തിൽ ദുർല്ലഭമായിട്ടു ദീർഘാന്തങ്ങളാക്കാറുണ്ടെങ്കിലും, ഗദ്യത്തിൽ വേണ്ടതും നടപ്പും, ഹ്രസ്വാന്തങ്ങളാക്കിത്തന്നെ പ്രയോഗിയ്ക്കുയാണല്ലൊ. 'പ്രയോഗദീപിക'യിലെ പ്രയോഗപ്രാചുര്യംതന്നെ പ്രകൃതത്തിൽ പ്രമാണമാവാം. എന്നിരിയ്ക്കെ, 'തോന്നുന്നില്ലാ' P. 2. 'എഴുതുന്നതു നന്നല്ലാ' P. 3. 'ശരിയല്ലാ' P. 4. 'വിവരിയ്ക്കുന്നില്ലാ' P. 37. എന്നിങ്ങനെ തുലോം നിരങ്കുശമായി പ്രയോഗിച്ചുകാണുന്നതു് അധികം അനാശാസ്യമാകുന്നു.

2. " 'പക്ഷെ' എന്നുള്ള ദീർഘമായ ഏകാരത്തെ ഹ്രസ്വമാക്കിയതു സാധുവല്ല.........സംസ്കൃതത്തിൽ ഹ്രസ്വമായ എകാരമേയില്ല"—P. 8. എന്നു വിധിച്ചിരിക്കുന്ന ഗ്രന്ഥകാരൻ, സ്വപ്രയോഗങ്ങളെ പലേടത്തും അസാധുവാക്കിയിരിയ്ക്കുന്നു.

"പക്ഷെ അതു.........സമ്മതമല്ല." P. 31.

"പക്ഷെ വിവക്ഷവിധിയെ വിശേഷിപ്പി(യ്ക്ക)ണം" P. 349. ഇത്യാദി ഭാഗങ്ങൾ നോക്കുക.

3. " 'ചുവപ്പ്' എന്നുള്ളതിനേക്കാൾ 'ചെമപ്പ്' എന്നതു കുറേക്കൂടി യുക്തമാകുന്നു. 'ചെം' എന്നാണു ധാതു." P. 7, 8. എന്നു പറയുന്ന ഗ്രന്ഥകാരൻ,

"ഈഷദ്രക്തം=കുറെ ചുവന്നതു്." P. 101. എന്നിങ്ങനെയൊക്കെ പ്രയോഗിച്ചിരിക്കുന്നതു് അധികം യുക്തമല്ലെന്ന് അദ്ദേഹവും സമ്മതിയ്ക്കേണ്ടതല്ലയോ?

4. "സാകല്ല്യം" P. 79, 80; "ആബാല്ല്യം=ബാല്ല്യംമുതൽ" P. 81; "ഹല്ല്യാ" P. 149; "ഖല്ല്യാ" P. 149; "ബാഹുല്ല്യം" P. 133; "കല്ല്യാണാദിഗണ........" P. 142; "കല്ല്യാണി........കല്ല്യാണിനേയൻ" P. 143; "കല്ല്യൻ........കല്ല്യൻ" P. 144—എന്നിങ്ങനെ അനവധി സ്ഥലങ്ങളിൽ, 'ല്യ' (ല്യ) എന്നുമാത്രം എഴുതേണ്ടതു്, 'ല്ല്യ' (ല്ല്യ) എന്നു ലകാരത്തിനു ദ്വിത്വംചെയ്തു് എഴുതപ്പെട്ടു കാ

ണ്മാറുണ്ട്. “അനചിച”—എന്ന സൂത്രംകൊണ്ട്, ആ ദ്വിത്വത്തെ ഒരു വിധം ഒപ്പിയ്ക്കാമെങ്കിലും, ഇപ്രകാരം ഒരു ലിപിവൈചിത്ര്യസൃഷ്ടി, ഭാഷാഗതിയ്ക്ക് അനുകരണീയമോ, ആശാസ്യമോ ആണെന്നു തോന്നുന്നില്ല. പ്രക്രിയക്കു ഗൌരവമല്ലല്ലോ, ലാഘവമല്ലേ, സ്പൃഹണീയവും, രമണീയവും?

5. “ചിലടത്തു” P. 41; “ചിലടത്തുണ്ട്” P. 55; “അല്ലങ്കിൽ” P. 14—എന്നിങ്ങനെ പല ഭാഗങ്ങളിലും, എകാരാദിവികലങ്ങളായിക്കാണപ്പെടുന്ന പ്രയോഗങ്ങൾ ഒരു വിധത്തിലും സാധൂകർത്തവ്യങ്ങളല്ലെന്നാണു തോന്നുന്നത്.

6. ‘ഉത്കണ്ഠ’ മുതലായ പദങ്ങളിൽ, ‘ത’ കാരസ്ഥാനത്തു ‘ല’ കാരംചേർക്കുന്നതു തെററ് എന്ന്, 20-ാംവശത്തു വിധിയ്ക്കപ്പെട്ടിട്ടുണ്ട്. എന്നാൽ, അപ്രകാരമുള്ള പ്രമാദാന്തരമല്ലേ, “ഉൽക്കലിക” “ഉൽക്കണ്ഠ.” P. 135. എന്നിങ്ങനെ കകാരത്തിന്നു ദ്വിത്വം ചെയ്ത് (ക്ക എന്ന്)എഴുതുന്നത്, എന്നുള്ള വസ്തുതയെ ഗ്രന്ഥകാരനാലോചിയ്ക്കുന്നതുമില്ല.

7. “രുഗ്മിണി” P. 49; “പത്മഗന്ധീ=പത്മ......” P. 109. എന്നൊക്കെയുള്ള പ്രയോഗങ്ങളിലെ ‘ഗ്മി’ യേയും, ‘ത്മ’—യേയും, ‘ക്മി’ ‘ദ്മ’ എന്നിങ്ങനെയെല്ലാം തിരുത്തേണ്ടതാണെന്നു സബഹുമാനം ഗ്രന്ഥകർത്താവിനെ ഗ്രഹിപ്പിക്കേണ്ടിയിരിയ്ക്കുന്നു.

8. “ ‘അഞ്ചു്’ (ഗതിപൂജനയോഃ) എന്ന ധാതു ഉഗിത്താകുന്നു.” P. 53. എന്നുപദേശിയ്ക്കുമ്പോൾ, ‘ഞ്ചു്’ എന്നു സംവൃതോകാരാന്തമായിട്ടെഴുതിവിട്ടാൽ, അദ്ധ്യേതാവു മനസ്സിലാക്കേണ്ടതെന്ത്? 80-ാംപേജിൽ, ഈ ധാതുവിനെ ഉദ്ദേശിച്ചുതന്നെ, “ ‘അഞ്ച്’ എന്ന ധാതു ചേർന്ന ശബ്ദങ്ങൾ”—എന്ന് ഉകാരംവിട്ട്, ‘ചന്ദ്രക്കല’ ( ് )മാത്രം ചേർത്തു (ഞ്ച്—എന്നു)കൂടി എഴുതപ്പെട്ടിരിയ്ക്കുന്നു. ആകെക്കൂടി, വിദ്യാർത്ഥി കുഴങ്ങുകയില്ലേ? ‘അഞ്ചു’ എന്ന് ഉകാരാന്തമായിട്ടാണു ധാതു പാഠമെന്നുള്ളതു വേറെതന്നെ പറഞ്ഞറിയിയ്ക്കേണ്ടിയിരിക്കുന്നു.

9. “.....ദധ്നച്......ഈ പ്രത്യയങ്ങളോട്.........” P. 55 “ദധ്നച്” ......“ജാനുദധ്നം”......“ജാനുദധ്നീ” P. 63—എന്നിപ്രകാരം, ‘ധ’കാരമദ്ധ്യമാക്കിത്തെററിച്ച്, മി: പി. കെ. നാരായണപിള്ളയെപ്പോലുള്ള ഒരു പണ്ഡിതാഗ്രേസരൻ,തന്നെ എടുത്തു ‘താറുമാറാ’ക്കുമെന്നു പാവപ്പെട്ട ഒരു സംസ്കൃതപ്രത്യയം വിചാരിച്ചിട്ടുണ്ടാവുകയില്ല. വാസ്തവത്തിൽ, ഇവിടെ ‘ദധ്ന’ എന്നല്ല, ‘ദഘ്ന’ എന്നാകുന്നു പ്രത്യയം. ഗുരുകുലക്ലേശമനുഭവിയ്ക്കാതെ, ഉപരിപ്ളവദൃഷ്ടിയോടുകൂടി, ദേവനാഗരലിപികളോടു സമീപിക്കുന്ന പ്രാജ്ഞംമന്യമനസ്സുകൾക്കു ചിലപ്പോൾ ഇപ്രകാരമെല്ലാം പററുന്നതു് അദ്ഭുതാവഹമല്ല. എന്നാൽ, മി: പി. കെ. യേപ്പോലെ പാണ്ഡിത്യവും പ്രായവും പരിചയവും കൂടിയവർക്ക് ഇങ്ങനെ പററുവാൻ സങ്ഗതിയെന്തായിരിയ്ക്കാം?

10. "...ഇങ്ങനെ വൈയാകരണമായ ഒരു കരണംമറിച്ചിൽ"- P. 56—എന്നതിലെ 'മറിച്ചിൽ' ശരിയായ രൂപമല്ലെന്നാണു തോന്നുന്നതു്. 'മറിച്ചൽ' എന്നു് അകാരോപധമായിട്ടാണു്, ഇകാരോപധമായിട്ടല്ല, 'മറി' ധാതുവിൽനിന്നു കൃദ്രൂപത്തെ നിഷ്പാദിപ്പിക്കുമ്പോൾ സിദ്ധിയ്ക്കുന്ന രൂപവിശേഷം. ഭാഷയിലെ കൃതികൃത്പ്രത്യയങ്ങളായ 'അൽ' പ്രവൃത്തി, 20—എണ്ണത്തിൽ, 2-ാമത്തേതായിട്ടു 'കേരളപാണിനി' കൈക്കൊണ്ടിരിയ്ക്കുന്ന 'തൽ' പ്രത്യയം, താലവ്യാദേശാദികൾ വന്നു്, 'ച്ചൽ' എന്നാവുകയാണു്. 'ച്ചിൽ' എന്നു വരുവാൻ ഒരു വഴിയും ഇല്ലതാനും. വല്ല സംശയവും തോന്നുന്നുണ്ടെങ്കിൽ, 'കേരളപാണിനീയം'തന്നെ നോക്കുക. "മറി—മറിച്ചൽ" എന്നിങ്ങനെ, 314-ാംപുറത്തു് ഉദാഹരിച്ചിട്ടുണ്ടു്. അജ്ഞാപരാധം അക്ഷന്തവ്യമല്ല; അഭിജ്ഞാപരാധമാകട്ടെ, നേരേമിറിച്ചും!

11. "ഇദ്ധ്മപ്രവ്രശ്ചനം=കോടാലി (ഇദ്ധ്മം=വിറകു്; പ്രവ്രശ്ചനം=മുറിയ്ക്കുന്നതു്. 'പ്രവ്രശ്ചനം' എന്നതു " 'വ്രശ്ചൂ' ഛേദനേ" എന്ന ധാതുവിൽനിന്നു 'കൃത്' പ്രത്യയമായ 'ല്യുട്' (അന)ചേർത്തുണ്ടാക്കിയതാകുന്നു.)" P. 90.

ഇവിടെ, 'ദ്ധ്' എന്നു വേണമെന്നില്ല. 'ധ്' എന്നു മതിയാകും. ഇടയ്ക്കുകാണുന്ന 'പ്ര' യും ആവശ്യമുള്ളതല്ല. 'ഇധ്മവ്രശ്ചനം'— എന്നു മതി. "ഇധ്മസ്യ വ്രശ്ചന ഇധ്മവ്രശ്ചനഃ"—എന്നു ഭട്ടോജിദീക്ഷിതർ ഉദാഹരിച്ചിരിയ്ക്കുന്നതു നോക്കുക. "യാജകാദിഭിശ്ച"—എന്ന പാണിനിസൂത്രത്തിൻെറ വ്യാഖ്യാനത്തിൽ ഉണ്ടു്. 'പ്രവ്രശ്ചനം' എന്നു പദം സ്വീകരിയ്ക്കയും, അതിൻെറ വ്യുത്പത്തി പ്രദർശനത്തിൽ 'പ്ര'യേ മറക്കുകയും, അഥവാ മറയ്ക്കുകയും ചെയ്തതു്, മറെറാരു 'കൺകേട്ട്' അല്ലെങ്കിൽ 'കൺകെട്ടു്' ആയിതാനും!

12. 101-ാംവശത്തു്, "കുദശപം, കുദശനം"—എന്നു കാണപ്പെടുന്നതു്, കദശപമെന്നും കദശനമെന്നും തിരുത്തിയേ മതിയാവൂ.

13. "കഡംരനിറമുള്ളവൻ"—എന്നു 99-ാംവശത്തു് ഉദാഹരിച്ചിരിക്കുന്നതു്, 'കഡാര'—എന്നിങ്ങനെ, അനുസ്വാരം വിട്ടു്, ദീർഘം ചേർക്കേണ്ടതത്രെ.

14. "പ്രതിപദചന്ദ്രൻ എന്നർത്ഥം" എന്നു്, 85-ാം വശത്തു് അർത്ഥംപറഞ്ഞിരിയ്ക്കുന്നു. അതു്, 'പ്രതിപച്ചന്ദ്രൻ' എന്നാക്കേണ്ടതാണു്. 'പ്രഥമാ' തിഥി എന്ന അർത്ഥമാണല്ലൊ, പദംപ്രതി എന്ന അർത്ഥമായിരിയ്ക്കയില്ലല്ലൊ, ഇവിടെ 'പ്രതിപദ' ശബ്ദത്തിനു വിവക്ഷിച്ചിരിയ്ക്കുക. ആ വിവക്ഷിതാർത്ഥത്തിലാണു്, 'പ്രതിപത്'—എന്നു വരേണ്ടതു്.

"പ്രതിപത് പാഠശീലസ്യ
വിദ്യേവ തനുതാം ഗതാ"

ഇത്യാദി ആദികവിപ്രഭൃതികൾ പ്രയോഗിച്ചിരിയ്ക്കുന്നതു നോക്കുക. 'അമരകോശം' മുതലായ അഭിധാനഗ്രന്ഥങ്ങളും നോക്കിക്കൊൾക!

15. "ഉ, ഋ, ഌ, ഇവയെല്ലാംകൂടി 'ഉക്' എന്നു പേർ." P. 52. എന്നു വിധിച്ചാൽ, ഈ മൂന്നു വർണ്ണങ്ങൾക്കുംകൂടിയേ—സമുദായത്തിന്നേ—ഉക്സംജ്ഞയുള്ളൂ, എന്നല്ലെ അർത്ഥം? വാസ്തവത്തിൽ അങ്ങനെയല്ലല്ലോ? സമുദായത്തിന്നും, ഓരോന്നിന്നും, ഉക്സംജ്ഞ വരുമല്ലോ? അന്ത്യേനേതാസഹിത ആദിർമദ്ധ്യഗാനാം സ്വസ്യ ച സംജ്ഞാ സ്യാത്"—എന്നല്ലെ, "ആദിരന്ത്യേന സഹേതാ"—എന്ന പാണിനിസൂത്രത്തിന്റെ വൃത്തി? അതേ, അതേ. അതുകൊണ്ട്, ആ വാക്യത്തിലെ വെടിപ്പും, വെടിപ്പുപോരായ്കയും തിരുത്തേണ്ടതുതന്നെ.

16. "......എന്ന രണ്ടു സംസ്കൃതവാക്കുകൾ യാതൊരു സന്ധിയും ചെയ്യാതെ 'സൈനികഉദ്യോഗസ്ഥൻ' എന്നു പ്രയോഗിക്കുന്നതു ദുഃശ്രവമാകുന്നു." P, 25. എന്നും,—" 'സൈനിക "ആശുപത്രി" എന്നു പ്രയോഗത്തിൽ ആശുപത്രി എന്ന വാക്കു സംസ്കൃതമല്ലായ്കയാൽ മുറയ്ക്കു 'സൈനികയാശുപത്രി' എന്നു യകാരാഗമത്തോടുകൂടി സന്ധിചെയ്യേണ്ടതാണ്"—P 31. എന്നും ഉപദേശിയ്ക്കുന്ന ഗ്രന്ഥകാരൻ, "ദക്ഷിണഇൻഡ്യൻനഗരം" P. 20—എന്നും "ഈച്ച ഇല്ലായ്മ" P. 79—എന്നും മററും സന്ധിചെയ്യാതെ എഴുതിവിട്ടിരിക്കുന്നത് എന്തുകൊണ്ടാണ്? 'ഇൻഡ്യൻ' ഈച്ച' എന്നീ ഉത്തരപദങ്ങൾ സംസ്കൃതങ്ങളല്ലാതിരിയ്ക്കെ, 'യ'കാരാഗമംവരുത്തി വിസന്ധിയെ പരിഹരിയ്ക്കാമായിരുന്നില്ലേ? ഇതിലേറെക്കഷ്ടമാണു, ശബ്‌വികരണം—ലുഗ്‌വികരണം—തരബ്‌ലോപം എന്നിങ്ങനെ സന്ധി ചെയ്തുകാണിയ്ക്കാതെ,—

"ഇവ 'ശപ്'വികരണം, ഇവ 'ലുക്'വികരണം" P. 51—
"തരപ്‌ലോപംചെയ്ത്" P .89—

എന്നുതുടങ്ങിയ വിസന്ധിപ്രയോഗങ്ങൾ. 'ദുഃശ്രവ'ത്വംമാത്രമല്ല, ദുർവ്വചത്വം ദുസ്സഹത്വം എന്നിവകൂടിയും ഉള്ള പ്രയോഗങ്ങളാണ് അവ.

17. "ദഗ്ധപ്രരൂഢം=ചുട്ടുകിളിച്ചത്" P, 97. എന്നർത്ഥം പറഞ്ഞിരിയ്ക്കുന്നതു ശരിയല്ല. 'കത്തിക്കിളിച്ചത്' എന്നോമറേറാ മാററണം അത്. ദഗ്ധം എന്നത്, പ്രയോജകപ്രകൃതികമല്ലല്ലൊ; കേവലപ്രകൃതികമല്ലേ? 'അന്തർഭൂതണിച്'കമെന്നുംമററും മറുവടിപറയാൻ തുടങ്ങിയാലും, ഒടുവിൽ നിലകിട്ടുകയില്ല. തിരുത്തുകതന്നെ ഉത്തമം.

18. "നരഹത്തി, ആത്മഹത്തി എന്നു ചിലർ എഴുതാറുണ്ട്. അതു ശരിയല്ല. നരഹത്യ, ആത്മഹത്യ എന്നു വേണ്ടതാണ്." P. 77. ഈ സിദ്ധാന്തം അത്ര സാരമുള്ളതല്ല. എന്തെന്നാൽ, പഴയ മലയാളത്തിലും തമിഴിലും 'ഹത്തി' എന്നു കാണ്മാനുണ്ട്, വ്യവഹാരമാല, ഭാഷ്യസാരം മുതലായ പ്രാചീനഭാഷാഗ്രന്ഥങ്ങൾ പരിശോധിയ്ക്കുക. 'ഹത്യ'യുടെ തദ്ഭവമായിട്ടു 'ഹത്തി'യെ ഡാക്ടർ ഗുണ്ഡർട്ടും സ്വീകരിച്ചിരിയ്ക്കുന്നു. 'ബ്രഹ്മഹത്യ' എന്ന പദം എടുത്തുകൊണ്ട് അദ്ദേഹം പറഞ്ഞിരിയ്ക്കുന്നതു നോക്കുക. ആ ഭാഗം ഇവിടെ പകർത്താം:—"ബ്രഹ്മഹത്യ S.,—ത്തി Td bh. Vym. murder of a Brahman.—" P. 755 തദ്ഭവശബ്ദങ്ങളെ തള്ളുകയല്ലല്ലൊ, കൊള്ളുകയല്ലെ മലയാഴ്മയുടെ മുറ?

19. "ചെയ്യിപ്പിച്ചു എന്നൎത്ഥം" P. 348. ചെയ്യിച്ചു എന്നുമതി. 'പ്പി' തീരെ അനാവശ്യവും ആക്ഷേപയോഗ്യവും ആണ്. കാരിതകൃതികൾക്കല്ലാതെ, അകാരിതങ്ങൾക്കും, കാരിതാകാരിതഭേദമില്ലാത്തവയ്ക്കും, പ്രയോജകരൂപത്തിൽ, 'പ്പി' വരുകയില്ല എന്നുള്ള ഭാഷാവ്യാകരണനിയമം ഏററവും 'നാടോടി'യാണെന്നിരിയ്ക്കെ, മി: പി. കെ. തുടങ്ങിയ പണ്ഡിതപ്രകാണ്ഡങ്ങൾ അതു പാടെ തെററിച്ചാലോ!!

"അൎത്ഥവിവക്ഷകൂടാതെ രണ്ടും മൂന്നും പ്രയോജകപ്രത്യയങ്ങളെ ചിലർ പ്രയോഗിയ്ക്കുന്നതു പിഷ്ടപേഷംപോലെ അനാവശ്യവും, പൊട്ടിന്മേൽ പൊട്ടുപോലെ അഭങ്ഗിയും ആകുന്നു."—

എന്നു കേരളപാണിനീയകാരൻ പരിഹസിച്ചിരിയ്ക്കുന്നതു പി. കെ. അവൎകളെ സാദരം സ്മരിപ്പിയ്ക്കട്ടെ!

20 "ദിവാകരസ്പൎശം ചെയ്യിപ്പിയ്ക്ക എന്നാൽ ആദിത്യനെ തൊടിയിപ്പിയ്ക്കുക എന്നാണൎത്ഥം." P. 334. ഈ വാക്യത്തിലെ 'ചെയ്യിപ്പിയ്ക്ക'യും, 'തൊടിയിപ്പിയ്ക്കുക'യും അബദ്ധങ്ങളാണെന്നു വേറെ പറയേണ്ടതില്ലല്ലൊ.

"ദിവാകരസ്പൎശം ചെയ്യിക്കുവാൻ"—എന്ന് ഏതോ ഗ്രന്ഥകാരൻ എഴുതിയതിനെ ആക്ഷേപിയ്ക്കുമ്പോഴാണ് ഈ അബദ്ധം പിണഞ്ഞുകാണുന്നത് എങ്കിൽ, അതെത്രതന്നെ ശോചനീയമല്ല! 45-ാംപേജിലും, ഈ 'ചെയ്യിപ്പിയ്ക്ക' കടന്നുകൂടിയിട്ടുണ്ട്. "ചെയ്യിപ്പിക്കുന്നു"—എന്ന്, 55-ാംവശത്തും കാണപ്പെടുന്നു. എല്ലാം വളരെക്കഷ്ടം!

21. "കുശലാദി......കൊശല്യം" P. 153. ഇതിലെ 'കൊ' 'കൌ' ആകേണ്ടതാണ്. 'വൃദ്ധി'യാണല്ലൊ വരേണ്ടതു്. അതു മാററുന്നതെന്തിന്?

22. "സന്നിഗ്ധാൎത്ഥങ്ങളും ഭ്രമകരങ്ങളും." P. 338. എന്നതിലെ 'ന്നി' 'ന്ദി' എന്നല്ലാതെ വന്നതു് എത്രയും കഷ്ടമായി! മി: പി. കെ. യേ

പ്പോലുള്ളവർ വാമൊഴിയിൽപോലും, ഇങ്ങനെ പ്രയോഗിച്ചുകളയുമെന്നു ജനങ്ങൾക്കു ധാരണയില്ല.

23. " 'അങ്ങനെ' 'അങ്ങിനെ' ഈ രൂപദ്വയത്തിൽ 'അങ്ങിനെ' എന്നു 'ഇ'കാരം ചേർത്തെഴുതുന്നതു സ്വീകാരയോഗ്യമല്ല. 'അങ്ങ്' എന്നതിനോടുകൂടി 'അനെ' എന്ന പ്രകാരവചനപ്രത്യയം ചേർക്കുമ്പോൾ 'അങ്ങനെ' എന്നേ രൂപസിദ്ധിക്കു കാര്യമുള്ളു." P. 3—

എഴുതേണ്ടതു് 'അങ്ങനെ' എന്നുതന്നെ. * അതിൻെറ വ്യുത്പത്തിപ്രദർശനം നല്ല പന്തിയായയൊ? 'കേരളപാണിനീയം' 206-ാംപേജിൽ (1-ാംപതിപ്പെങ്കിൽ, 151-ാംവശത്തു്) ഇപ്പദത്തിൻെറ വ്യുത്പത്തി കാണിയ്ക്കപ്പെട്ടിട്ടുണ്ടു്. അതിൻെറ സാരം, അ, ഇ, എ—എന്ന സർവ്വനാമങ്ങളോടു "ങനം(=പ്രകാരം)" എന്ന തമിഴശബ്ദവും തദുപരി 'ഏ' എന്ന 'നിപാത'വും ചേൎന്നു്, അങ്ങനെ, ഇങ്ങനെ, എങ്ങനെ, എന്ന പദങ്ങൾ ഉണ്ടാകുന്നു എന്നത്രെ. മി: പി. കേ. യുടെ പോക്കു മുൻപറഞ്ഞതും! ഗുരുശിഷ്യന്മാർ ഇത്ര അകന്ന വഴികളിൽക്കൂടി നടന്നുതുടങ്ങിയാൽ, സാധാരണന്മാർ എന്തു ചെയ്യണം? ഏതിനേ പ്രമാണിയ്ക്കണം? അഥവാ, മി: പി കെ. അന്ധാളിച്ചതായിരിയ്ക്കുമോ? അല്ലെങ്കിൽ, 'കേരളപാണിനീയ' മതത്തിലുള്ള അനുപപത്തി ചൂണ്ടിക്കാണിച്ചു്, സ്വമതത്തെ ഉപപാദിയ്ക്കേണം.

24. " 'വെച്ചു' 'വെയ്ക്കുന്നു' ഇത്യാദിയിൽ എകാരം അനാവശ്യമാണു്. 'വച്ചു' 'വയ്ക്കുന്നു' ഇത്യാദി രൂപം മതി. 'വയ്' എന്നാണു ധാതു." P. 7.

"നഹി കസ്തൂരികാഗന്ധഃ
ശപഥേന നിവാൎയ്യതേ."

എന്നു സബഹുമാനം ഓൎമ്മിപ്പിയ്ക്കട്ടെ. കാൎയ്യകാരണഗതിയൊന്നും കാണിയ്ക്കാതെ യഥേഷ്ടം വിധിച്ചേച്ചാൽ മതിയോ? പോരതന്നെ. കേരളപാണിനീയ'ം ഒന്നാംപതിപ്പിൻെറ പരിശിഷ്ടം നോക്കുക:—

"വൈ=അൎപ്പിയ്ക്ക, ചമയൽചെയ്ക." P. 355. അല്ലെങ്കിൽ, അതിൻെറതന്നെ 175-ാംപുറം നോക്കുക.

"വൈ—വൈത്തു(=വെച്ചു.)"

പരിഷ്കരിച്ച പതിപ്പിൽ, 'വച്ചു, എന്ന രൂപംകൂടി കാണിച്ചിട്ടുണ്ടെന്നുമാത്രം വിശേഷം. 'വെച്ചു'വിനെ തള്ളിക്കളഞ്ഞിട്ടില്ലതന്നെ. 'വൈ' എന്നാണു്, 'വയ്' എന്നല്ല ധാതു എന്നും, 'വെ' എന്നതിലെ എ

* 'അങ്ങിനെ' സാധുവാണു് എന്നു സമൎത്ഥിച്ചു് ഒരു മാന്യൻ പ്രസ്തുതഗ്രന്ഥവിഷയകമായിതന്നെ ഒരു ലേഖനം അയച്ചുതന്നിട്ടുണ്ടു്. (ഗ്ര—പ)

കാരം നിർമ്മൂലമോ ആക്ഷേപാർഹമോ പരിത്യാജ്യമോ അല്ലെന്നും ഇതു കൊണ്ടു സിദ്ധിയ്ക്കുന്നു. പിന്നെ, മി: പി. കെ. യുടെ സിദ്ധാന്തത്തിന്നെന്തർത്ഥം?

25. " 'തെളിയുക' എന്ന ധാതുവിൽനിന്നായിരിയ്ക്കണം 'തെളങ്ങുക' എന്ന രൂപസിദ്ധി. അതുതന്നെ, 'തിളങ്ങുക' എന്ന രൂപത്തെ പ്രാപിയ്ക്കുന്നു." P. 2—എന്നു കാണുന്നു. ഇതും നല്ല നേരെയായിട്ടുള്ളതല്ല. ഒന്നാമതു്, 'തെളിയുക' എന്നതു് ഒരു ശുദ്ധധാതുരൂപമല്ല. 'തെളി' ധാതുവിന്റെ നടുവിനയെച്ചരൂപമാണു്. 'തെളി'എന്ന ധാതുവിൽനിന്നു് എന്നുതന്നെ പറയേണ്ടിയിരുന്നു. അഥവാ, "ഉകധാതുക്കുറിപ്പിൽ" എന്നുള്ള പഴയ കേരളപാണിനീയ സൂത്രത്തെ വകവെച്ചു്, "തെളിയുക എന്ന ധാതു" എന്നും പറയാമെന്നു സമ്മതിയ്ക്കാം. എന്നാലും, 'തെളിയുക'യ്ക്കും, 'തെളങ്ങുക'യ്ക്കും തമ്മിൽ ആഭ്യന്തരമായ ഒരു സംബന്ധവുമില്ലെന്നും, അവയിലൊന്നു് അന്യത്തിന്റെ ജന്യമല്ലെന്നും പറകവേണ്ടിയിരിയ്ക്കുന്നു. 'തെളങ്ങുക' എന്നതു് ഒരു സാധുരൂപമോ, പ്രാമാണികപ്രയുക്തമോ ആണെന്നും തോന്നുന്നില്ല. പിന്നെ, 'തെളങ്ങുക'യല്ല, "തിളങ്ങുക എന്ന രൂപത്തെ പ്രാപിയ്ക്കുന്ന"തു്. 'തിളങ്ങുക' എന്ന ശരിയായ രൂപത്തിന്റെ വെറും വികൃതിയാണു 'തെളങ്ങുക'. അവസാനമായി, 'തെളിയുക'യും 'തിളങ്ങുക'യും വേറെവേറെ ധാതുക്കളിൽനിന്നുണ്ടായ പദങ്ങളാണു്, എന്നും പറഞ്ഞുകൊള്ളട്ടെ! 'തെളി' എന്നും, 'തിളങ്' എന്നും ധാതുക്കൾ. നോക്കുക:—

"തെളി=പ്രസാദമുണ്ടാക്കുക."
"തിളങ്=മിന്നിപ്രകാശിയ്ക്കു."
(കേരളപാണിനീയം-ധാതുപാഠം.)

മി: പി. കെ. യുടെ അഭ്യൂഹങ്ങളും സിദ്ധാന്തവും ശരിയല്ലെന്നു് ഇനി വേറെ പറയേണ്ടതില്ലല്ലോ?

26. രണ്ടാംവശത്തെ 'ടിപ്പണി'യിൽ, "മേല്പട്ടുള്ള നിരൂപണംകൊണ്ടു്"—എന്നൊരു ഭാഗം കാണുന്നു. ഇതിന്നു്, മേൽപട്ടു ധരിച്ചിരിയ്ക്കുന്ന നിരൂപണമെന്നുംമററുമല്ല അർത്ഥം വിവക്ഷിച്ചിരിയ്ക്കുന്നതെങ്കിൽ, "മേല്ലെട്ടുള്ള" എന്നോ "മേല്പോട്ടുള്ള" എന്നോതന്നെ എഴുതണം. ഈ അബദ്ധപ്പണി ഗ്രന്ഥകാരന്റെ സ്വന്തം വകയല്ലെന്നും, അദ്ദേഹത്തെ അടിയ്ക്കടി ഉത്സാഹിപ്പിച്ചുകൊണ്ടിരുന്ന ക്യൂറേറർ മി: ശാസ്ത്രികളുടെ (സാംബശിവ) വകയാണെന്നും, മി: പി. കെ. യുടെ 'പ്രസ്താവന' സൂക്ഷിച്ചുനോക്കുന്നവൎക്കു് അറിയാം. ക്യൂറേറൎക്കു് അബദ്ധങ്ങൾ അച്ചടിച്ചു പരത്തുവാൻ, ഒരു തുറതന്നെ വിട്ടുകിട്ടിയിരിയ്ക്കുന്ന സ്ഥിതിയ്ക്കു്, മി: പി. കെ. യുടെ ഗ്രന്ഥത്തിലും കൂടികടന്നു്, ഇപ്രകാരം അക്രമത്തിനൊരുമ്പെ

ടേണ്ടതില്ലായിരുന്നു അദ്ദേഹം! തെററു പരത്തുന്നതിലും മി: പി. കേ. യെ സഹായിയ്ക്കുകയോ? തനിച്ചുപോരെയോ?

27. " 'കാരാഗൃഹാലിവനെ' എന്നാദിക്കിൽ കാരാഗൃഹാത് + ഇവനെ എന്നാണു പദച്ഛേദം ചെയ്യേണ്ടതു്. 'കാരാഗൃഹാത്' എന്നിടത്തു് അവസാനത്തിൽ ഇരിയ്ക്കുന്നതു 'ത്'കാരവും, പഞ്ചമീവിഭക്ത്യന്തവും ആണ്. അതിനെ ലകാരമാക്കിയതു ഭംഗിയല്ല." P. 39. ഏതു മുറപ്രകാരമാണ്, '...ഹാത്' എന്നു പദംപിരിയ്ക്കേണ്ടതു്? സംസ്കൃതത്തിലെ നിയമമനുസരിച്ചു് ("ഝലാം ജശോന്തേ"—എന്നു പാണിനിസൂത്രം) '.....ഗൃഹാദ്' എന്നുവേണം ഇവിടെ വരുവാൻ. "വാവസാനെ" എന്ന പാക്ഷികവിധിയ്ക്കു്, 'അവസാനം' അല്ലാത്തതുകൊണ്ടു്, ഇവിടെ പ്രവൎത്തിക്കുവാൻ തരമില്ല. ആകയാൽ, സംസ്കൃതമുറപ്രകാരം 'ഗൃഹാദ് + ഇവനെ' എന്നാണു പദച്ഛേദം വേണ്ടതു്, എന്നത്രെ പറയേണ്ടിയിരുന്നതു്. ആ മുറപ്രകാരം, 'ഗൃഹാദിവനെ' എന്നു സംഹിതയിൽ വരേണംതാനും. "തരാനാഥനിഭാനനേ! ഭവദടിത്താരാണെനിയ്ക്കാശ്രയം"—എന്നു സംസ്കൃതപക്ഷപാതിത്വം പ്രകടിപ്പിച്ചു്, 'ശ്രീസ്തുതി'യിൽ ശ്രീമത് കേരളവൎമ്മ വലിയകോയിത്തമ്പുരാൻ പ്രയോഗിച്ചിട്ടുള്ളതായും ഓൎക്കുന്നു. എന്നാൽ, ആ പ്രയോഗത്തെത്തന്നെ—'ഭവദടിത്താരി'നേ— 'തവ പദത്താർ' എന്നു മറെറാരു 'പതിപ്പി'ൽ തിരുത്തിയതായും അറിയാം. നേരെമറിച്ചു്, "ദന്താങ്കുരമകാരണസ്മിതവശാലേതാനുമാലക്ഷ്യമായ്"—എന്ന ഭാഗത്തിലും മററും, ഭാഷാപക്ഷപാതിത്വം കാണിച്ചു്, 'ദ'കാരം വേണ്ടുന്നേടത്തു 'ല'കാരം പ്രയോഗിയ്ക്കുകയും, അതു തിരുത്താതിരിയ്ക്കുകയും ആ മഹാത്മാവുതന്നെ ചെയ്തിട്ടുണ്ടു്. മററു മഹാകവികളുടേയും പരഃശതം പ്രയോഗങ്ങൾ 'ഈ ജാതി'യിൽ കാണിപ്പാൻ കഴിയും. 'ഗൃഹാത്' 'വശാത്' എന്നോ, 'ഗൃഹാദ്' 'വശാദ്' എന്നോ അല്ല, 'ഗൃഹാൽ(ല്)' 'വശാൽ(ല്)' എന്നിങ്ങനെയാണ്, മലയാളികളുച്ചരിയ്ക്കുന്നതു് എന്നുള്ളതുകൊണ്ടാണ്, ഈദൃശപ്രയോഗോത്പത്തിയും, അതിന്നു സൎവ്വജനീനത സിദ്ധിച്ചതും. കേരളപാണിനീയാദി ഭാഷാവ്യാകരണഗ്രന്ഥങ്ങൾ ആ രീതിയെ അനുവദിച്ചുമിരിയ്ക്കുന്നു. അതിൻപ്രകാരം, ഈദൃശപഞ്ചമ്യന്തങ്ങളും, 'ആരാത്' തുടങ്ങിയ അവ്യയങ്ങളും, സ്വരാദിയായ ഭാഷാപദം പരമായ്‌വരുമ്പോൾക്കൂടിയും ലകാരാദേശവിശിഷ്ടങ്ങളാക്കിത്തീൎക്കുക കേരളീയരുടെ പതിവായി എന്നുതന്നെ പറയാം. പിന്നെ, ഇതിലെന്തു കുററമാണ് എടുത്തുപറയാൻ മാത്രമുള്ളതു്? ഏതായാലും, "ആരാലണഞ്ഞവളഴകു പതിഞ്ഞ മഞ്ഞ വീരാളി"—എന്നുതുടങ്ങി മഹാകവി വള്ളത്തോളിന്റേയും, "അമ്മയെന്നു നിനയ്ക്കേണം സമ്മദാലവളെസ്സദാ" എന്നും മററും കവിസാൎവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാന്റേയും, "ഈഷലരിന്നില്ലൊരീഷലെന്നുള്ളിൽ" എന്നു മുതലായി കേ

രളകാളിദാസൻേറയും, ഇതുപോലെ മററു മഹാകവിരത്നങ്ങളുടേയും പ്രയോഗങ്ങരം, "കാരാഗൃഹാലിവനെ" എന്നെഴുതിയ കൈയിൻ താങ്ങായിട്ടുണ്ടെന്നും പറഞ്ഞുകൊള്ളുന്നു.

28. " 'കരിണി' 'രാഗിണി' ഇത്യാദിയിൽ 'ന'കാരം 'ണ'കാരമാകുന്നതു സന്ധികാൎയ്യവും.........വുമാകുന്നു." (49, 50) എന്നു കാണുന്നതും നല്ല ശരിയല്ലെന്നു തോന്നുന്നു. എന്തെന്നാൽ, സന്ധികാൎയ്യമെന്നല്ല, സമാനപദത്വനിമിത്തം എന്നാണു പറയേണ്ടതു്. "രഷാഭ്യാം നോ ണഃ സമാനപദേ"—എന്നാണല്ലൊ സൂത്രം. "പരഃ സന്നികൎഷഃ സംഹിതാ" എന്ന സൂത്രത്തിൻെറ സൂക്ഷ്മാൎത്ഥം ചിന്തിക്കാഞ്ഞതുകൊണ്ടാണു്, ഇങ്ങനെ 'സന്ധികാൎയ്യ'മെന്നു പറഞ്ഞുപോയതു് എന്നു തോന്നുന്നു. പ്രകൃതോദാഹരണങ്ങളിൽ, വൎണ്ണങ്ങരംക്കു് അതിശയിതമായ സന്നിധി ഇല്ലെന്നും, 'അഡാ' ദിവ്യവധാനമുണ്ടെന്നും മററും എത്രയും സ്പഷ്ടമാണല്ലൊ.

29. " 'ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി;' 'കൽകളിൽ ചേൎക്കുന്ന ദീൎഘനോട്ടം'—ഈ പ്രയോഗങ്ങളിൽ തൎക്കിയ്ക്കേണ്ട കാൎയ്യമുണ്ടു്. 'കൺകൊണ്ടു്, എന്നതു 'കണ്ണുകൊണ്ടു്" എന്നും, 'കൽകരം' 'കല്ലുകരം' എന്നും ആയിരുന്നെങ്കിൽ യാതൊരു കുററവും പറയുവാനില്ല. 'കൺ' 'കൽ' ഇത്യാദി വ്യഞ്ജനാന്തങ്ങളായ വാക്കുകരം തനിയെ നില്ക്കുമ്പോരം, കണ്ണു്' 'കല്ലു്' ഇങ്ങനെ സംവൃതോകാരാന്തമായും, വ്യഞ്ജനപൂൎവ്വമായ പ്രത്യയങ്ങളുടേയൊ അസമസ്തവാക്കുകളുടേയോ യോഗത്തിൽ, 'കണ്ണുകരം' 'കല്ലുകരം' ഇങ്ങനെ വിവൃതോകാരമായും പരിണമിയ്ക്കുന്നു.................'വാക്' എന്ന വ്യഞ്ജനാന്തശബ്ദം, 'വാക്കു്,' 'വാക്കുകരം' 'വാക്കുകൊണ്ടു്" എന്നിങ്ങനെ ആകുന്ന സ്ഥിതിയ്ക്കു്, 'കൺ' 'കണ്ണു്" 'കണ്ണുകരം' 'കണ്ണുകൊണ്ടു്" എന്നും 'കൽ' 'കല്ലു്" കല്ലുകരം എന്നും ആയിരിയ്ക്കേണ്ടതു യുക്തം. "കുന്തളച്ചുരുരംകളിൽ" എന്ന പ്രയോഗത്തിലും മേല്പറഞ്ഞ ആക്ഷേപം ഉണ്ടു്."—P. 39, 40.

ഈ ആക്ഷേപങ്ങളെല്ലാം അസങ്ഗതങ്ങളാണു്. ൺ, ൽ, രം— എന്നിവയ്ക്കുള്ളതു വെറും വ്യഞ്ജനത്വമല്ല; 'ചിൽ'ത്വമെന്ന ധൎമ്മമാണു്. ചില്ലുകരംകൊണ്ടവസാനിയ്ക്കുന്ന പദങ്ങരം സംവൃതോകാരാന്ത' മല്ലാതെയും "തനിയെ നില്ക്കും." "യകാരചില്ലുകരം വികല്പേന"—എന്ന കേരളപാണിനീയസൂത്രവും, "ശബ്ദാന്തത്തിൽ വരുന്ന വ്യഞ്ജനം യകാരമോ ചില്ലുകളോ ആകുന്നപക്ഷം അവയ്ക്കു് ഈ സംവൃതാഗമം വികല്പേനയേ ഉള്ളൂ."—എന്നിങ്ങനെ അതിനുള്ള വൃത്തിയും ഓൎമ്മിച്ചുനോക്കുക. അഥവാ,—

"പദാന്തേ വ്യഞ്ജനംവന്നാൽ
സംവൃതം ചേൎത്തു ചൊല്ലുക;
ചില്ലുമാത്രം സംവൃതത്തിൻ-
സാഹ്യംക്രൂടാതെയും വരും"

എന്നുള്ള 'കേരളപാണിനീയ'കാരിക ഇവിടെ ഒരു താരികയാകട്ടെ.

'ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി' എന്നതു മഹാകവി വള്ളത്തോളിന്റെ ഒരു പ്രയോഗമാണ്.

"കൺ, കാതു, മൂക്കെന്നിവകൊണ്ടു നിശ്ചയം—
തങ്കായ്കയാൽ"—

എന്നു മഹാകവി ഉള്ളൂർ, 'ഉമാകേരള'ത്തിലും പ്രയോഗിച്ചിട്ടുണ്ട്. ഈ രണ്ടു പ്രയോഗങ്ങൾക്കും വളരെ മുൻപാണ്,

"മഷി തടകാത്തൊരു കൺ തിരിച്ചു പാർത്താൾ"
"നിമിഷമടച്ചൊരു കൺ തുറന്നു വേഗാൽ"

എന്നും മററും പ്രഫ്സർ ഏ. ആർ. തമ്പുരാൻ പ്രയോഗിച്ചിട്ടുള്ളതു്.

"ആർത്തുവസന്തമലർമാതിനു കൺ കുളിർത്തു"

ഇത്യാദി പലതും 'ചന്ദ്രോത്സവ'ത്തിലും മററും കാണാം. പോരാ,

"കൺകൊണ്ടിന്ദീവരാണാം, കുറിയശിരസിജൈഃശൈവലാനാം"

എന്ന'ലീലാതിലക'പദ്യാംശത്തിൽ, 'കൺകൊണ്ടു്' എന്നുതന്നെയും ഉണ്ടു്. 'ലീലാതിലക'ത്തിൽത്തന്നെ,—

"മാഴ്കിന്റെ മാൻകൺ, മദിരേക്ഷണേ! നിൻ"—
"അരവിന്ദാനനേ! നിന്നുടേ ചൊൽ—
"താവകം കാർനെടും കൺ"—
"വിൽപോലെ പുരികം......മനം കൽപോലെ.........
വേൽപോലെ നയനങ്ങൾ......പാൽപോലെ"—

എന്നിങ്ങനെ ഈ വകയ്ക്കു് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും കാണാൻ കഴിയുന്നു. അപ്പോൾ, പ്രാചീനരും നവീനരും ആയ മഹാകവികൾ കൈക്കൊണ്ടിരിയ്ക്കുന്നതും വൈയാകരണസമ്മതി സിദ്ധിച്ചിരിക്കുന്നതും ആണു്, പ്രകൃതപ്രയോഗപരിപാടി എന്നു വരുന്നു. പിന്നെ, അതിലെന്താണ്, "തക്കിയ്ക്കേണ്ട കാര്യം?"

30. " 'മാധവിഹരണം' എന്നിടത്താകട്ടെ, മാധവീ ഹരണം എന്ന രണ്ടു വാക്കുകളും സംസ്കൃതമായിരിയ്ക്കേ, മാധവി എന്ന ഹ്രസ്വരൂപത്തിനു ന്യായമായ സമാധാനമില്ല. 'മാധവീഹരണം' എന്നുതന്നെ സമാസിയ്ക്കേണ്ടതാണ്."........................................

'സുമിത്രജാതൻ' എന്ന ലക്ഷ്മണാൎത്ഥത്തിൽ പ്രയോഗിച്ച കവി, 'സുമിത്രാജാതൻ' എന്നു് എഴുതേണ്ടിയിരുന്നു. 'മാധവീ' എന്ന വാക്കു 'ങീപ്' പ്രത്യയാന്തമാകയാൽ, ഈകാരഹ്രസ്വീകരണത്തിനു് അതിൽ അവകാശമില്ല. P. 40—41.

പ്രഥമദൃഷ്ടിയിൽ ശരി എന്നു തോന്നാമെങ്കിലും, സൂക്ഷ്മത്തിൽ സാരമുള്ള സിദ്ധാന്തമല്ല ഇപ്പറഞ്ഞതും; കേവലം ഭ്രമമൂലകമാണ്. എന്തെന്നാൽ, പ്രകൃതത്തിൽ രണ്ടിടത്തും ഹ്രസ്വം വരാം. "ങ്യാപോഃസംജ്ഞാ ഛന്ദഃസാർബ്ബഹുലം"— എന്നുള്ള പാണിനിസൂത്രം അതിലേയ്ക്കു പ്രമാണം. 'മാധവീ' 'സുമിത്രാ'— ഇതുരണ്ടും സംജ്ഞകളും 'ങ്യാബ'ന്തങ്ങളും—ഈ എന്നും ആ എന്നും അവസാനിക്കുന്നവ എന്നു സാരം—ആണെന്നു പറയേണ്ടതില്ലല്ലൊ. ഈ പ്രമാണമനുസരിച്ച്, കാളിദാസാദിമഹാകവികൾ, സംസ്കൃതത്തിൽത്തന്നെ,

"വൈദേഹിബന്ധോർഹൃദയം വിദദ്രേ."

എന്നും മററും പ്രയോഗിച്ചിട്ടുമുണ്ട്. ഈ 'ന്യായമായ സമാധാന'ത്തോടു കൂടി, മാധവിഹരണം എന്നും സുമിത്രജാതൻ എന്നും പ്രയോഗിച്ച ഭാഷാകവികളൊ, അതോ, അതൊന്നും ശരിയല്ലെന്ന് വിധി കല്പിച്ച ആളൊ അധികം അധിക്ഷേപപാത്രമാവുക? അഹോ! ദുർവ്വിധിവിലാസം!!

31. 'ഇനിയ്ക്ക്' 'ചിലവ്' എന്നീ രൂപങ്ങൾ ശരിയാണെന്നു വരുത്തുവാൻ, 2-ാംപേജിൽ മി: പി. കെ. പ്രയത്നിച്ചിരിക്കുന്നു. 'കേരളപാണിനി' ഈ വിഷയത്തിൽ പറയുന്നതാവിതു്:—

"ചിലപ്പോൾ എകാരം വേണ്ടിടത്തു് ഇകാരം ഉച്ചരിയ്ക്കുമാറുണ്ട്. എനിയ്ക്ക്—ഇനിയ്ക്ക്; ചെലവ്—ചിലവ്. ഇതു കേവലം ഭ്രമമൂലകമാകുന്നു."

32, "രാജാവ്, അഹസ്സ്, സഖി ഈ ശബ്ദങ്ങൾ സമാസാന്തത്തിൽ അകാരാന്തങ്ങളായിത്തീരുന്നു................
ഈ നിയമമനുസരിച്ചു നോക്കുമ്പോൾ,

"നിദാഘാഹസ്സുപോലായിതേ."

എന്ന പ്രയോഗത്തിൽ, നിദാഘാഹസ്സ് എന്നതു്, "നിദാഘാഹം" എന്നു വേണ്ടതായിരുന്നു." P. 130.

അല്ലെന്നു സവിനയം പറഞ്ഞുകൊള്ളട്ടെ! തത്പുരുഷവിഷയത്തിലെ "രാജാഹസ്സഖിഭ്യഷ്ടച്" എന്ന പാണിനിസൂത്രം പ്രവർത്തിയ്ക്കുന്നുള്ളു. പ്രകൃതപ്രയോഗം, തത്പുരുഷസമാസവിശിഷ്ടമാണെന്നു ധരിച്ചതൊ, തത്പുരുഷനിലെ ഈ സമാസാന്തപ്രത്യയമായ 'ടച്' വരു എന്നു ധരിക്കാഞ്ഞതൊ ഗ്രന്ഥകാരനെ തെററിച്ചതു്? ഏതായാലും, ഈ "നിദാഘാഹസ്സിന്നു" കുററമൊന്നുമില്ല. "സതിയാൾ തന്മാനസം വേനലോ—ടേതാനം മഴയൊത്തുചേർന്നൊരു നിദാഘാഹസ്സു പോലായിതേ"--എന്നതാണു് ഉദാഹൃതപ്രയോഗം ചേർന്ന പദ്യപങ്ക്തി. ഇവിടെ മാനസാന്തരമായ ഭാഗം വിശേഷ്യവും 'നിദാഘാഹസ്സ്' എന്നുവരെയുള്ള ഭാഗം അതിൻെറ വി

ശേഷണവും ആകുന്നു. വിശേഷണത്തിലെ സമാസം 'ബഹുവ്രീഹി'യാണെന്നും, തത്പുരുഷനല്ലെന്നുംകൂടി പറയേണ്ടിയിരിക്കുന്നു. 'പോൽ' എന്നുള്ളതു് ഉപമാ വാചകമല്ല; ഉത്പ്രേക്ഷാ വാചകമാണ്. ഇത്രയും ധരിച്ചുകൊണ്ടു ചിന്തിച്ചാൽ, ഈ 'നിദാഘാഹസ്സ്' സാധിഷ്ഠമാണെന്നും, 'നിദാഘാഹ'മെന്നു തിരുത്തിയതു സങ്ഗതമായില്ലെന്നും ബോധപ്പെടാതെ വരുമോ? "നിദാഘാഹം കണക്കായിതേ"—എന്നോ തത്പുരുഷവിവക്ഷയിൽ, കവി പ്രയോഗിക്കു എന്നും വിചാരിക്കരുതേ?

33. 'പ്രസ്താവന'യുടെ 2-ാംപേജിൽ 'വരിക' എന്നു പ്രയോഗിച്ചു കാണുന്നു. അതു ശരിപ്പെട്ടത്തുക എളുപ്പമല്ല. അ, ക, ഉക— എന്നു മൂന്നു പ്രത്യയങ്ങളാണു 'നടുവിനയച്ച്' രൂപത്തെ കുറിക്കുവാനുള്ളതു്. ഉകാരത്തിൻെറ സ്ഥാനത്തു വള്ളിയ്ക്കു വഴിഞ്ഞു വരുവാൻ വഴിയൊന്നുമില്ല. ആകയാൽ, 'വരുക' എന്നു് അതും തിരുത്തേണ്ടിയിരിയ്ക്കുന്നു. കേരളപാണിനീയം 297-ാംവശത്തു നോക്കുക.

34. "സംരംഭശബ്ദത്തിനു പ്രസിദ്ധമായ അർത്ഥം, ആടോപമെന്നൊ ക്രോധമെന്നൊ ഒക്കെയാണ്......................ഗ്രന്ഥകാരൻെറ വിവക്ഷ 'സമാരംഭങ്ങൾ' എന്നാണെന്നു തോന്നുന്നു"— P. 341

എന്നു പറഞ്ഞു, ഇന്നു പ്രചുരപ്രചാരമായിരിയ്ക്കുന്ന 'സംരംഭത്തെ തടയുവാൻ മി: പി. കെ. ഉത്സാഹിക്കുന്നു. അതു വേണമെന്നു തോന്നുന്നില്ല "സംരംഭഃ കരികീടമേഘശകലോദ്ദേശേന സിംഹസ്യ യഃ"— ഇത്യാദി സുപ്രസിദ്ധ പദ്യത്തിലും "യഃ സംരംഭഃ കൃതി വിരചനേ" ഇത്യാദി ദീക്ഷിത പദ്യത്തിലും മററും സംസ്കൃതത്തിൽതന്നെ ആധുനികന്മാർ പ്രയോഗിച്ചുവരുന്ന അൎത്ഥത്തിൽ സംരംഭശബ്ദം. കാണ്മാനുണ്ട്. അതായതു് ഉത്സാഹം പ്രയത്നം—ഈ അർത്ഥങ്ങളിൽ.

തത്വം, മഹത്വം, സത്വം—എന്നു തുടങ്ങി, അനവധി പദങ്ങളെ കേരളീയർ തെററിച്ചെഴുതുന്നുണ്ട്. അവ, തത്ത്വം, മഹത്ത്വം, സത്ത്വം—എന്നിങ്ങനെ തകാരദ്വിത്വത്തോടുകൂടിയും മററും ആണ് എഴുതപ്പെടേണ്ടതു്. പ്രശസ്ത ഗ്രന്ഥകാരന്മാർ കൂടി ആചരിച്ചുവരുന്ന ആ വക തെററുകളും യഥായോഗ്യം 'ലിപി പ്രകരണ'ത്തിൽ കാണിയ്ക്കപ്പെടേണ്ടതായിരുന്നു.

അതുപോലെതന്നെ, സമാസപ്രകരണത്തിൽ പ്രഥമമായും പ്രധാനമായും കാണിയ്ക്കേണ്ടതായ ഒരു തത്ത്വമുണ്ട്. അതായതു്, സമാസം എവിടെയെല്ലാം ആവാം—എന്നു വിശേഷണത്തിന് പ്രാധാന്യം വിവക്ഷിച്ചു വിധേയത്വം നൽകുകയും, വിശേഷ്യത്തിന് അപ്രാധാന്യവും അനുവാദ്യത്വവും കല്പിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിലെങ്ങും സമാസം ചെയ്യുകൂടുന്നുള്ളതു് സാരജ്ഞയിഷ്ടമായ ഒരു രഹസ്യമാണ്,

"സംബന്ധമാത്രമർത്ഥാനാം
സമാസോഽവ്യവബോധയേത്
നോത്കർഷമപകർഷം വാ" ഇത്യാദ്യാചാര്യവചനങ്ങൾ
നോക്കുക. ആചാര്യൻ വീണ്ടുംപറയുകയാണ്—

"യത്രോത്കർഷോപകർഷോ വാ
വിശേഷ്യസ്യ വിശേഷണാത്
തദേവ വാ വിധേയം സ്യാത്
സമാസസ്തത്ര നേഷ്യതേ"— എന്നിങ്ങനെ സമാസ വിഷയത്തിൽ മാത്രമല്ല, കൃത്തദ്ധിത പ്രകരണങ്ങളിലും ഇക്കാര്യം വിളിച്ചു പറയുവാനുള്ളതായിരുന്നു. എന്തെന്നാൽ, കൃത്തദ്ധിത സമാസാത്മകങ്ങളായ വൃത്തികൾക്കൊന്നിന്നും തന്നെ, ഈദൃശമായ ഉദ്ദേശ്യ വിധേയ ഭാവത്തെ കാണിക്കുന്നതിന്നു കെല്പില്ല. അതുകൊണ്ടു ആചാര്യന്മാർ—

"വിധേയോദ്ദേശ്യ ഭാവോയം
വക്തും വൃത്ത്യാ ന പാര്യതേ."

എന്നുതന്നെ വിധികല്പിച്ചിരിയ്ക്കുന്നു. മലയാളത്തിലെ മികച്ച എഴുത്തുകാർ കൂടി മനസ്സിലാക്കിക്കാണാത്ത തത്ത്വങ്ങളാണ് മേല്പറഞ്ഞവ എന്ന്, അവരുടെ കൃതികളിൽ നിന്നറിയാവുന്നതാണ്. വെറും തദ്ധിത ശബ്ദങ്ങളെ പകർത്തുന്നതിന്നുണ്ടായ സംരംഭം, ഇപ്രകാരമുള്ള അഗ്രിമതത്ത്വങ്ങളെ യഥാവസരം പ്രകാശിപ്പിയ്ക്കുന്നതിലായിരുന്നെങ്കിൽ എത്ര മെച്ചമായേനെ! നേരെമറിച്ച്, ഏതാദൃശവിഷയങ്ങളെ കടാക്ഷിയ്ക്കുപോലും ചെയ്യിട്ടില്ലാത്തതു്, ഗ്രന്ഥകർത്താവിന്റെ പാണ്ഡിത്യഘോഷകത്തിന്ന് അത്യന്തം അനനുഗുണവുമാണ്.

ഇങ്ങനെ ഗാഢാലോചന ചെയ്യുമ്പോൾ, അനുക്തി, ദുരുക്തി, അന്യഥോക്തിമുതലായ പലേ ദോഷങ്ങളാലും ദൂഷിതമാണ് ഇതെന്നു കാണാമെങ്കിലും, മി: പി. കെ. യുടെ വ്യുത്പിത്സ പരിശ്രമം ആദിയായ സദ്ഗുണങ്ങൾക്ക് ഈ പുസ്തകം ഒരു ഉത്തമദൃഷ്ടാന്തമാണ് എന്നു പൊതുവെ സമ്മതിയ്ക്കാതെ തരമില്ല. മി: പി. കെ. യെപ്പോലുള്ള ഒരു പ്രചണ്ഡപണ്ഡിതപ്രഷ്ടന് അത്രമാത്രംകൊണ്ടു് തൃപ്തിപ്പെടാമോ? തന്റെ പ്രസിദ്ധിയ്ക്കും പ്രശസ്തിയ്ക്കും കുറേക്കൂടി ഇണങ്ങിയതും, ജിജ്ഞാസുക്കളുടെ വിജ്ഞാനത്തെ കുറെയുംകൂടി ലക്ഷീകരിച്ചതും, ഇതിനേക്കാൾ പ്രമാദപരിഹീണവും വിസ്രംഭാർഹവും ആവണം ശ്രീമാൻ പി. കെ. നാരായണപിള്ള അവർകളുടെ ഗ്രന്ഥനിർമ്മാണനൈപുണ്യമെന്നാണ് ഇജ്ജനം പ്രാർത്ഥിയ്ക്കുന്നതു്!

# ന്യായപ്രകാശിക.

(വിദ്വാൻ വൈ. നാരായണയ്യർ)

## 154. പഞ്ജരചാലനന്യായം.

കൂട്ടിനെ ഇളക്കുക എന്ന അൎത്ഥം. അഞ്ചു കിളികളെ ഒരു കൂട്ടിലിട്ടടച്ചിരിക്കുന്നു; അവയോരോന്നിനും വ്യക്തിഗതമായ വിഭിന്നവ്യാപാരങ്ങളുണ്ട്; എങ്കിലും അവ ഒന്നുചേൎന്ന് ആ കൂടിനെ ഇളക്കിമറിക്കുന്നു. അതുപോലെ ഭിന്നവ്യാപാരങ്ങളായ പ്രാണാപാനാദി പഞ്ചപ്രാണങ്ങൾ ദേഹപഞ്ജരത്തിനുള്ളിൽ നിബദ്ധമായിക്കിടന്നുകൊണ്ടു ദേഹത്തെ ചലിപ്പിക്കുന്നു. വിഭിന്നവ്യാപാരങ്ങളായ ആധേയശക്തികളാൽ ആധാരം ഇളകുന്നു എന്നു നിൎദ്ദേശിക്കുന്ന സന്ദൎഭങ്ങളിൽ ഈ ന്യായത്തിനു പ്രവേശം.

## 155. പൂൎണ്ണകുംഭന്യായം.

നിറകുടം തുളുമ്പുകയില്ലെന്നു പറയാറുണ്ടല്ലോ! അതുതന്നെ ഈ ന്യായം. അല്പവിദ്യക്കാർ തങ്ങൾക്കു സകലതും അറിയാമെന്നു നടിക്കുകയും, തങ്ങളുടെ അപദാനങ്ങളെപ്പററി തന്നത്താൻ തമ്പേറടിക്കുകയും ചെയ്യുന്നു. പൂൎണ്ണവിദ്യക്കാർ ഒച്ചപ്പാടുകൂടാതെ നിശ്ചലരായിരിക്കുന്നു. യഥാൎത്ഥവിദ്യയുടെ സാന്നിദ്ധ്യത്തിന്റെ ലക്ഷണമായുള്ള എടുത്തുചാട്ടമില്ലായ്മ എന്ന ഗുണവിശേഷം ഏതൊരുവനിൽ കാണപ്പെടുന്നുവോ ആ മഹാനെ "നിറകുടം" എന്നു പറയാം.

## 156. പ്രപാനകരസന്യായം,

പ്രപാനകം=പാനകമെന്നു പറയാറുള്ള പാനീയവിശേഷം. ശൎക്കര, ചുക്ക്, ഏലം, പച്ചക്കൎപ്പൂരം മുതലായ പല വസ്തുക്കളുടെ മേളനംകൊണ്ട് ആസ്വാദ്യതരമായ പാനകദ്രവം ഉണ്ടാകുന്നു. അതുപോലെ വിഭാവാനുഭാവവ്യഭിചാരിഭാവങ്ങളുടെ കലൎപ്പുകൊണ്ടു ശൃംഗാരാദിരസങ്ങളിൽ അപൂൎവ്വമായ ഒരു ആഹ്ലാദവിശേഷം ഉണ്ടാകുന്നു. ഇതിനു പ്രപാനകരസന്യായേനയുള്ള രസോല്പത്തിയെന്നു പറയുന്നു.

## 157. ബ്രാഹ്മണവസിഷ്ഠന്യായം.

ബ്രാഹ്മണർ, വസിഷ്ഠൻ എന്നീ രണ്ടു പദങ്ങളെ സംബന്ധിച്ചതു എന്നൎത്ഥം. "ഇതാ ബ്രാഹ്മണോത്തമന്മാർ വന്നിരിക്കുന്നു, വസിഷ്ഠഭഗ

വാനും വന്നിട്ടുണ്ട്." എന്നു ദ്വാരപാലകൻ മഹാരാജാവിനെ അറിയിക്കു ന്നു എന്നിരിക്കട്ടെ! അതുകൊണ്ടു വസിഷ്ഠൻ ബ്രാഹ്മണേതരനാണെന്നല്ല അർത്ഥം. വന്നിരിക്കുന്ന ബ്രാഹ്മണരിൽ അദ്ദേഹം പ്രത്യേകം എടുത്തുപറ യേണ്ട മഹാനാകയാൽ പ്രാധാന്യവിവക്ഷയാണു് ഇവിടെ. സ്കൂളിലേക്കു മാസികകളും വരുന്നുണ്ടു്, "ഗുരുനാഥനും" വരുന്നുണ്ടു്—എന്നു പറഞ്ഞാൽ "ഗുരുനാഥൻ" മാസികയല്ല, മറെറന്തോ ആണു് എന്നല്ല ആശയം. സ്കൂ ളും സംബന്ധമായുള്ള മാസികകളിൽ "ഗുരുനാഥനു്" സർവ്വപ്രധാനമായ ഒ രു സ്ഥാനമുണ്ടു് എന്നർത്ഥമാകുന്നു.

## 158. ഭിക്ഷുപാദപ്രസാരണന്യായം.

ഭിക്ഷുവിൻെറ പാദപ്രസാരണം അഥവാ കാലുനീട്ടൽ. വലഞ്ഞു വന്ന ഒരു ഭിക്ഷുവിനു പൂമുഖത്തിൻെറ ഒരററത്തു് ഇരുന്നുകൊള്ളാൻ അനു വാദം കൊടുത്തു. വല്ലെടത്തും ഇരുന്നാൽ മതി എന്നായിരുന്നു ഭിക്ഷുവി ൻെറ ആദ്യത്തെ അഭ്യർത്ഥന. ഇരുന്നു കുറെക്കഴിഞ്ഞപ്പോൾ പതുക്കെ പാദപ്രസാരണം ചെയ്തു (കാലുനീട്ടി ഇരിപ്പായി) കാലുനീട്ടി, കൈയുനീട്ടി, ഉടലുംനീട്ടി—സുഖമായിട്ടു കിടന്നു; ഒടുവിൽ വീട്ടുടമസ്ഥൻ താനാണെന്നു ള്ള ഭാവവുമായി. ഇതാണു പ്രസ്തുതന്യായകഥ. ഭജനം മൂത്തു് ഊരാണ്മ യാകുക; സൂചി കടത്താൻ ഇടകൊടുത്താൽ കോടാലി കടത്തുക എന്നീ പഴഞ്ചൊല്ലുകളുടെ ആശയം ഈ ന്യായത്തിൻെറ പകപ്പുതന്നെ. സ്വാ മിയുടെ സൗജന്യംകൊണ്ടു ഭൃത്യസ്ഥാനീയനു വല്ല അല്പമായ ആനുകൂല്യം ല ഭിച്ചതുകൊണ്ടു മതിമറന്നു് ഒടുവിൽ ആ ഭൃത്യൻ സ്വാമിയുടെ സ്വാമിയാ ണെന്നു ഭാവിക്കയോ, അങ്ങനെ ആയിത്തീരുകയോ ചെയ്യുമ്പോൾ ഈ ന്യായത്തിനു സ്വാഗതം പറയാം. തയ്യൽക്കാരനും ഒട്ടകവും എന്നൊരു കഥ ഇവിടെ ഓർമ്മവരുന്നു:—ഒരു പട്ടണത്തെരുവിൽ ഒരു ചെറിയ കട യെടുത്തു് ഒരു തയ്യൽക്കാരൻ പാർത്തിരുന്നു. രാത്രിയിലെ മഞ്ഞു സഹിക്ക വയ്യാതെ അവിടെ വന്നുചേർന്ന ഒരു ഒട്ടകം, തൻെറ തലമാത്രം കടയ്ക്കക ത്തു നീട്ടിക്കൊള്ളുവാൻ അനുവാദം യാചിച്ചു. ഭൂതാനുകമ്പിയായ തയ്യൽ ക്കാരൻ അപ്രകാരം അനുമതി നൽകി. കുറെക്കഴിഞ്ഞപ്പോൾ ഒട്ടകം ത ൻെറ വളഞ്ഞുപിരിഞ്ഞു നീണ്ട കഴുത്തു് അല്പാല്പമായി അകത്തേക്കു നീട്ടി; ഒരു കൈയ്യു കടയ്ക്കകത്തിട്ടു—മുൻകാലുരണ്ടും അകത്തിട്ടു—ഉടൽ കുറേശ്ശെ യായി അകത്താക്കി—ചുരുക്കംപറഞ്ഞാൽ ഒട്ടകം കടയ്ക്കകത്തു കേറി നി ല്പായി. തയ്യൽക്കാരനു കിടക്കാൻ സ്ഥലമില്ല. "എന്തെടാ! ഒട്ടകം! എ നിക്കു കിടക്കാൻ സ്ഥലമില്ലല്ലോ" എന്നു പറഞ്ഞു തയ്യൽക്കാരൻ. "എ നിക്കു നിൽക്കാൻ ഇവിടെ സ്ഥലമുണ്ടു്, നിനക്കു കിടക്കാൻ സ്ഥലം മതി

യായില്ലെങ്കിൽ നീ ഇറങ്ങിപ്പൊയ്ക്കൊള്ളൂ" എന്നാണ് അതിഥിയായ ഒട്ടകത്തിൻെറ മറുപടി.

## 159 മയൂരാണ്ഡന്യായം.

മയിലിൻെറ മുട്ടയിൽ, പൂർണ്ണവളർച്ചയിലെത്തിയ ഒരു മയിലിൻെറ ഉടൽ മുഴുവനും തീരെ സംക്ഷിപ്തമായി അടക്കിവയ്ക്കപ്പെട്ടിരിക്കുന്നു. കടുകിന്മണിപോലുള്ള ഒരു വിത്തിനുള്ളിൽ മലപോലുള്ള ഒരു പേരാലിൻെറ സർവാംഗങ്ങളും ബീജരൂപേണ ഒതുക്കം ചെയ്യപ്പെട്ടിരിക്കുന്നു. അതിബൃഹത്തായുള്ള ഒന്നിനെ അണുവായ ഒന്നിൽ സൂക്ഷ്മരൂപത്തിൽ രത്നച്ചുരുക്കമെന്നപോലെ ഒതുക്കി നിറുത്തുന്നതിനെ പ്രസ്തുത ന്യായം ഉദാഹരിക്കുന്നു. മയിൽമുട്ട, ആലിൻെറ വിത്ത് ഇവയിൽ സംക്ഷേപമാഹാത്മ്യത്തെ കുറെക്കൂടി സ്പഷ്ടമാക്കുന്നത് ആലിൻെറ വിത്താണ്. എന്നാൽ സൗന്ദര്യത്തെ തിരയുന്ന കവിയുടെ ദൃഷ്ടിയെ മയിൽമുട്ടയാണ് കൂടുതൽ ആകർഷിക്കുന്നത്. ഒതുങ്ങിയ ഉടൽ, നീണ്ടുമിനുത്ത കഴുത്ത്, പുഷ്പാഭരണംചൂടിയ തല, മുനയുള്ള ചുണ്ട്, പിഞ്ഛഭാരം, ജപ്പാൻ വിശറി വിടുർത്തിയപോലെ ഇടയ്ക്കിടെ പീലി പരത്തിയുള്ള ഇന്ദ്രജാലം, മഴവില്ലിലെ സപ്തവർണ്ണങ്ങളും യഥാസ്ഥാനം സന്നിവേശിപ്പിച്ചിട്ടുള്ള പീലികളുടെ വർണ്ണസൌഭാഗ്യം എന്നുവേണ്ട മയിലിൻെറ ദേഹത്തിലെ സകലയംശങ്ങളും കവിയുടെ അഥവാ സൌന്ദര്യാരാധകൻെറ മനസ്സിനെ പരതന്ത്രമാക്കുന്നു. "അവ്വണ്ണമെല്ലാമിരിക്കുന്ന" മയിലിനെയാണ് ഒരു ചെറുമുട്ടയിലെ ദ്രവത്തിൽ ഒരു ഭാഗത്ത് ഒതുക്കിവച്ചിരിക്കുന്നത്. സന്ദർഭം സ്പഷ്ടം.

## 160. മർക്കടമുഷ്ടിന്യായം.

കുരങ്ങിൻെറ പിടി ഒരിക്കലും അയഞ്ഞുപോകുകയില്ല. തള്ളക്കുരങ്ങ് മരത്തിന്മരം ചാടുകയും ഓടുകയും ചെയ്യുമ്പോൾ, കുട്ടിക്കുരങ്ങ് തള്ളയുടെ വയററിൽ കൈകൊണ്ടു മുറുകെ പിടിച്ചിരിക്കും; പിടിവിടുകയില്ല; വിട്ടാൽ കഥകഴിയുമല്ലോ! കുരങ്ങിൻെറ പിടിപോലെ, പിടിച്ച പിടിയുടെ മുറുക്കം എന്തുവന്നാലും അയയ്ക്കാതെയിരിക്കുന്ന സ്വഭാവം. ദുശ്ശാഠ്യം, എന്നയർത്ഥത്തിൽ ഈ ന്യായത്തെ ഉപയോഗിക്കുന്നു. താൻ തുടങ്ങിയ വാദം ന്യായവാദമല്ലെന്നു തനിയ്ക്കു സർവ്വാത്മനാ ബോദ്ധ്യപ്പെട്ടശേഷവും മനസ്സാക്ഷിക്കുവിരോധമായി ആരംഭിച്ച വാദത്തെ വിടാതെ തുടരുന്ന ദുശ്ശീലമത്രെ ഈ ന്യായംകൊണ്ടു വ്യവഹരിക്കപ്പെടുന്നത്.

മർക്കടകിശോരന്യായമെന്നും പറയാറുണ്ട്. എന്നാൽ ആ ന്യായം വേറൊരർത്ഥത്തിലും പ്രയോഗിക്കപ്പെടുന്നു. എന്തുവന്നാലും ഈശ്വരനെ

(ഭക്തിയെ) കൈവിടാത്ത സ്വഭാവം മക്കടകിശോരം പോലെയാണ്. ശ്രീരാമകൃഷ്ണപരമഹംസദേവൻ ഭക്തന്മാരെ രണ്ടുതരമായി വർണ്ണിക്കുന്നു. കുരങ്ങിൻ കുട്ടികളും, പൂച്ചക്കുട്ടികളും. കുരങ്ങു തള്ളയെ സ്വയം പററിപ്പിടിക്കുന്നു; പൂച്ച തൻെറ കുട്ടിയെ കടിച്ചെടുത്തുകൊണ്ടു പോയി രക്ഷപ്പെടുത്തുന്നു. ഭക്തിയുടെ പ്രാഥമിക ദശയിൽ ഭക്തൻ മക്കടകിശോരന്യായേന വത്തിക്കുന്നു; ഭക്തിയുടെ പാരമ്യത്തിൽ ഭക്തൻ ഒന്നും പ്രവത്തിക്കുന്നില്ല, ഭഗവാൻ ഭക്തനെ അപ്പോഴപ്പോഴ് കാത്തുകൊള്ളുന്നു,—മാർജ്ജാരകിശോരന്യായേന.

മേലധികാരിയുടെ സേവകനായ കീഴ്സിൽബന്തിയും മേലധികാരിയുടെ സന്താനമായ കീഴ് സിൽബന്തിയും പോലെയുള്ള വ്യത്യാസം ഇവ രണ്ടിനും ഉണ്ട്. സന്ദർഭങ്ങൾ ഊഹിച്ചുകൊള്ളാം.

# അജ്ഞാതം വിജ്ഞാതമാക്കൽ.

(പി. കൃഷ്ണൻനായർ).

"പ്രിയതമ ശ്രീ രോഹിണീ ജന്മനഃ" എന്ന പദത്തെ സംബന്ധിച്ചുള്ള എൻെറ വാദത്തിന് അടിസ്ഥാനമുള്ളതായി തോന്നുന്നില്ലെന്നും, എങ്കിലും അജ്ഞാതമായ ഒരംശം അതിൽ അന്തർഭവിച്ചിരിക്കാമെന്നും, ആ അംശം മനസ്സിലാക്കിക്കൊടുപ്പാൻ ഞാനാണ് 'ബാദ്ധ്യസ്ഥ'നായിരിക്കുന്നതെന്നും മററും ബ്രഹ്മശ്രീ പി. എസ്. അനന്തനാരായണശാസ്ത്രി അവർകൾ അഭിപ്രായപ്പെട്ടുകാണുന്നു. പുറമേ, വല്ല വിധത്തിലും ഒഴിഞ്ഞു മാറിക്കളയുമോ എന്നു ശങ്കിച്ചിട്ടെന്നപോലെ, സമാധാനം പറവാൻ എന്നെ നിർബന്ധിക്കുന്നതു ഗുരുനാഥൻ വഴിക്കുമാണ്. അത്ര മുൻകരുതലോടുകൂടിയാണ് എൻെറ മാന്യമിത്രം പ്രവത്തിച്ചിരിക്കുന്നതു്? എനിക്കിനി ഗത്യന്തരമെന്തു്? പക്ഷെ ഈവക മുൻകരുതലൊന്നുമില്ലെങ്കിൽത്തന്നെ—

"ദയിതാസ്വനവസ്ഥിതം നൃണാം നഖലുപ്രേമ ചലം സുഹൃജ്ജനേ

എന്ന മഹാകവി സൂക്തിയെങ്കിലും ഞാൻ മാനിയ്ക്കേണ്ടതാണല്ലൊ?

ഇങ്ങനെയാണെങ്കിലും ശാസ്ത്രികളുടെ ആക്ഷേപം എനിയ്ക്കു് അസ്ഥാനഹതമായിട്ടാണു തോന്നുന്നതു്. പിന്നെങ്ങിനെയാണുത്തരം പറയുക? ഇതാണൊരുസങ്കടം. എങ്കിലും ശ്രമിച്ചു നോക്കട്ടെ.

"രോഹിണീ ശബ്ദത്തിന്നു രോഹിണീ നക്ഷത്രമെന്നർത്ഥമായാൽ ലക്ഷണയുടെ അപേക്ഷയില്ലെന്നു ശ്രീമാൻ പി. കൃഷ്ണൻ നായർ സ്ഥാപിച്ചു കാണുന്നു. ഇതെങ്ങനെ സാധുവാകും?" ഇതാണു ശാസ്ത്രികളുടെ ആക്ഷേപം. ഇങ്ങനെയൊരാക്ഷേപം എങ്ങനേയൊ ശാസ്ത്രികളുടെ ഹൃദയത്തിൽ കടന്നുകൂടിയിരിക്കയാൽ എന്റെ വാദത്തിന്ന് അടിസ്ഥാനമില്ലെന്നും അതിൽ അജ്ഞാതമായ ഒരംശം അന്തർഭവിച്ചിരിക്കാമെന്നും അദ്ദേഹത്തിന്നു തോന്നിയതു ന്യായംതന്നെ. എന്നാൽ അങ്ങനെയൊരാക്ഷേപം അല്ലെങ്കിലത്തരം ഭ്രമം എങ്ങനെയുണ്ടായെന്നത് എനിക്കും അജ്ഞാതമാണ്.

രോഹിണീ ശബ്ദത്തിന്നു രോഹിണീ നക്ഷത്രമെന്നർത്ഥമായാൽ ലക്ഷണയുടെ അപേക്ഷയില്ലെന്നു ഞാനെപ്പോഴാണ്, എവിടെയാണു സ്ഥാപിച്ചിരിക്കുന്നത്? സ്വപ്നത്തിൽപോലും വിചാരിപ്പാനിടയില്ലാത്ത ഒരു കാര്യം ഞാൻ പറഞ്ഞിരിക്കുന്നുവെന്നല്ല, സ്ഥാപിച്ചിരിക്കുന്നുവെന്നുതന്നെ കൂസൽകൂടാതെ ഉദ്ഘോഷിച്ചുകൊണ്ടു ദോഷാരോപണത്തിന്നു തുനിയുകയെന്നതു ശാസ്ത്രികളെപ്പോലെയുള്ള പണ്ഡിതന്മാൎക്കു പററിയതാണോ?

എന്റെ പണ്ഡിതസുഹൃത്ത് പി. എസ്. അനന്തനാരായണശാസ്ത്രികളാകട്ടെ, "രോഹിണീ ശബ്ദത്തിന്നു രോഹിണീ നക്ഷത്രമെന്നർത്ഥമായാൽ ലക്ഷണയുടെ അപേക്ഷയില്ലെന്നു" ഞാൻ സ്ഥാപിച്ചുകണ്ടതായി ഉറപ്പിച്ചു പറയുന്നു. എനിക്കാണെങ്കിൽ അങ്ങനെ സ്ഥാപിക്കയല്ല എവിടെയെങ്കിലും പറഞ്ഞതായിട്ടുപോലും അറിവില്ല. ഞാനറിയാതെതന്നെ ഞാനപ്രകാരം ചെയ്തിരിക്കുമോ?

രോഹിണീശബ്ദം നക്ഷത്രവിശേഷമെന്നർത്ഥത്തിൽ ശക്തമാകയാൽ ശക്യാർത്ഥബോധനത്തിന്നു ലക്ഷണാപേക്ഷയുണ്ടെന്ന് ഏതുപക്ഷത്തിലും ഒരിക്കലുമൊരുത്തനും പറയുമെന്നു തോന്നുന്നില്ല. പ്രസ്തുതശബ്ദത്തിന്നു കാലപരമായ അർത്ഥമാണു വിവക്ഷിതമെങ്കിൽ വൈയാകരണസിദ്ധാന്തത്തിലും മററും ആവശ്യമില്ലെന്നു വരികിലും "ദധിപശ്യ" ഇത്യാദി സ്ഥലത്തു ദധിപദത്തിന്നു ദധികൎമ്മതാപത്തിൽ ലക്ഷണ പറയുന്ന നൈയായികന്മാൎക്കു അവിടെ ലക്ഷണകൂടാതെ കഴികയുമില്ല. ഈ സംഗതി എന്റെ വാദസന്ദർഭത്തിൽ എടുത്തുകാണിച്ചിട്ടാവശ്യമില്ലാത്തതുകൊണ്ടു ഞാൻ പ്രസ്താവിച്ചിട്ടില്ലെന്നേയുള്ളു. രോഹിണീശബ്ദത്തിന്നു തല്ലക്ഷണലക്ഷിതകാലവരതപം ശക്തിയാലൊ ലക്ഷണയാലൊ ആയിക്കൊള്ളട്ടെ. അതുകൊണ്ടെന്ത്? ഒരു വിശേഷവുമില്ല. രോഹിണീശബ്ദം ജാതാർത്ഥപരമാണെന്നു പറയുമ്പോഴത്തെ സ്ഥിതി അതല്ല. 'രോഹിണീജന്മ' എന്ന പദംകൊണ്ടു വിവക്ഷിച്ചിരിക്കുന്ന അർത്ഥം രോഹിണിനാളിൽ ജനിച്ചതമ്പുരാനെന്നോ? അതല്ലാ രോഹിണിനാളിൽ ജനിച്ച തമ്പുരാട്ടിയിൽ ജനിച്ച ത

ന്ദുരാനെന്നോ സംശയത്തിനിടയുള്ളതുകൊണ്ടു സാധകമോ ബാധകമോ ആയ പ്രമാണമൊന്നുമില്ലായ്കയാൽ സന്ദിഗ്ദ്ധത്വമെന്ന ദോഷത്തിന്നു പ്രസ്തുതപദം പാത്രമായ്ത്തീരുന്നു. ദോഷൈകനിദാനമായ ആ ജാതാർത്ഥപ്രതീതിയാകട്ടെ നൈയായികപക്ഷത്തിൽ ലക്ഷണയാലുമാണു്. നേരെമറിച്ചു്, രോഹിണീശബ്ദത്തിന്നു കാലാർത്ഥപരതയിൽ ഈ ദോഷത്തിന്നവകാശമില്ല. രോഹിണീനക്ഷത്രത്തിൽ ജനിച്ചുവെന്നു പറഞ്ഞാൽ തല്ലക്ഷണലക്ഷിതമായ കാലത്തിൽ ജനിച്ചുവെന്നല്ലാതെ (അതു നക്ഷത്രയുക്തചന്ദ്രയുക്തമോ ചന്ദ്രയുക്തനക്ഷത്രയുക്തമോ എന്തോ ആയിക്കോട്ടെ) നക്ഷത്രമണ്ഡലത്തിലായിരിക്കുമോ ജനിച്ചതു് എന്നൊരു സംശയം സചേതനന്നു തോന്നുകയില്ല. അതുകൊണ്ടു രോഹിണീ ശബ്ദത്തിന്നു കാലാൎത്ഥത്തിൽ ശക്തിയോ ലക്ഷണയോ ഏതായാലും ശരി; ദോഷത്തിന്നോ ഗുണത്തിന്നോ പ്രസക്തി കാണുന്നില്ല. ആ സ്ഥിതിക്കു് എനിക്കു് എടുത്തുപറയേണ്ട ആവശ്യവുമില്ല. അതുകൊണ്ടു തന്നെയാണു പറയാതിരുന്നതും. പക്ഷേ അനാവശ്യകവചനത്തിന്റെ അഭാവം എന്റെ പണ്ഡിതസുഹൃത്തിന്റെ ദൃഷ്ടിയിൽ, 'രോഹിണീശബ്ദത്തിന്നു നക്ഷത്രയുക്തചന്ദ്രയുക്തകാലാൎത്ഥത്തിൽ ലക്ഷണ വേണ്ടെന്നുള്ള' എന്റെ ഒരു സ്ഥാപനമായി വിഷയീഭവിച്ചിട്ടുണ്ടെങ്കിൽ അതിൽ ഈയുള്ളവൻ അപരാധിയാകുമോ? അതിന്നു സമാധാനം പറയേണ്ടതായ ചുമതല എനിക്കുണ്ടോ?

രോഹിണീശബ്ദത്തിന്റെ മുഖ്യാർത്ഥം നക്ഷത്രവിശേഷമാണെങ്കിൽ രോഹിണീജന്മേത്യാദിസ്ഥലത്തു് ആ മുഖ്യാൎത്ഥം ബാധിതമാകയാൽ കാലാൎത്ഥത്തിൽ ലക്ഷണാശ്രയണം സമീചീനവും ശാസ്ത്രീയവുമാണു്. പ്രസ്തുത പദത്തിന്നു കാലാൎത്ഥത്തിലും കവിഞ്ഞു ജാതാൎത്ഥപര്യന്തം ലക്ഷണയെ ആശ്രയിച്ചു് അനുധാവനം ചെയ്യുന്നതായാൽ ആ ലക്ഷണയ്ക്കു ബീജമായ പ്രഥമോപസ്ഥിതി വിഷയരൂപമുഖ്യാൎത്ഥബാധംതന്നെ ദുൎല്ലഭവുമാണു്.

"മുഖ്യാർത്ഥബാധേ തദ്യോഗേരൂഢിതോഥ പ്രയോജനാൽ
അന്യാൎത്ഥോലക്ഷ്യതേയത്സാ ലക്ഷണാരോപിതാക്രിയ"

എന്നാണല്ലോ ശാസ്ത്രം അനുശാസിക്കുന്നതു്. താൽപര്യാനുപപത്തിയുണ്ടെന്നാണെങ്കിൽ പ്രകൃതസ്ഥലത്തേ താൽപര്യമിന്നതാണെന്നുള്ളതിലേക്കു ഗമകമെന്തു്? അതു തീൎച്ചയായിട്ടു ഭവേണമല്ലോ അനുപപത്തി പറവാൻ. ഇങ്ങനെ കാലാൎത്ഥത്തിലും ജാതാൎത്ഥത്തിലുമുള്ള ലക്ഷണകൾക്കു ബീജഗതമായ വൈലക്ഷണ്യം അതായതു സമഞ്ജസാസമഞ്ജസത്വം ഉണ്ടെന്നുവന്നു. ലക്ഷ്യഗതമായ ദോഷരൂപവൈലക്ഷണ്യം മുമ്പുതന്നെ കാണിച്ചിട്ടുമുണ്ടു്. ആകയാൽ ഒന്നിന്നു 30 ഡിഗ്രിയും മറ്റേതിന്നു 60 ഡി

ഗ്രിയുമുണ്ടെന്നുള്ള വ്യത്യാസം മാത്രമാണെന്നു വിചാരിക്കരുത്. അങ്ങനെ ലക്ഷണയ്ക്കു് ഒരു ഡിഗ്രിക്കണക്കു ഞാൻ വായിച്ചിട്ടുള്ള ശാസ്ത്രങ്ങളിലൊന്നും കണ്ടിട്ടുമില്ല. 'രാജപുരുഷഃ' ഇത്യാദിയിലെ ലുപ്തവിഭക്തികം രാജാദി പദത്തിൽ ലക്ഷണ സ്വീകരിക്കുന്നവർതന്നെ "ദധിപശ്യ" ഇത്യാദിയിലെ ലുപ്തവിഭക്തികം ദധ്യാദി പദത്തിൽ ലക്ഷണകൂടാതെ ബോധം നിർവ്വഹിക്കുന്നുണ്ടെന്നും ശാസ്ത്രികൾക്കറിയാമല്ലൊ.

വിശേഷിച്ച്, രോഹിണീശബ്ദത്തിന്നു രോഹിണീജാതയെന്ന അർത്ഥവിവക്ഷയിൽ 'ലക്ഷണയുടെ കാലുപിടിക്ക'യോ "അതിനെ വലിച്ചിഴച്ചുകൊണ്ടു വരിക"യൊ ചെയ്യുന്നതെന്തിനെന്നു ചോദിച്ചു, മഹോപാദ്ധ്യായ, പി. വി. കൃഷ്ണൻനായർ അവർകളോട്ട് അതു തടഞ്ഞാൽ നില്ക്കാതെ അവകാശനിലയ്ക്കു് അവിടെ സ്വയം എത്തി കാര്യം നടത്തിക്കൊള്ളുമെന്നു സിദ്ധാന്തിക്കുന്ന ശാസ്ത്രവും ശാസ്ത്രാനുയായികളുമുണ്ടെന്ന സംഗതി ബോധിപ്പിക്കാൻ വേണ്ടി മാത്രമാണു ജാതാർത്ഥപ്രത്യയലോപസ്ഥലത്തു നൈയായികന്മാർക്കു ലക്ഷണകൂടാതെ കഴികയില്ലെന്നു മുമ്പു ഞാൻ സപ്രപഞ്ചം ഉപപാദിച്ചിട്ടുള്ളതു്. ഇങ്ങനെയിരിക്കെ, രോഹിണീശബ്ദത്തിന്നു താദൃശകാലബോധാർത്ഥത്തിൽ സർവ്വഥാ ലക്ഷണയുടെ ആവശ്യമില്ലെന്നോ മറ്റൊ മഹോപാദ്ധ്യായൻ പറഞ്ഞിരുന്നുവെങ്കിൽ ഞാനും അതിനെപ്പററി പ്രകൃതാനുഗുണമായി ചിലതെല്ലാം ഉപന്യസിക്കുമായിരുന്നു. അപ്രകാരമൊരവസരമോ അത്യാവശ്യമോ ഇല്ലാതെ രോഹിണീശബ്ദത്തിന്നു കാലാർത്ഥത്തിൽ ലക്ഷണ വേണമെന്നോ വേണ്ടെന്നോ പറയുന്നതെന്തിന്? പക്ഷെ, പറഞ്ഞിട്ടില്ലെങ്കിൽ, അവിടെ ലക്ഷണയുടെ അപേക്ഷയില്ലെന്നു ഞാൻ സ്ഥാപിച്ചതായി ശാസ്ത്രികൾ ഗ്രഹിക്കുമെന്നു ധരിച്ചിരുന്നതുമില്ല. എന്നാൽ എന്റെ സ്നേഹിതന്നു വേണ്ടിയെങ്കിലും അതും ചെയ്യാമായിരുന്നു.

"അതീതകാര്യാനുശയേന കിംസ്യാദശേഷവിദ്വജ്ജന ഗർഹിതേന" എന്നു പറയാനേ ഇനി നിവൃത്തിയുള്ളു. ഇത്രയും പറഞ്ഞതുകൊണ്ടു് ഇപ്പോഴെങ്കിലും എന്റെ മാന്യസുഹൃത്തിന്നു് അജ്ഞാതമായിരുന്ന അംശം വിജ്ഞാതമായോ ആവോ? എന്റെ വാദത്തിന്നു വല്ല അടിസ്ഥാനവുമുള്ളതായനുഭവപ്പെട്ടുവോ എന്തോ? എതായാലും ഈ മാതിരി വിഷയത്തിൽ മേലാലെങ്കിലും എന്നെ നിർബന്ധിയ്ക്കാതിരിപ്പാൻ എന്റെ സ്നേഹിതനോടു ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

# ഒരു ശരൽക്കാലരാത്രി.

(കെ. ജി. പരമേശ്വരപ്പണിക്കർ, ബി. ഏ.)

പാർത്തട്ടിനത്യുഗ്രവിപത്തണച്ച
വർഷം കഴിഞ്ഞൂ, ഭുവനം തെളിഞ്ഞു;
കാർമേഘകാളാംബരമാകെ മാററി
മുഖത്തുനിന്നും തെളിവാനലക്ഷ്മി. 1

സന്ധ്യാംബപാത്ത്രം നവകുങ്കുമച്ചാ-
റൊന്നാകെ നീക്കിക്കനകാഭമാക്കി
സുധാമയൂഖൻ തെളിവോടുയർന്നു
മിന്നുന്ന നീലാംബരമദ്ധ്യവർത്തി. 2

ആരമ്യമാരാമമതീവതുഷ്ട്യാ
തന്മക്കളിൽ ചേർന്നോരനർഘമാകും
പ്രത്യഗ്രപുഷ്പോൽഗമഭൂതിയിങ്ക-
ലമന്ദമന്ദസ്മിതമാർന്നു കാൺമൂ. 3

നീരന്ധ്രപത്രാവലിയുല്ലസിക്കും
രസാലവീരൻ തരുരാജനേകൻ
തൊടിക്കകത്തേററമുയർന്നുനില്പൂ,
ഗംഭീരഭാവം തനുവാർന്നപോലെ. 4

ആ മാമരത്തിൻ ചെറുചില്ലതോറും
സന്നാഭവിദ്യുൽച്ചെറുദീപമേന്തി,
ഖദ്യോതജാലം വിഹരിച്ചിടുന്നു
പത്രങ്ങൾവച്ചുള്ളുഡുപങ്ക്തിപോലെ. 5

നക്ഷത്രസൂനാവലിഭംഗിയിൽച്ചേ-
ർത്താകമ്രപൊൻചെണ്ടു രചിച്ചു, ദേവി
അമേയമത്രേ നിജശക്തിയെന്നു
കാണിക്കുവാനാണതുയർത്തിവെയ്പൂ. 6

മററുള്ളവൃക്ഷങ്ങളുമിപ്രകാരം
ഖദ്യോതദീപാവലിയാൽ പ്രദീപ്തം;
നീർത്തുള്ളി നിസ്സാരമതെങ്കിലും ചേ-
ർന്നനേകമൊന്നാകുകിലബ്ധിയാകും. 7

തിൎയ്യക്കിനും മൎത്ത്യനുമൊന്നുപോലെ
പ്രവൃദ്ധമോദത്തെയിയററിടുന്ന
ശരത്തുതന്നാഗമവാൎത്ത നീളെ
വിളംബരംചെയ്‌വൂസമീരബാലൻ. 8

അഭംഗമംഗല്യസുവാൎത്തയേന്തും
സദാഗതിക്കാൎദ്രമനസ്കരായി
സൗഹാൎദ്ദമാം സ്വാഗതമോതിടുന്നു,
ലതാതരുക്കൾ മൃദുമൎമ്മരത്താൽ. 9

വഴിക്കെഴും വിഘ്നമഗണ്യമാക്കി
സന്തോഷഗാനങ്ങൾ മുരണ്ടുപോകും
പളുങ്കണിസ്വച്ഛജലം നിറഞ്ഞ
പൂഞ്ചോലതൻ മൎമ്മരമിങ്ങുകേൾപ്പൂ. 10

സൗരഭ്യമോലുന്നൊരു പിച്ചകപ്പൂ
വാടിക്കകത്തേറി മദിച്ചശേഷം,
സമീരനാരാലണയുമ്പൊഴെയ്ക്കും
കൊള്ളുന്നിതോളപ്പുളകം നദിക്കും. 11

അലക്കരത്താൽ കുളിർതിങ്കൾബിംബം
ഗ്രഹിച്ചു, മന്ദം ചെറുതൊട്ടിലാട്ടും
കൊടുപ്പൂ രോമാഞ്ചിതയാം സ്രവന്തി
മുറയ്ക്കു താരാട്ടു മുരണ്ടുകൊണ്ടും. 12

മനോഹരാകാശവിശാലവീഥി
വിദ്യോതമാനം മണിവേദി തുല്യം;
വാൎതിങ്കൾ പൊൻഗ്ലോപ്പു നടുക്കുതൂക്കി,
നക്ഷത്രവെൺഗ്ലോപ്പുകൾ ചുററുമായി. 13

വാനെത്തുവാനോർ ബഹുമോടിയോടെ
ഘോഷിച്ചിടും നൽ ശരദാഗമത്തിൽ
അമൂല്യദർബ്ബാർ രജതോത്സവത്തി-
നാഡംബരാടോപമവൎണ്ണനീയം. 14

നൃത്തം ചവിട്ടും സുരനാരിമാർ തൻ
വെൺസാരികൾത്തുമ്പിളകുന്നതല്ലീ
കാണുന്നു വിണ്ണിൽ, കുതികൊണ്ടിടുന്നാ
വലാഹകത്തുണ്ടുകളായി നമ്മൾ? 15

അല്ലെങ്കിലിക്ഷോണിയിലാഗമിച്ച
ശരത്തുവെന്നത്ര ധരിക്കമൂലം
മനോജ്ഞമാം മാനസരോവരം വി-
ട്ടെത്തുന്ന ഹംസാവലിയായിരിക്കാം! 16

അദൃശ്യമാം തായ്ത്തടിയോടക്രൂട്ടം
സാന്ദ്രച്ഛദാലംകൃതവൃക്ഷമൊന്നിൽ
ലസിപ്പു താരാമുകുളങ്ങൾ ചൂഴം
പ്രഫുല്ലതിങ്കൾക്കസുമാവതംസം. 17

മനോജ്ഞമന്ദാരസുമങ്ങൾ നീളെ
വിരിച്ചു നീരാളവിരിക്കിടക്ക
സജ്ജപ്പെട്ടത്തിജ്ജഗദംബയാളെ-
ക്ഷണിക്കയാവാം ശയനാർത്ഥമിപ്പോൾ. 18

പ്രകൃത്യധീശിത്രി തുറന്നുവയ്ക്കം
നക്ഷത്രവർണ്ണാങ്കിത പുസ്തകാഗ്ര്യം
ഗൂഢാവബോധാത്മകമാകയാലീ
മർത്ത്യക്കു ദുർഗ്രാഹ്യ,മടഞ്ഞ കണ്ണിൽ. 19

നിത്യം പ്രകൃത്യംബയിതേവിധത്തിൽ
രമ്യങ്ങളാം കാഴ്ചകളെത്രയെത്ര
കാണിച്ചിടുന്നില്ല, തദർത്ഥമേതും
ഗ്രഹിച്ചിടാത്തോരു നരൻെറ മുമ്പിൽ!! 20

## ഇന്നത്തെ ജർമ്മൻ വിദ്യാഭ്യാസം.

ജർമ്മൻ വിദ്യാഭ്യാസത്തിൻെറ അടിസ്ഥാനമായ തത്ത്വം 'ജന്മഭൂമിയും വംശവും' എന്നുള്ളവയാണ്. ജർമ്മൻയുവാക്കന്മാരിൽ സ്വദേശത്തെ സംബന്ധിച്ചുള്ള എല്ലാ വിഷയങ്ങളിലും അഭിമാനം ജനിപ്പിക്കുകയാണ് ഈ വിദ്യാഭ്യാസത്തിൻെറ പ്രധാന ഉദ്ദേശ്യം. അതായതു ജർമ്മനിയുടെ പൂർവ്വചരിത്രം, ഐതിഹ്യം, ആകാംക്ഷകൾ ഇവയിന്മേൽ ഒരു പുതിയ സംസ്കാരത്തെ സൃഷ്ടിക്കണമെന്നും ജർമ്മൻദേശക്കാർ, വംശം, ലക്ഷ്യം ഇവയിൽ

ത്തങ്ങൾ ഒന്നാണെന്നുള്ള ബോധം ജനിപ്പിക്കണമെന്നും ആകുന്നു. ചുരുക്കത്തിൽ അവരിൽ ദേശീയചിന്തയെ ഉദ്ദീപിപ്പിക്കണമെന്നാണ് ഉദ്ദേശ്യം. ജൎമ്മൻകാർ സ്വദേശത്തിനുവേണ്ടി യുദ്ധംചെയ്തു മരിക്കുന്നതിനു സന്നദ്ധരായിരിക്കണം. ജൎമ്മൻയുവാക്കന്മാർ തങ്ങളുടെ രാജ്യത്തേയും ജനങ്ങളേയും നാട്ടിനേയും തങ്ങളുടെ പൂൎവ്വസംസ്കാരത്തേയും അറിഞ്ഞിരുന്നാൽ മാത്രമേ ഇതു് സാധിക്കയുള്ളു. ഇതിലെയ്ക്കു ജൎമ്മൻസംസ്കാരത്തെ സംകരമാക്കാതെ സൂക്ഷിക്കേണ്ടതു് ആവശ്യമാണ്. അതിനായി ജൎമ്മൻയുവാക്കന്മാരെ ജൎമ്മൻചരിത്രം, സാഹിത്യം, ചിത്രകല, തത്വശാസ്ത്രം, സംഗീതം, പുരാണകഥകൾ മുതലായവയുമായി പരിചയപ്പെടുത്തേണ്ടതു് ആവശ്യമാണ്. മററു സംസ്കാരങ്ങളും അറിഞ്ഞിരിക്കേണ്ടതു് ആവശ്യമാണെങ്കിലും അതു ജൎമ്മൻസംസ്കാരത്തിൻെറ പ്രാധാന്യതയെ കുറയ്ക്കരുതാത്തതാണ്. ജൎമ്മൻവംശക്കാരുടെ വൈശിഷ്ട്യത്തെ അന്യവംശക്കാരിൽ ലയിച്ചുപോകാതെ വേർതിരിച്ചു രക്ഷിക്കേണ്ടതാണ്. അതുകൊണ്ടു യുവാക്കന്മാരിൽ വംശശാസ്ത്രപഠനംമൂലം തങ്ങളുടെ ശ്രേഷ്ഠതയെക്കുറിച്ചുള്ള ബോധം ജനിപ്പിക്കേണ്ടതു് ആശ്യമാകുന്നു.

ജൎമ്മൻ വിദ്യാഭ്യാസപദ്ധതി വിദ്യാലയങ്ങളേയും ക്ലാസ്സുകളേയും കവിഞ്ഞിട്ടുള്ള ഒന്നാണ്, അതു് ഏററവും വിശാലവുമാണ്. വിദ്യാഭ്യാസവും ജ്ഞാനസമ്പാദനവും ഒന്നല്ല. യുവാക്കന്മാർ വിദ്യാലയങ്ങളിൽ മാത്രമല്ല; സമുദായമദ്ധ്യത്തിലും കളിസ്ഥലങ്ങളിലും സംഘങ്ങളിലും ജോലിസ്ഥലങ്ങളിലുംകൂടി അഭ്യസിക്കണം. വിദ്യാഭ്യാസവും ദേശീയബോധവും തമ്മിൽ സംഘടിപ്പിക്കപ്പെടേണ്ടതാണ്. ഇന്നത്തെ ആദൎശം യുവാക്കന്മാർ വിദ്വാന്മാരാകണമെന്നു മാത്രമല്ല, വിദ്വാന്മാരും യോദ്ധാക്കളുമായിത്തീരണമെന്നാണ്. സമാധാനം രാജ്യതന്ത്രംകൊണ്ടോ ഉടമ്പടികൾകൊണ്ടോ ഇന്നു സമ്പാദിക്കാൻ സാദ്ധ്യമല്ലാത്തതിനാൽ ജൎമ്മൻ യുവാക്കന്മാർ സ്വരാജ്യത്തെ രക്ഷിക്കുന്നതിനു് എപ്പോഴും തയാറായിരിക്കണം. അതുകൊണ്ടു കായികാഭ്യാസം ഇന്നത്തെ വിദ്യാഭ്യാസപദ്ധതിയിൽ പ്രഥമസ്ഥാനം വഹിക്കുന്നു. അതിനാൽ വിദ്യാലങ്ങളിലും സൎവ്വകലാശാലകളിലും അധികസമയം കായികാഭ്യാസത്തിനായി വിനിയോഗിക്കുന്നു. ഇതിനു സഹനശക്തിയും അവയവലാഘവവും സമ്പാദിക്കുന്നതു് അത്യാവശ്യമാണ്. അതുകൊണ്ടു കൂടെക്കൂടെ സഞ്ചാരങ്ങളും പാളയമടിച്ചുള്ള താമസവും യുവാക്കന്മാൎക്കു് ആവശ്യമാണ്. ഓരോ വിദ്യാലയവത്സരത്തിലും മൂന്നുവാരം ഇപ്രകാരമുള്ള വിഹാരം ആവശ്യമാണ്. ഇതിൽ രണ്ടു് ഉദ്ദേശ്യങ്ങൾ ഉണ്ടു്. നഗരവാസികളായ യുവാക്കന്മാർ പുറമേ സഞ്ചരിച്ചു് ആരോഗ്യം സമ്പാദിക്കുകയും അവരുടെ സ്വദേശത്തേയും നാട്ടുകാരേയും നേരിട്ടു കണ്ടറിയുകയും ചെ

യ്യാൻ സാധിക്കും. ഇതുപോലെ യുവതികൾക്കും അഭ്യസനം ഉണ്ട്. എന്നാൽ അതു് ഏറെക്കുറെ ലഘുവായ രീതിയിലാണ്.

ഇന്നത്തെ വിദ്യാഭ്യാസരീതിക്കു് ഒരു സാമുദായികവശം കൂടി ഉണ്ട്. സർവ്വകലാശാലയിൽ പ്രവേശിക്കുന്നതിനുമുമ്പു് ഓരോ യുവാവും ഒന്നരക്കൊല്ലത്തോളം "ജോലിപ്പാളയത്തിൽ" താമസിക്കണം. ഇവിടെ ജീവിതം ലഘുവും എന്നാൽ ജോലി അല്പം ക്ലേശാവഹവുമാണ്. അവർ കാക്കിച്ചട്ട ധരിക്കുകയും സൈനികശിക്ഷണം ശീലിക്കുകയും വേണം. ഇവിടെ ധനവാന്മാരും ദരിദ്രന്മാരും ഒന്നിച്ചു വസിക്കുകയും ഒരുപോലെ ബുദ്ധിമുട്ടി ജോലി ചെയ്യുകയും ഒരേരീതിയിലുള്ള ഭക്ഷണം കഴിക്കയും ചെയ്യേണ്ടിയിരിക്കുന്നു. ഇവർ ഇവിടെ സാധാരണ കൂലിവേലക്കാരുടെ കൂട്ടത്തിൽ തന്നെ ജോലി ചെയ്യണം. ഇവിടെ സാമുദായികശ്രേഷ്ഠതയും മററും ഗണിക്കപ്പെടുകയില്ല. ദിവസവും സായംകാലത്തിൽ രണ്ടുമണിക്കൂർനേരം കായികാഭ്യാസം ചെയ്യാനുണ്ട്. അതു മിക്കവാറും സൈനികരീതിയിൽതന്നെയാണ്. ഈഏർപ്പാടു വിദ്യാഭ്യാസപദ്ധതിയിൽ അത്ഭുതപൂർവ്വമായ ഒരു പ്രസ്ഥാനമാണ്. ഇതിനുപുറമെ യുവാക്കന്മാരിൽ പൌരധർമ്മബോധം ജനിപ്പിക്കുന്നതിനും ഏർപ്പാടുണ്ട്. ബർളിനിൽ 'ഹിററലർ യുവസംഘം' എന്നൊരു സംഘടനയും ഉണ്ട്. ഈ വഴിക്കു ജർമ്മൻയുവാക്കന്മാർ തങ്ങളും ജർമ്മനിയിലെ പൌരന്മാരാണെന്നുള്ള ബോധം ഉത്ഭവിക്കുന്നു. ഇവർ കഴിവുള്ളപ്പോൾ ഒക്കെയും സാമുദായികവും രാഷ്ട്രീയവും ആയ കൃത്യങ്ങളിൽ പങ്കുകൊള്ളുന്നു. ഇവരും കൂടക്കൂടെ പുറമെ സഞ്ചരിക്കുകയും ഗ്രാമങ്ങളിലും മററും പാളയമടിച്ചു താമസിക്കുകയും തദ്വാരാ ജനങ്ങളുമായി നേരിട്ടു പരിചയപ്പെടുകയും ചെയ്യുന്നു. ഈ സംഘത്തിൻെറ നേതാക്കന്മാരും പ്രവർത്തകന്മാരും യുവാക്കന്മാർ തന്നെയാണ്. ഇപ്രകാരം ഇന്നത്തെ പൌരന്മാരും ഭാവിപൌരന്മാരായ യുവാക്കന്മാരും തമ്മിൽ ഉള്ള അകൽച്ച നിശ്ശേഷം ഇല്ലാതാകുന്നു.

പാഠപദ്ധതിയിൽ ചില പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്. ഇതിൽ ഒന്ന് 'ജനപാഠം' ആണ്. ഇതിൻെറ ഉദ്ദേശ്യം ഓരോ വിദ്യാർത്ഥിയിലും ജർമ്മൻകാർ, വംശം, ചരിത്രം, ഉദ്ദേശ്യം മുതലായവയിൽ ഒന്നാണെന്നുള്ള ബോധം ജനിപ്പിക്കുന്നതിനാണ്. വേറൊരു വിഷയം വംശശാസ്ത്രമാണ്. ജർമ്മൻകാർ ഒരു ഉൽകൃഷ്ടവംശ്യരാണെന്നും അവർ സംസ്കാരം, ധീരത, പ്രാഭവം മുതലായ ഗുണങ്ങൾക്കു പ്രസിദ്ധന്മാരാണെന്നും അവരുടെ വംശശുദ്ധിയേയും ഗുണങ്ങളേയും സംരക്ഷിക്കേണ്ടതു് ഓരോരുത്തരുടേയും കർത്തവ്യമാണെന്നും ഈ ശാസ്ത്രപഠനം ഉൽബോധിപ്പിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിലും പുതിയ പദ്ധതികൾ അവലംബിച്ചിട്ടുണ്ട്. ഇവിടെ ബുദ്ധിസംസ്കരണമല്ല പ്രാധാന്യം വഹിക്കുന്നത്. സമുദായജീവിതമാണു പ്രത്യേകശ്രദ്ധയെ അൎഹിക്കുന്നത്. സമുദായജീവിതത്തിൽ പങ്ക് എടുക്കുകയാണ്, ക്ലാസ്സുകളിലെ പഠിത്തമല്ല, പ്രധാനമായി ഗണിക്കപ്പെടുന്നത്. ചരിത്രം, ഭൂവിവരണം, ശാസ്ത്രം മുതലായ വിഷയങ്ങൾ സമുദായം, ഭൂമി, പ്രകൃതി, തൊഴിൽ ഇവയോടു സംഘടിപ്പിക്കത്തക്കവണ്ണമാണു പഠിപ്പിച്ചുവരുന്നത്. കേവലം വിഷയങ്ങളായിട്ടു മാത്രമല്ല. ഇതുനിമിത്തം ബാലന്മാൎക്കു പ്രായോഗികജ്ഞാനം സിദ്ധിക്കുന്നു.

ഉയൎന്നതരം വിദ്യാലയങ്ങളിലും പല മാററങ്ങളുണ്ട്. അവയിൽ ജൎമ്മൻ സംസ്കാരമാണു പ്രാധാന്യം വഹിക്കുന്നത്. സംസ്കാരപഠനം ഭാഷ, ചരിത്രം, തത്വശാസ്ത്രം ഇവകൾമുഖേനയാണു നടത്തപ്പെടുന്നത്. നാടൻപാട്ടുകൾ, സംഗീതം, കലകൾ, ചിത്രമെഴുത്ത് ഇവയൊക്കെയും ജൎമ്മൻ പാരമ്പൎയ്യമനുസരിച്ചാണ് അഭ്യസിക്കപ്പെടുന്നത്. അന്യഭാഷകൾ മററു സംസ്കാരജ്ഞാനത്തിനുവേണ്ടി മാത്രം പഠിക്കുന്നു. ഭൂമിശാസ്ത്രം, രാഷ്ട്രീയവും സാമ്പത്തികവുമായ വീക്ഷണകോണത്തിൽനിന്നു മാത്രം പഠിക്കേണ്ടതാണ്. ചുരുക്കിപ്പറയുന്നതായാൽ ഉയൎന്നതരം വിദ്യാഭ്യാസം ജൎമ്മനിയുടെ രാഷ്ട്രീയവും സാമുദായികവും സാമ്പത്തികവും സംസ്കാരപരവുമായ ദേശീയതത്തിൻെറ ആവശ്യനിൎവ്വഹണത്തിന് ഉതകത്തക്കവണ്ണം രൂപവൽക്കരിച്ചിരിക്കുന്നു.

സ്ത്രീവിദ്യാഭ്യാസത്തിലും ജൎമ്മനി പ്രത്യേകം നില്ക്കുന്നു. സ്ത്രീകൾ മാതാക്കളും ഭാൎയ്യമാരും ആയിരിക്കേണ്ടവരാണ്. അവരുടെ ജോലി, നയിക്കുകയല്ല; അനുഗമിക്കുകയാണ്. സഹവിദ്യാഭ്യാസം ഇവിടെ ഇല്ല. സ്ത്രീവിദ്യാലയങ്ങളിൽ ഗൃഹഭരണം സുകുമാരകലകൾ ഗൃഹ്യങ്ങളായ തൊഴിലുകൾ ഇവ പ്രധാനമായി ശീലിപ്പിച്ചുവരുന്നു. രാഷ്ട്രീയകാൎയ്യങ്ങളിൽ അവൎക്കു സ്ഥാനമില്ല. സ്ത്രീകൾക്ക് അനുരൂപമായ മററു തൊഴിലുകളിൽ പ്രവേശിക്കുവാൻ ഇച്ഛിക്കുന്ന ചുരുക്കം വനിതകൾക്കു മാത്രമെ പുരുഷന്മാൎക്കുള്ള വിദ്യാലയങ്ങളിൽ പ്രവേശനമുള്ളു.

ജൎമ്മൻ വിദ്യാഭ്യാസപ്രവൎത്തകന്മാൎക്കു വിദ്യാലയങ്ങളെ സമുദായത്തിൽ ലയിപ്പിക്കണമെന്നാണ് ആഗ്രഹം. ഇന്നു വിദ്യാഭ്യാസവും സാമുദായികകൃത്യങ്ങളും തമ്മിലുള്ള വിദൂരതയെ നിശ്ശേഷം നീക്കണമെന്നാണ് ഈ പ്രസ്ഥാനത്തിൻെറ പിന്നിൽ നില്ക്കുന്ന മൗലികതത്വം.

വിദ്യാഭ്യാസപ്രവൎത്തകന്മാർ ജൎമ്മനിയുടെ വിദ്യാഭ്യാസപരീക്ഷണങ്ങളിൽനിന്നും ഒരു കാൎയ്യം ഗ്രഹിക്കാനുണ്ട്. വിദ്യാഭ്യാസം ഇനി സാമുദായികസ്ഥിതിഭേദത്തെ അനുസരിച്ചു പ്രവൎത്തിക്കാതിരിക്കാൻ പാടില്ല. വി

ല്യാലയങ്ങളെ അവയെ വലയം ചെയ്യുന്ന സങ്കുചിതവും ഉപരിപ്ലവവുമായ പരിതസ്ഥിതികളിൽ നിന്നു മോചിപ്പിക്കുന്നതിനു നമ്മുടെ ദേശീയവും സാമുദായികവും ആയ ആദൎശങ്ങളെ ഒരു വിശാലവും സാൎവത്രികവുമായ അടിസ്ഥാനത്തിന്മേൽ പ്രതിഷ്ഠിക്കേണ്ടതു് അത്യാവശ്യമാണ്.

ഇൻഡ്യയ്ക്കു് ഒരു ദേശീയവിദ്യാഭ്യാസത്തിന്റെ മാതൃക ജൎമ്മനി നല്കുന്നു. ദേശീയവിദ്യാഭ്യാസത്തിന്റെ അടിസ്ഥാനമായി സ്വീകരിക്കുന്നതിനു രാജ്യത്തിന്റെ സാമുദായികവും രാഷ്ട്രീയകവുമായ ആദൎശത്തെ വ്യക്തമായി നിൎണ്ണയിക്കേണ്ടതു് അത്യാവശ്യമാണ്. വിദ്യാഭ്യാസപ്രവൎത്തകന്മാർ ഇൻഡ്യൻസമുദായത്തിന്റെ ന്യൂനതകളേയും ആവശ്യങ്ങളേയും പരിഗണിച്ചു് ആവഴിക്കുവേണം വിദ്യാഭ്യാസപ്രശ്നത്തെ സമീപിക്കുവാൻ. സമുദായത്തിന് ഒരു സജീവമായ ഐക്യത നൽകി അതിനു ശക്തിയുണ്ടെന്നുള്ള ബോധം ജനിപ്പിക്കുകയാണു വിദ്യാഭ്യാസത്തിന്റെ പരമലക്ഷ്യമായിരിക്കേണ്ടതു്. സാമ്പത്തികപുനരുദ്ധാരണത്തിനു യോജിക്കുന്നതായ ഒരു പദ്ധതിയാണ് ഇന്നു രൂപവൽക്കരിക്കേണ്ടതു്. ഇൻഡ്യൻസംസ്കാരത്തിന്റെ ഛായയാണു വിദ്യാഭ്യാസപദ്ധതി രൂപവൽക്കരിക്കുന്നതിനു നാം സ്വീകരിക്കേണ്ട മാനദണ്ഡം. ഇതാണു നമ്മുടെ ദേശീയവിദ്യാഭ്യാസത്തിന്റെ പ്രധാന അടിസ്ഥാനമായിരിക്കേണ്ടതു്. *

# പുസ്തകാഭിപ്രായം.

:o:

## ബാലാലങ്കാരം.

(ഒരു ലഘുവായ അലങ്കാരഗ്രന്ഥം)

ഗ്രന്ഥകൎത്താ:— പേരൂക്കട എം. കൊച്ചപ്പൻ.

ഭാഷയിൽ അലങ്കാരഗ്രന്ഥങ്ങളായി കുവലയാനന്ദവും ഭാഷാഭൂഷണവും മാത്രമേ ഉള്ളു എന്നാണു ഞങ്ങളുടെ അറിവ്. കുവലയാനന്ദത്തിന്റെ പ്രതിപാദനരീതി അത്ര തൃപ്തികരമല്ലാത്തതുകൊണ്ടാണു പരേതനായ രാജരാജവൎമ്മകോയിത്തമ്പുരാൻ ഭാഷാഭൂഷണം നിൎമ്മിച്ചതു്. അലങ്കാര

* (ഡാക്ടർ ഖെയർ മാഡേൺറവ്യൂവിൽ എഴുതിയിരുന്ന ലേഖനത്തിലെ ഏതാനും ഭാഗങ്ങൾ.

ശാസ്ത്രത്തിൽ നല്ല പാണ്ഡിത്യമുള്ളവരെ സംബന്ധിച്ചേടത്തോളം പ്രസ്തുത ഗ്രന്ഥം ഉദ്ദേശ്യസാദ്ധ്യത്തിന്നു ധാരാളം മതിയാവുന്നതാണ്. പക്ഷെ ഇന്നുള്ള ഹൈസ്കൂൾ മുൻഷിമാരെല്ലാം ഈ വിഷയത്തിൽ അത്ര പാണ്ഡിത്യമുള്ളവരാണെന്നു ഞങ്ങൾക്കു ബോദ്ധ്യമില്ല. പാണ്ഡിത്യമുള്ളവരാണെങ്കിൽതന്നെ അവരുടെ അഭ്യസനരീതി അത്ര തൃപ്തികരവുമല്ല. പാഠപുസ്തകങ്ങളെല്ലാം പഠിപ്പിച്ചുകഴിഞ്ഞതിന്റെശേഷം ഈ വിഷയത്തിൽ പരീക്ഷയ്ക്കു് ഒന്നോ രണ്ടോ ചോദ്യങ്ങൾ വരുമെന്നുകരുതി ചില അലങ്കാരങ്ങളുടെ പേരുകളും ലക്ഷണങ്ങളും വിദ്യാർത്ഥികൾക്കു പറഞ്ഞുകൊടുക്കുകയാണു സാധാരണയായി മുൻഷിമാർ ചെയ്തുവരുന്നതു്. അതിനാൽ അവതാരികാകർത്താവു പറയുന്നതുപോലെ അലങ്കാരശാസ്ത്രം വിദ്യാലയങ്ങളിൽ നാമമാത്രമായിട്ടേ പഠിപ്പിച്ചുവരുന്നുള്ളൂ.

സംഗീതരസാസ്വാദനത്തിന്നു രാഗജ്ഞാനം എത്രത്തോളം ആവശ്യമാണോ അത്രതന്നെ കാവ്യരസാമൃതം അനുഭവിക്കാൻ അലങ്കാരജ്ഞാനവും ആവശ്യമാണ്. 'പൊൻനൂൽ വിരിപ്പിട്ടു നിന്നി—തണിയായ് കൊലയാനകൾ' എന്ന വാക്യത്തിന്നു യാതൊരു ചമൽക്കാരവുമില്ല. എന്നാൽ 'ചാരുബാലാതാപംപൂണ്ട-ശൈലശൃംഗങ്ങൾ മാതിരി' എന്നുകൂടി ചേർക്കുമ്പോഴാണ് അതു യഥാർത്ഥകവിതയായിത്തീരുന്നതു്. ഇതുപോലെ പല ദൃഷ്ടാന്തങ്ങളെടുത്തുകാണിച്ചു് അവയിലെ കാവ്യത്വത്തെ വെളിപ്പെടുത്തുന്നപക്ഷം വിദ്യാർത്ഥികൾക്കു് അലങ്കാരങ്ങളുടെ സ്വഭാവം എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയുന്നതാണ്. ഈ തത്വം "ബാലാലങ്കാര"കർത്താവു നല്ലവണ്ണം മനസ്സിലാക്കിട്ടുണ്ടു്. ആദ്യം കാരിക, പിന്നെ വ്യാഖ്യാനം അനന്തരം ദൃഷ്ടാന്തങ്ങൾ എന്ന ക്രമംവിട്ടു ദൃഷ്ടാന്തത്തിൽനിന്നു് അനുമാനം, അതായതു് 'ലക്ഷ്യത്തിൽനിന്നു' ലക്ഷണം എന്ന രീതിയെയാണു ഗ്രന്ഥകാരൻ കൈക്കൊണ്ടിരിക്കുന്നതു്. ഇതെത്രയും ഉചിതമായിട്ടുണ്ടു്. എന്നാൽ ഇവിടെ ഞങ്ങൾക്കൊന്നു പറവാനുള്ളതു ദൃഷ്ടാന്തശ്ലോകങ്ങൾ മൂന്നോ നാലോ ആദ്യംതന്നെ കൊടുത്തിരുന്നെങ്കിൽ അലങ്കാരസ്വഭാവം കുറേക്കൂടി വ്യക്തമാക്കാമായിരുന്നു എന്നുള്ളതാണ്. ഏതുവിധമായാലും ബാലവിദ്യാർത്ഥികൾക്കുകൂടി വായിച്ചു മനസ്സിലാക്കത്തക്കരീതിയിലെഴുതീട്ടുള്ള പ്രസ്തുതഗ്രന്ഥം അദ്ധ്യാപകന്മാർക്കും അദ്ധ്യേതാക്കൾക്കും ഒരുപോലെ ഉപകാരപ്രദമായിട്ടുള്ളതാകുന്നു. ഇതിൽ സാമ്യോക്തിപ്രകരണംമാത്രമേ അടങ്ങീട്ടുള്ളുവെങ്കിലും ഇതരഭാഗങ്ങൾ ഉടനെ പ്രസിദ്ധപ്പെടുത്തുന്നതാണെന്നു് അറിയുന്നു. ഗ്രന്ഥകാരന്റെ ശ്രമം സർവ്വഥാ അഭിനന്ദനാർഹമാകുന്നു.

## ശന്തനു അഥവാ സൂര്യവംശത്തിലെ ഭീഷ്മർ.

ഗ്രന്ഥകർത്താ:— പേരുക്കടെ എം. കൊച്ചപ്പൻ.

ലക്ഷ്മണൻ നമ്പൂരിപ്പാട്ടിലെ അഭിനവഭീഷ്മൻെറ ചരിത്രം തന്നെയാണ് ഈ ലഘുകാവ്യത്തിലെ ഇതിവൃത്തം. കഥയ്ക്കു വലിയ ചമൽക്കാരമുണ്ടെന്നു പറഞ്ഞുകൂടാ. എന്നാൽ ഇതിലെ ശ്ലോകങ്ങളെല്ലാം സരസമധുരങ്ങളാകുന്നു. മാതിരി കാണിപ്പാൻ ചിലതു താഴെ ചേർക്കുന്നു.

1. മതങ്ങൾ വിശ്വാസമിവററ നിത്യ-
മാവ്യക്തിബന്ധങ്ങളറുക്കയാലെ
പരസ്പരാകർഷണമററഗോള-
ഗണംകണക്കീഭുവനം നശിപ്പൂ.

2. മുഴത്ത ജാതിക്കറ, വർഗ്ഗവൈരം
മതപ്പിണക്കം മുതലായവററാൽ
അടിച്ചുതമ്മിൽ തലതാറുമാററായ്-
ക്കീറുന്നിതാ ദുഷ്ടമൃഗങ്ങൾപോലെ.

3. നവീനമാം നാഗരികത്വമേവ-
മാണെങ്കിലയ്യോ മമ ഭാരതാംബേ!
നിൻപുത്രരിങ്ങായതു വേണ്ട വേണ്ടെ-
ന്നിതാ! വിളിപ്പൂ സ്വയമേകകണ്ഠം.

'ഇതിലെ ആശയങ്ങളും ആദർശങ്ങളും സർവ്വത്ര വിശുദ്ധങ്ങളത്രേ എന്നു ബ്രഹ്മശ്രീ സി. എസ്. സുബ്രഹ്മണ്യൻപോററി അവതാരികയിൽ പറഞ്ഞിരിക്കുന്നതിനോട്ട് സഹൃദയന്മാർ യോജിക്കാതിരിക്കയില്ല. വാസനാകവിയായ ശ്രീമാൻ കൊച്ചപ്പൻെറ തൂലികയിൽനിന്നു മേലാലും വിശിഷ്ടങ്ങളായ അനേകകാവ്യരത്നങ്ങൾ പുറപ്പെടുവാൻ എടയുണ്ടെന്നു പറവാൻ ഞങ്ങൾ ഒട്ടുംതന്നെ സംശയിക്കുന്നില്ല.

## ബാഷ്പാഞ്ജലി.

ഗ്രന്ഥകർത്താ:— ചങ്ങമ്പുഴ കൃഷ്ണപിള്ള,
ബി. വി. ബുക്ക്ഡിപ്പോ തിരുവനന്തപുരം.

വില ക. 1.

ശ്രീമാൻ ചങ്ങമ്പുഴ കൃഷ്ണപിള്ള പത്രങ്ങളിലും മാസികകളിലുമായി പ്രസിദ്ധപ്പെടുത്തിയ കവിതകളെല്ലാം ഒന്നിച്ചുചേർത്ത് അച്ചടിച്ചതാണു ഞങ്ങളുടെ മുമ്പിലിരിക്കുന്ന പുസ്തകം. ഓരോ കാവ്യഖണ്ഡവും ശ്രവണമധുരങ്ങളായ പദങ്ങൾകോർത്ത ഓരോ മാലയാണെന്നുവേണം പറയാൻ. ദ്രാവിഡവൃത്തങ്ങളിൽ കവിതയെഴുതുന്നതിൽ കവിക്കുള്ള പാടവം പ്രശംസനീയമാണ്.

കളകള കോകിലാലാപലോലം
കമനീയകാമദപുഷ്പകാലം
മധുപാനമത്തമധുപഗീതം
മധുരസുരഭിയാം മന്ദവാതം
മലർനിരമേളിച്ചമഞ്ജുവാടം
മരതകപ്പച്ചവിരിച്ചപാടം
വിജനവിലാസലതാനികുഞ്ജം
ഭജനവിലോലയെൻ പുണ്യപുഞ്ജം.

*    *    *    *

വഴിയുമമന്ദാക്ഷമന്ദഹാസം
വദനാരവിന്ദനവവിലാസം
ഇവരണ്ടുംപോരുമെൻ ജീവിതത്തിൽ
പരിതൃപ്തി തൂകുവാനീജഗത്തിൽ
മധുവിധു കാലമിതെത്രരമ്യം!
മഹിയിലിതൊന്നല്ലാതെന്തുകാമ്യം?

മേലെഴുതിയ വരികൾ സംഗീതമട്ടിൽ ചൊല്ലിക്കേൾക്കുമ്പോളു ണ്ടാവുന്ന സുഖം അനുഭവിച്ചറിയേണ്ടതു തന്നെയാകുന്നു. എന്നാൽ ഇതിലെ കവിതകളെല്ലാം ധ്വനിപ്രധാനമാണ്. അതിനാൽ സാധാരണ വായനക്കാർക്ക് കവിയുടെ ആശയം മനസ്സിലാക്കുക അത്ര എളുപ്പമല്ല. 'ആ പൂമാല' എന്ന കവിതയെപ്പററി പ്രസാധകൻതന്നെ പറഞ്ഞിരിക്കുന്നതു് എന്താണെന്നുനോക്കുക. "സ്ത്രീയുടെ പ്രണയം, സ്വഭാവശുദ്ധി, ആയിരിക്കാം ഈ പൂമാല. അഥവാ രാജസദ്ധാടികളിൽ അസംതൃപ്തയായ കൈരളി യഥാൎത്ഥ കവിത തേടിനടക്കുകയും ആകാമല്ലൊ." ഇതിൽനിന്നു വായനക്കാരുടെ മനോധൎമ്മംപോലെ കവിതയ്ക്കു് അൎത്ഥം ഉണ്ടാക്കിക്കൊള്ളണമെന്നാണല്ലൊ വരുന്നതു്. ഇതു കുറെ കഷ്ടമല്ലെ? ഇങ്ങനെയുള്ള കവിതകൾ വ്യാഖ്യാനത്തോടുകൂടി പ്രസിദ്ധപ്പെടുത്തുന്നതു് വായനക്കാൎക്കു് ഉപകാരപ്രദവും ആശ്വാസപ്രദവുമായിരിക്കുമെന്നു മാത്രമെ ഞങ്ങൾക്കു പറവാനുള്ളു.

# കുറിപ്പുകൾ.

## കവിത.

യഥാൎത്ഥ "കവിത" കടലാസ്സിലുള്ള വാക്കുകളല്ല. അതു മനസ്സിൻേറയും ആത്മാവിൻേറയും ഒരു ഭാവവിശേഷം മാത്രമാണ്. വാക്കുകളാകട്ടെ, കവികൾ കവിതയെ ബന്ധിക്കുന്ന വാഗുരയുടെ ചരടുകൾ മാത്രമാണ്. കാവ്യങ്ങൾ മനുഷ്യൻെറ ദിവാസ്വപ്നങ്ങളാണ്. നാമെല്ലാവരും ദിവാസ്വപ്നശീലന്മാരുമാണ്. കവിത ശബ്ദരൂപത്തിലുള്ള വികാരവും ഗദ്യം മേൽപ്രകാരമുള്ള ചിന്തയും ആണ്. നാമെല്ലാവരും ശബ്ദരൂപത്തിൽ വികാരം പ്രദൎശിപ്പിക്കുന്നവരാകുന്നു. സ്വപ്നങ്ങൾ മിക്കവാറും അടക്കപ്പെട്ട ആഗ്രഹങ്ങളുടെ ലാഞ്ഛനരൂപേണയുള്ള സന്തൎപ്പണമാകുന്നതുപോലെ ദിവാസ്വപ്നങ്ങളും മിക്കവാറും നമ്മുടേയും നാം ആത്മാൎത്ഥമായി സ്നേഹിക്കുന്നവരുടേയും ന്യൂനതകൾക്കുള്ള ആത്മീയപരിഹാരമാണ്. നമ്മിൽ പലരും പ്രണയവശംവദരായിരിക്കുമ്പോൾ കവികളായിരിക്കും. എന്നാൽ വിവാഹത്തിനു മുമ്പാണ് സാമാന്യത്തിലധികം കവിതകൾ നാം എഴുതുന്നതു്. ഇപ്രകാരം കവിത നാം സ്വപ്നംകാണുന്നതിനേയും നമുക്കു കുറവുള്ളതിനേയും നാം ആഗ്രഹിക്കുന്നതിനേയും വെളിപ്പെടുത്തുന്നു. ഇതു നാം അഭിമാനിക്കുന്നതുകൊണ്ടു നമ്മുടെ സ്വന്തം ആക്കുന്നതും നാം സ്വയമേവ സൃഷ്ടിക്കുന്നതും ആയ കാൎയ്യങ്ങളേയും ദിവാസ്വപ്നങ്ങളേയും സംബന്ധിച്ചും ഒരുപോലെ വാസ്തവം ആകുന്നു.

## അമേരിക്കയിലെ വിവിധമായ വിദ്യാഭ്യാസം.

വാസ്തവത്തിൽ അമേരിക്കയിൽ മനുഷ്യാവകാശങ്ങളെ ജീവിതം, സ്വാതന്ത്ര്യം, വിദ്യാഭ്യാസം ഇവയിലേക്കു തിരിച്ചിരിക്കയാണെന്നു തോന്നുന്നു. അവിടെ വിദ്യാലയങ്ങളെ സ്വാതന്ത്ര്യപ്രാകാരങ്ങളായി സൃഷ്ടിച്ചുകഴിഞ്ഞു. സാമാന്യവിദ്യാഭ്യാസം സാമുദായികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെയെല്ലാം അഭിമുഖീകരിക്കുന്നതിനു പൎയ്യാപ്തമാണെന്ന് അമേരിക്കാക്കാർ പൂൎണ്ണമായി വിശ്വസിച്ചുകഴിഞ്ഞു. ഈ വിശ്വാസത്തോടുകൂടി അവർ രാജ്യത്തിലുള്ള സകല ശിശുക്കൾക്കും വിദ്യാഭ്യാസസൌകൎയ്യം നൽകുന്നതിനു ഭരമേററു. അവർ അതു് ഒട്ടുമിക്കവാറും സാധിച്ചുകഴിഞ്ഞു. മററു രാജ്യങ്ങളെ അതിശയിക്കുന്നവിധത്തിൽ എല്ലാത്തരം വിദ്യാലയങ്ങളിലും കലാലയങ്ങളിലും സാൎവ്വത്രികവും സൌജന്യപരവുമായ വിദ്യാഭ്യാസം വേണമെന്നുള്ള മോഹവും സഫലമായി. പന്ത്രണ്ടുവയസ്സിനു മേൽ പ്രായമുള്ള കുട്ടികളിൽ 53 ശതമാനം ഉയൎന്നതരം വിദ്യാലയങ്ങളിൽ ഇന്നു പഠിക്കുന്നുണ്ട്. ഇതു് ഇംഗ്ലണ്ടിലും, ജൎമ്മനിയിലും ഫ്രാൻസിലുമുള്ള സംഖ്യയുടെ തി

ഗുണ്ണമാണ്. കാളേജുകളിലും സർവ്വകലാശാലകളിലുമായിട്ടു പത്തു ലക്ഷത്തിലധികം യുവപൌരന്മാർ ഉണ്ടു്. ഇതു് അന്യദേശക്കാർ സ്വപ്നേപി ഗണിക്കാത്ത സംഖ്യയാണ്. ആകപ്പാടെ 3 കോടി വിദ്യാർത്ഥികൾ അതായതു ജനസംഖ്യയിൽ നാലിൽ ഒരുഭാഗം എല്ലാത്തരം വിദ്യാലയങ്ങളിലും ആയി പഠിക്കുന്നുണ്ടു്.

# Ravi Varma The Artist.

**(K. P. Tampy)**

We are extremely glad to welcome the brochure before us as it supplies a long felt want. Many distinguished Travancoreans have lived and died and their memory enduring and inspiring as it ought to be has unhappily been consigned to oblivion. It is a sad commentary on the gratitude of us Travancoreans which does not go much beyond expressing our deep regret at the time of their death. It is some 28 years since Ravi Varma Raja died and the incidents of his life are fast sinking into oblivion. Mr. Tampy's memoir therefore has bot come too soon.

Mr. Ravi Varma Raja the talented artist was one of the few distinguished Travancoreans who have achievd not merely an Indian but a world-wide reputation. His pictures have been greatly admired and appreciated both in Europe and America and have won gold medals at many of the Fine Arts Exhibtions in and out of India. But apart from his rare reputation as an artist he had rare qualities of head and heart which endeared him to his friends and admirers. He was a man of high moral character and a perfect gentleman, simple, courteous, and straight for ward in his manners with a kind word to all those who came in contact with him high or low.

We have gone through the book and we are glad to say that Mr. Tampy has done full justice to the merits of the gifted artist whose memory it is intended to honour. Mr. Tampy's aesthetic sense has enabled him to rate the artist's productions at their real worth and enter fully into the spirit and beauty that pervade the creations of his genius. We wish the author would in time bring out a more detailed history of his life and life work.

# ഡാക്ടർ വർണോഫിൻെറ ചില അഭിപ്രായങ്ങൾ.

പ്രസിദ്ധശാസ്ത്രജ്ഞനും, മനുഷ്യനു നിത്യയൗവ്വനചൈതന്യം നൽകുന്നവനുമായ ഡാക്ടർ വർണോഫ് ഇൻഡ്യയിൽ വന്നപ്പോൾ ഒരു പത്രപ്രതിനിധിയോടു പറഞ്ഞ ചില അഭിപ്രായങ്ങൾ.

വാർദ്ധക്യത്തിനുള്ള കാരണങ്ങളിൽ ഒന്നു് (Large Intestines) ആമാശയത്തിൽ ചില പ്രത്യേക അണുജീവികളുടെ വർദ്ധനവാണെന്നും ഈ അണുജീവികൾ ദേഹത്തെ മുഴുവൻ വിഷമയമാക്കി നശിപ്പിക്കുന്നുവെന്നും മോരിലും തൈരിലുമുള്ള ചില വിഭാഗങ്ങൾക്കു് ഈ അണുജീവികളെ നശിപ്പിക്കുവാനുള്ള ശക്തിയുണ്ടെന്നും ഉള്ള സിദ്ധാന്തത്തോടു് എത്രകണ്ടു യോജിക്കുന്നുണ്ടു് എന്നുള്ള ചോദ്യത്തിനു ഡാക്ടർ പറഞ്ഞതിങ്ങനെയാണു്.

ഈ സിദ്ധാന്തം ശാസ്ത്രീയമായി നോക്കുന്നതായാൽ വളരെ ശരിയാണു്. പാലു് ഉറയ്ക്കുന്ന അവസരത്തിൽ ചില പരമാണുജീവികൾ ഉണ്ടാകുന്നുണ്ടു്. അവയ്ക്കു വലിയ കുടലിലുള്ള ആപല്ക്കരങ്ങളായ പരമാണുജീവികളെ നശിപ്പിക്കുവാനുള്ള ശക്തി ഉണ്ടു്. മോരും തൈരും അതുകൊണ്ടു് ആരോഗ്യകരവും ദീർഘായുഃപ്രദവുമായ ഭക്ഷണസാധനങ്ങളാകുന്നു.

* * * * * * * *

ശരീരത്തിലെ അവയവങ്ങളുടെ പ്രവൎത്തനങ്ങളെ നിയന്ത്രിക്കുന്നതു ഗ്രന്ഥി (Glands) കളാണു്. ശരീരശാസ്ത്രത്തിലെ ഈ തത്വത്തെ ആസ്പദമാക്കിയാണു ഡാക്ടർ വർണോഫ് അദ്ദേഹത്തിൻെറ ഈ ചികിത്സാസമ്പ്രദായം കണ്ടുപിടിച്ചതും നടപ്പിൽ വരുത്തിയിട്ടുള്ളതും. ഈ ഗ്രന്ഥികൾ അനാരോഗ്യപ്രദമായ ജീവിതരീതികൾകൊണ്ടു ക്ഷീണിക്കുമ്പോൾ ശരീരമൊന്നാകെ ചൈതന്യഹീനമാവുകയും ഈ സ്ഥിതി ഇപ്രകാരംതന്നെ നിലനില്ക്കുകയൊ വർദ്ധിക്കുകയൊ ചെയ്യുമ്പോൾ മനുഷ്യനെ ജരയും വാർദ്ധക്യവും ബാധിക്കുകയും ചെയ്യുന്നു. തൽഫലമായി മരണവും സംഭവിക്കുന്നു. മൃഗങ്ങളിൽവച്ചു മനുഷ്യരക്തത്തോടു തുല്യമായ രക്തം കുരങ്ങിനാണുള്ളതു്. ഡാക്ടർ വർണോഫ് പ്രധാനപ്പെട്ട മൂന്നു ഗ്രന്ഥികൾ കുരങ്ങിൽനിന്നെടുത്തു മനുഷ്യശരീരത്തിൽ അതാതു സ്ഥാനങ്ങളിൽ ഒട്ടിക്കയാണു ചെയ്യുന്നതു്. ഇങ്ങനെ ഒട്ടിച്ചു പിടിപ്പിക്കേണ്ടതായ ഗ്രന്ഥികൾ; 1. വൃഷണവും 2. തയിറോയിഡ് (കഴുത്തിൻെറ മുൻവശത്തുള്ള ഒരു ഗ്രന്ഥി.) 3. പിച്ചുററി (കഴുത്തിൻെറ പിൻവശത്തുള്ള ഒരു ഗ്രന്ഥി) ഇതുകളാണു്. ലിംഗഭേദമനുസരിച്ചു് ആൺ, പെൺ കുരങ്ങുകളെ ഇതിനുപയോഗിക്കുകയും വേണം. ഇങ്ങനെ ഗ്രന്ഥികൾ ഈ ആവശ്യത്തിനുവേണ്ടി എടുക്കപ്പെടുന്ന കുരങ്ങു മരിച്ചുപോകുന്നില്ല. പെട്ടെന്നു ചൈതന്യം അററു് അകാലവാർദ്ധക്യം പ്രാപിച്ച ശരീരം സ്ഥൂലിച്ചു് അതു പിന്നെയും ജീവിക്കുന്നു.

"സഹോദരൻ"